# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നീലേശ്വരം മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 4/101/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 29/02/2024
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
നീലേശ്വരം മുനിസിപ്പാലിറ്റി

സർ,

**വിഷയം : നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.മെയിൽ)
2) ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ് (അർബ്ബൻ), തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസറഗോഡ്
4) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 4/101/2024 തീയ്യതി: 29/02/2024

## കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 35 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അഗസ്റ്റ്യൻ ഒ.കെ | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 18-01-2024 | 27-01-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-01-2024 | 27-01-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.വിനോദ് കുമാർ.സി, ഓഡിറ്റ് ഓഫീസർ

ശ്രീ.വിനോദ് കുമാർ.വി, ഓഡിറ്റ് ഓഫീസർ

ശ്രീ.തോമസ്.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.രഘുനാഥൻ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സുനിൽകുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അരുൺ ദേവ് വി.ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഹരിവേണുഗോപാലൻ,കെ.വി ,ഓഡിറ്റർ

ശ്രീമതി.ബിന്ദു.വി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ടി.വി .ശാന്ത | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീ.ഫിറോസ് ഖാൻ .എ | സെക്രട്ടറി | 01-04-2022 | 01-09-2022 |
| ശ്രീ.മനോജ് കുമാർ. കെ | സെക്രട്ടറി | 02-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.പ്രകാശ് | പ്രൊജക്റ്റ് ഓഫീസർ നഗര ദാരിദ്ര്യ ലഘൂകരണ വിഭാഗം | 01-04-2022 | 31-03-2023 |
| ശ്രീ.ഷിജോ കെ.എ | കൃഷി ഓഫീസർ | 01-04-2022 | 03-06-2022 |
| ശ്രീമതി.രേഷ്മ.കെ.പി | കൃഷി ഓഫീസർ | 04-06-2022 | 26-06-2022 |
| ശ്രീ.ഷിജോ. കെ.എ | കൃഷി ഓഫീസർ | 27-06-2022 | 30-09-2022 |
| ശ്രീമതി.നിഷ.ജി | കൃഷി ഓഫീസർ | 01-10-2022 | 28-10-2022 |
| ശ്രീമതി.രേഷ്മ.കെ.പി | കൃഷി ഓഫീസർ | 29-10-2022 | 30-12-2022 |
| ശ്രീ.അരുൺ കുമാർ ടി.ടി | കൃഷി ഓഫീസർ | 31-12-2022 | 31-03-2023 |
| ശ്രീമതി.രജിത പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.നിഷ.ബി | പ്രിൻസിപ്പാൾ ഗവ.വെക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ | 01-04-2022 | 31-03-2023 |
| ശ്രീ.സതീഷ് കുമാർ പി.വി | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.രാഗേഷ്.പി.വി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.ജമാൽ അഹമ്മദ്.എ | സൂപ്രണ്ട് , താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി , നീലേശ്വരം | 01-04-2022 | 11-08-2022 |
| ഡോ.മനോജ്.എ.ടി | സൂപ്രണ്ട് , താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി , നീലേശ്വരം | 12-08-2022 | 31-03-2023 |
| ഡോ.ജ്യോതി.കെ.എം | സൂപ്രണ്ട്, NKBM ഗവ.ഹോമിയോ ഹോസ്പിറ്റൽ നീലേശ്വരം | 01-04-2022 | 31-03-2023 |
| ഡോ.പ്രിയ.കെ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ.പ്രദീപ് കുമാർ.വി.വി | സീനിയർ വെറ്റിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീ.മിലൻ.വി.കെ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.മോഹനൻ.പി.പി | ഹെൽത്ത് സൂപ്പർവൈസർ | 01-04-2022 | 30-09-2022 |
| ശ്രീമതി.നാരായണി.ടി | ഹെൽത്ത് സൂപ്പർവൈസർ (ഇൻ ചാർജ്ജ്) | 01-10-2022 | 13-12-2022 |
| ശ്രീ.അജിത്.ടി | ഹെൽത്ത് സൂപ്പർവൈസർ | 14-12-2022 | 12-02-2023 |
| ശ്രീമതി.സ്മിത.പി.പി | ഹെൽത്ത് സൂപ്പർവൈസർ (ഇൻ ചാർജ്ജ്) | 13-02-2023 | 12-03-2023 |
| ശ്രീ.അജിത്.ടി | ഹെൽത്ത് സൂപ്പർവൈസർ | 13-03-2023 | 31-03-2023 |
| ശ്രീ.പോൾ.എം.എഫ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 01-12-2022 |
| ശ്രീ.അനിൽ കുമാർ എ.ജി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 02-12-2022 | 02-12-2022 |

| | | | |
|---|---|---|---|
| ശ്രീ.ശ്യാം ചന്ദ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 03-12-2022 | 02-01-2023 |
| ശ്രീ.സുബാഷ് സി.എൽ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 03-01-2023 | 03-02-2023 |
| ശ്രീമതി.ഐശ്വര്യ.എസ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 04-02-2023 | 31-03-2023 |
| ശ്രീ.രജീഷ് കുമാർ.സി | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 01-04-2022 | 21-04-2022 |
| ശ്രീ.ഉപേന്ദ്രൻ .പി.വി | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 22-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പ്രകാരമുള്ള തുകയിൽ നാളിതുവരേയും ലഭ്യമായിട്ടില്ലാത്തവയുടെ വിശദാംശം ലഭ്യമല്ല. | 1-1-2 |
| 4 | കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല | 1-1-4 |
| 6 | മിസലേനിയസ് അഡ്വാൻസ് ഇനത്തിൽ വർഷങ്ങളായി തുക നിലനിൽക്കുന്നു | 1-1-5 |
| 7 | ബാധ്യതഇനത്തിൽ വർഷങ്ങളായി നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമല്ല. | 1-1-6 |
| 8 | മറ്റ് ഗവൺമെന്റ് ഏജൻസീസ് എന്ന ഇനത്തിലെ തുക വർഷങ്ങളായി നിലനിൽക്കുന്നു. | 1-1-7 |
| 9 | ധനകാര്യ കമ്മീഷൻ അവാർഡ് നീക്കിയിരിപ്പ് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | തനതു വരുമാനം - കുടിശ്ശികയായി നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമല്ല. | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം | 1-7 |
| 17 | ക്യാഷ് ബാലൻസ് | 1-8 |
| 18 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 19 | ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പ്രകാരമുള്ള തുക നാളിതുവരേയും ലഭ്യമായിട്ടില്ല | 1-10 |
| 20 | ബാങ്ക് ഈടാക്കിയ മിനിമം ബാലൻസ് ചാർജ്ജ് തിരികെ ലഭിച്ചിട്ടില്ല | 1-11 |
| 21 | 2023ലെ വസ്തുനികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ. | 1-12 |
| 22 | ബിൽഡിംഗ് പെർമിറ്റ്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-13 |
| 23 | ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച് | 1-14 |
| 24 | വസ്തു നികുതി ഇനത്തിൽ വൻകുടിശ്ശിക | 1-15 |
| 25 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച് | 1-16 |
| 26 | തൊഴിൽ നികുതി-അപാകതകൾ | 1-17 |
| 27 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 1-18 |
| 28 | വ്യാപാരികളുടെ തൊഴിൽ നികുതി കുടിശ്ശിക സംബന്ധിച്ച് | 1-19 |
| 29 | മഴക്കാലപൂർവ്വ ശുചീകരണം- വാർഡ്തല ശുചിത്വപോഷണ സമിതികളുടെ അക്കൗണ്ടുകളിലേക്ക് തുക നൽകിയത്- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-20 |
| 30 | വൈദ്യുതി പോസ്റ്റ് ഷിഫ്റ്റിംഗ് -KSEB ക്ക് തുക നൽകിയത് - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-21 |
| 31 | 2022-23-സാമ്പത്തിക വർഷത്തിൽ നൽകിയ മുൻകൂർ ക്രമീകരിച്ചിട്ടില്ല | 1-22 |
| 32 | 2022 വർഷത്തെ ഓണം ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത്-മുഴുവൻ തുകയും തിരികെ പിടിച്ചിട്ടില്ല | 1-23 |
| 33 | നിലാവ് പദ്ധതി മീറ്ററിംഗ് സമ്പ്രദായം സ്ഥാപിക്കൽ പദ്ധതി -പൂർത്തീകരിച്ചിട്ടില്ല | 1-24 |
| 34 | കലാപ്രവർത്തകർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് -നഗരസഭാ വിഹിതം -പദ്ധതി | 1-25 |
| 35 | എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-26 |
| 36 | തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ-ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-27 |

| | | |
|---|---|---|
| 37 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് - രണ്ട് ലാപ്പ്ടോപ്പുകൾ വിതണം ചെയ്യിട്ടില്ല - മാർഗ്ഗരേഖപ്രകാരമുള്ള മോണിറ്ററിംഗ് നടത്തുന്നില്ല. | 1-28 |
| 38 | പി.എം.എ.വൈ ഭവന പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ച് | 1-29 |
| 39 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് &ബെയിലിംഗ് മെഷീൻ സ്ഥാപിക്കൽ പദ്ധതി - ഉപകരണങ്ങൾ പ്രവർത്തന സജ്ജമാക്കിയിട്ടില്ല- അപാകതകൾ | 1-30 |
| 40 | റിംഗ് കമ്പോസ്റ്റ് വിതരണം -സ്രോതസ്സിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല- വിതരണ രേഖകൾ അപൂർണ്ണം - മറ്റ് അപാകതകൾ– | 1-31 |
| 41 | ഓട ശുചീകരണം - നടപടിക്രമങ്ങളിൽ അപാകത | 1-32 |
| 42 | കുടിവെള്ള വിതരണം - രേഖകളുടെ സൂക്ഷിപ്പിൽ അപാകത | 1-33 |
| 43 | അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവിന് വിഹിതം നല്കിയത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-34 |
| 44 | പൂവാലംകൈ വനശാസ്ത അമ്പലം തോട് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി - DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാതെ MoRD സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധിക ചെലവ്. | 1-35 |
| 45 | മരാമത്ത് പ്രവൃത്തികളിൽ സ്കാരിഫൈ ചെയ്യുമ്പോൾ ലഭിക്കുന്ന സാമഗ്രികളുടെ ഡിസ്പോസൽ വിവരം രേഖപ്പെടുത്താത്തത് സംബന്ധിച്ച് | 1-36 |
| 46 | ഇ-ടെണ്ടറുകളിലെ ബിഡ് സർപ്പണ ഫീസ് വരവ് സംബന്ധിച്ച്. | 1-37 |
| 47 | നഗരസഭ പെൻഷൻ ഫണ്ട് അവലോകനം | 1-38 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പൂവാലംകൈ വനശാസ്ത അമ്പലം തോട് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി - DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാതെ MoRD സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധിക ചെലവ്. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ /വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 11/07/2023 തീയതിയിലെ 1/1 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 27/07/2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാസറഗോഡ്
തീയതി:

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കസറഗോഡ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 58 പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യപത്രികയുടെ അനുബന്ധമായി ഉൾപ്പെട്ടിട്ടില്ല. ഉദാ. അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ. അക്രൂവൽ അക്കൗണ്ടിംഗ് സംവിധാനം അനുവർത്തിക്കുന്നതിന്റെ മുന്നോടിയായി സ്വീകരിക്കേണ്ട നടപടികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ വാർഷിക കണക്കുകളിലും ധനകാര്യപത്രികകളിലും താൽക്കാലികമായി ഉൾപ്പെടുത്തിയിട്ടുള്ളതും സ്ഥീരീകരിക്കാത്തതുമായ തുകകൾ സംബന്ധിച്ച് അക്കൗണ്ട് കുറിപ്പുകളിലൂടെ സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തലുകൾ നടത്തിയിട്ടില്ല. കൂടാതെ അക്കൗണ്ട് നടപടികളിൽ പിന്തുടർന്നിട്ടുള്ള അക്കൗണ്ടിംഗ് സ്റ്റാർഡാർഡുകൾ, അക്കൗണ്ടിംഗ് റൂളുകൾ, അക്കൗണ്ടിംഗ് സിദ്ധാന്തങ്ങൾ/കീഴ് വഴക്കങ്ങൾ എന്നിവ സംബന്ധിച്ചും അക്കൗണ്ട് കുറിപ്പുകളിലൂടെ സെക്രട്ടറി ആവശ്യമായ വെളിപ്പെടുത്തലുകൾ നടത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം ചട്ടപ്രകാരമുള്ള എല്ലാ രേഖകളും ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-2 ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പ്രകാരമുള്ള തുകയിൽ നാളിതുവരേയും ലഭ്യമായിട്ടില്ലാത്തവയുടെ വിശദാംശം ലഭ്യമല്ല.

2022-23 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ - തനത് ഫണ്ട് ബാങ്കിന്റെ റീക്കൺസിലിയേഷൻ റിപ്പോർട്ട് പ്രകാരം മുൻവർഷങ്ങളിലും ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുള്ള 94618/- രൂപ തൻ വർഷവും നിലനിൽക്കുന്നു. (വിശദാംശം ഖണ്ഡിക 1-10 ൽ)

ചെക്ക്/ഡി.ഡി എന്നിവ ലഭിക്കുമ്പോൾ പണമാക്കുന്നതിനു വിധേയമായി എന്ന് വ്യക്തമായി രേഖപ്പെടുത്തിയ രസീത് നൽകേണ്ടതും ഏതെങ്കിലും ചെക്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതുമാണ്. മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതും രസീത് റദ്ദാക്കിയ വിവരം ചെക്ക് നൽകിയ ആളെ അറിയിക്കേണ്ടതും ബാങ്ക് ചാർജ്ജ് ഉൾപ്പെടെയുള്ള തുക ഒടുക്കുവാൻ ആവശ്യപ്പെടേണ്ടതും തുക ഒടുക്കുന്ന മുറയ്ക്ക് രസീത് നൽകേണ്ടതുമാണ്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ രേഖകളിൽ നിന്നും മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

മേൽ തുകളുടെ വിശദാംശം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/18.01.2024 ന് എസ്.ബി.ഐ തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വരാത്ത ചെക്കുകൾ , ആയവ സമർപ്പിച്ച വ്യക്തികൾക്ക് കത്ത് നൽകി അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-1-3 കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് നീക്കിയിരിപ്പ് പൊരുത്തപ്പെടുന്നില്ല

കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് നീക്കിയിരിപ്പിൽ ബി-2 ഷെഡ്യൂളിലേയും ബി-17 ഷെഡ്യൂളിലേയും തുകകൾ ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ബി-2 ഷെഡ്യൂൾ | ബി-17 ഷെഡ്യൂൾ |
|---|---|
| 28,72,828/- (PENSION FUND FOR CONTIGENT STAFF) | 1,00,628/- (PENSION FUND CANARA BANK) |

മേൽ പ്രകാരം തുകയിൽ വ്യത്യാസം വരാനുണ്ടായ കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/20.01.2024 ന് നഗരസഭാ കണ്ടിജന്റ് തൊഴിലാളികളുടെ മുൻ മാസങ്ങളിലെ ശമ്പള ബില്ലിൽ കാണിച്ചിട്ടുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുകകളാണ് പെൻഷൻ ഫണ്ട് ഫോർ കണ്ടിജന്റ് സ്റ്റാഫ് എന്ന ഹെഡ്ഡിൽ കാണിച്ചിട്ടുള്ളതെന്നും നഗരസഭാ കണ്ടിജന്റ് തൊഴിലാളികളുടെ പെൻഷൻ തനത് ഫണ്ടിൽ നിന്നും അനുവദിച്ചുവരുന്നതിനാൽ കനറാബാങ്കിലുള്ള പെൻഷൻ ഫണ്ട് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള 1,00,628/- രൂപയ്ക്ക് തുല്യമായ തുക മാത്രം പെൻഷൻ ഫണ്ട് ഫോർ കണ്ടിജന്റ് സ്റ്റാഫ് എന്ന ഹെഡ്ഡിൽ നിലനിർത്തി ബാക്കി തുക 2023-24 ൽ എ.എഫ്.എസ് തയ്യാറാക്കുമ്പോൾ

അനുയോജ്യമായ ഹെഡ്ഡിലേക്ക് മാറ്റുന്നതാണ് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ അപാകത പരിഹരിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.

## 1-1-4 ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷത്തെ ചുവടെ പറയുന്ന ഇനങ്ങളിലെ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

| കോഡ്, ഇനം | 2022-23 ഡിപ്രീസിയേഷൻ തുക (ബി-11 ഷെഡ്യൂൾ പ്രകാരം) | 2021-22 ഡിപ്രീസിയേഷൻ തുക (ബി-11 ഷെഡ്യൂൾ പ്രകാരം) |
|---|---|---|
| 411320100- വാട്ടർ വേയ്സ് | 2343 | 2343 |
| 411400100- പ്ലാന്റ് & മെഷീനറി | 174803 | 174803 |
| 411500100- വാഹനങ്ങൾ | 1458853 | 1458853 |
| 411600100- ഓഫീസ് & മറ്റ് ഉപകരണങ്ങൾ | 4545529 | 4545529 |
| 411700100- ഫർണീച്ചർ, ഫിക്സ്ചേഴ്സ്, ഫിറ്റിംഗ്സ് & ഇലക്ട്രിക്കൽ | 4079905 | 4079905 |
| 411800100- മറ്റ് സ്ഥിര ആസ്തികൾ | 21019917 | 21019917 |

മേൽ ഇനങ്ങൾക്ക് മുൻ വർഷം രേഖപ്പെടുത്തിയിട്ടുള്ള ഡിപ്രീസിയേഷൻ തന്നെയാണ് തൻവർഷവും നിലനിൽക്കുന്നത്.

ഡിപ്രീസിയേഷൻ രേഖപ്പെടുത്താത്തതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4/ 18.01.2024 ന് 2023-24 സാമ്പത്തിക വർഷത്തിൽ അപാകത പരിഹരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-1-5 മിസലേനിയസ് അഡ്വാൻസ് ഇനത്തിൽ വർഷങ്ങളായി തുക നിലനിൽക്കുന്നു

ധനകാര്യപത്രിക ബി-18 ഷെഡ്യൂളിൽ "460100700-മിസലേനിയസ് അഡ്വാൻസ് " ഇനത്തിൽ നിലനിൽക്കുന്ന 2182995/-രൂപയുടെ വിശദാംശം, ഈ തുക ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/19.01.2024 ന് മിസലേനിയസ് അഡ്വാൻസ് രജിസ്റ്ററിൽ കൃത്യത വരുത്തി അടുത്ത ഓഡിറ്റ് സമയത്ത് സമർപ്പിക്കുന്നതാണെന്നും ക്രമീകരിച്ച തുകയുടെ വിശദാംശങ്ങൾ ഹാജരാക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ തുകകൾ സംബന്ധിച്ച തുടർനടപടിവിവരം എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 1-1-6 ബാധ്യതഇനത്തിൽ വർഷങ്ങളായി നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമല്ല.

ധനകാര്യപത്രിക ബി-9 ഷെഡ്യൂളിൽ ചുവടെ പറയുന്ന തുകകൾ വർഷങ്ങളായി ബാധ്യതയായി നിലനിൽക്കുന്നു.

| ക്രമ നമ്പർ | ഇനം | വിശദാംശം |
|---|---|---|
| 1 | റെക്കറിംഗ് ഡെപ്പോസിറ്റ് (350200119) | 2017-18 മുതൽ 2193/- രൂപ നിലനിൽക്കുന്നു |
| 2 | റിക്കവറീസ് പേയബിൾ -ഐ.ടി ഡിഡക്റ്റ് @ സോഴ്സ്- മുനിസിപ്പൽ ഫണ്ട് (350200201) | 2019-20 മുതൽ 20/- രൂപ നിലനിൽക്കുന്നു |

| | | |
|---|---|---|
| 3 | റിക്കവറീസ് പേയബിൾ - വാറ്റ് - മുനിസിപ്പൽ ഫണ്ട് (350200209) | 2015-16 മുതൽ 229154/- രൂപ നിലനിൽക്കുന്നു |
| 4 | റിക്കവറീസ് പേയബിൾ കെ.സി.ഡബ്യൂ.ഡബ്യൂ.എഫ്- മുനിസിപ്പൽ ഫണ്ട് (350200214) | 2015-16 മുതൽ 14597/- രൂപ നിലനിൽക്കുന്നു |
| 5 | റീഫണ്ട് പേയബിൾ - സർവ്വീസ് സെസ്സ് (350400104) | 2015-16 മുതൽ 928/- രൂപ നിലനിൽക്കുന്നു |
| 6 | റിക്കവറീസ് പേയബിൾ - മറ്റ് റിക്കവറികൾ (350209900) | 2020-21 മുതൽ 10346/- രൂപ നിലനിൽക്കുന്നു |
| 7 | വാറ്റ് പേയബിൾ (350300400) | 2018-19 മുതൽ 116692/- രൂപ നിലനിൽക്കുന്നു |
| 8 | റീഫണ്ട് പേയബിൾ - ഗ്രാന്റ്സ് (350400500) | 2018-19 മുതൽ 106600/- രൂപ നിലനിൽക്കുന്നു |
| 9 | അദർ പേയബിൾസ് (350309900) | 123026/- രൂപ (2021-22 ലെ 121356/- രൂപയും തൻ വർഷത്തെ 1670/- രൂപയും ചേർത്ത് ആകെ 123026/- രൂപ നിലനിൽക്കുന്നു) |

മേൽ തുകകൾ ഒടുക്കുവരുത്താതെ വർഷങ്ങളായി നിലനിൽക്കുന്നതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/19.01.2024 ന് മേൽ കാണിച്ചിട്ടുള്ള ബാധ്യത തുകകൾ പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ തുകകൾ സംബന്ധിച്ച വിശദാംശം/തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

**1-1-7 മറ്റ് ഗവൺമെന്റ് ഏജൻസീസ് എന്ന ഇനത്തിലെ തുക വർഷങ്ങളായി നിലനിൽക്കുന്നു.**

ധനകാര്യ പത്രികയിൽ ബി-4 ഷെഡ്യൂളിൽ ചുവടെ പറയുന്ന ഇനത്തിലെ തുക വർഷങ്ങളായി നിലനിൽക്കുന്നു.

| ഇനം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|---|---|---|---|
| 320300100- Other Government Agencies | 4595 | 4595 | 4595 | 4726 (4595+ 131) | 4795 (4726+ 69) | 4867 (4795+ 72) | 4942 (4867+ 75) | 5020 (4942 + 78) |

320300100 എന്ന ഹെഡിലുള്ള തുക കാസറഗോഡ് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക് 300(i) എന്ന അക്കൗണ്ടിൽ നിന്നുള്ള പലിശ വരവാണ്.

മേൽ പ്രാകാരം തുക നിലനിൽക്കുന്നതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 7/19.01.2024 ന് അക്കൗണ്ടിൽ നിലനിൽക്കുന്ന 5020/- രൂപ ഭരണസമിതി തീരുമാനപ്രകാരം തനത്ഫണ്ടിലേക്ക് മാറ്റി അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ വിഷയം സംബന്ധിച്ച തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

**1-1-8 ധനകാര്യ കമ്മീഷൻ അവാർഡ് നീക്കിയിരിപ്പ് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.**

ധനകാര്യ കമ്മീഷൻ അവാർഡ് (ടൈഡ് & അൺടൈഡ്) നീക്കിയിരിപ്പിൽ ബി-4 ഷെഡ്യൂളിലേയും ബി-ഷെഡ്യൂളിലേയും തുകകൾ ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല

| ബി-4 ഷെഡ്യൂൾ പ്രകാരം | ബി-17 ഷെഡ്യൂൾ പ്രകാരം അക്കൗണ്ടിലെ | വ്യത്യാസം |
|---|---|---|

| | | |
|---|---|---|
| നീക്കിയിരിപ്പ് | നീക്കിയിരിപ്പ് | |
| ടൈഡ് - 23718791<br>അൺ ടൈഡ് - 12864126<br>36582917 | 37203305 | 6,20,388/- |

മേൽ പ്രകാരം 6,20,388/- രൂപയുടെ വ്യത്യാസത്തിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/19.01.2024 ന് 6,20,388/- രൂപ അധികമായി ക്യാപിറ്റൽ കോൺട്രിബ്യൂഷൻ – മറ്റുള്ളവയിലേക്ക് മാറ്റിയതുകൊണ്ടാണ് നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം വരാൻ കാരണമെന്നും 2023-24 സാമ്പത്തിക വർഷത്തിൽ പ്രസ്തുത അപാകത പരിഹരിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

### 1-1-9 തനതു വരുമാനം - കുടിശ്ശികയായി നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമല്ല.

ധനകാര്യപത്രിക ബി-15 ഷെഡ്യൂൾ പ്രകാരം ചുവടെ പറയുന്ന തുകകൾ ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | കോഡ് | ഇനം | തുക |
|---|---|---|---|
| 1 | 431100100 | വസ്തു നികുതി (തൻ വർഷം) | 19,29,850 |
| 2 | 431100200 | വസ്തു നികുതി (കുടിശ്ശിക) | 89,34,347.79 |
| 3 | 431190101 | തൊഴിൽ നികുതി (സ്ഥാപനം,ട്രേഡേഴ്സ്, പ്രോഫഷണൽസ്)-തൻവർഷം | 3,63,820 |
| 4 | 431190102 | തൊഴിൽ നികുതി (സ്ഥാപനം,ട്രേഡേഴ്സ്, പ്രോഫഷണൽസ്)-കുടിശ്ശിക | 1,42,300 |
| 5 | 431300201 | ലൈസൻസ് ഫീസ് (തൻ വർഷം) | 8,050 |
| 6 | 431300202 | ലൈസൻസ് ഫീസ് (കുടിശ്ശിക) | 3,81,595 |
| 7 | 431400102 | വാടക – സിവിക്ക് അമിനിറ്റീസ് (കുടിശ്ശിക) | 11,19,260 |
| 8 | 431409901 | മറ്റ് വരവുകൾ (തൻ വർഷം) | 38,68,925 |
| 9 | 431409902 | മറ്റ് വരവുകൾ (കുടിശ്ശിക) | 61,93,352 |
| **ആകെ തുക** | | | **2,29,41,499.79** |

മേൽ പ്രകാരം കുടിശ്ശിക നിലനിൽക്കുന്നതിനുള്ള കാരണം, ഈടാക്കുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ, ഡിമാന്റ് - കളക്ഷൻ - ബാലൻസ് പത്രിക എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10/20.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

തനതു വരുമാനത്തിൽ ഇത്രയധികം തുക കുടിശ്ശികയായി വരാനുണ്ടായ കാരണം, തുടർ നടപടി സ്വീകരിച്ചതിന്റെ വിശദാംശം എന്നിവ ലഭ്യമാക്കേണ്ടതാണ്.

### 1-2 ബജറ്റ്

| | 2022-23 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |

| തീരുമാനം നമ്പർ തീയ്യതി | 1/1 തിയതി 21.03.2022 | 1/1 തിയതി 18.03.2023 |
|---|---|---|
| മുന്നിരിപ്പ് | 39447419 | 46378688 |
| വരവ് | 662454152 | 357505715 |
| ആകെ | 701901571 | 403884403 |
| ചെലവ് | 680634890 | 369215809 |
| നീക്കിയിരിപ്പ് | 21266681 | 34668594 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 76697817.49 |
| വരവ് | 192140116 |
| ആകെ | 268837933.49 |
| ചെലവ് | 172123184 |
| നീക്കിയിരിപ്പ് | 96714749.49 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം /ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 47033 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7768163 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

| ക്രമ നമ്പർ | ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായതുക |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് പൊതുവിഭാഗം | 0 | 41363545 | 41363545 | 33844224 | 7519321 |
| 2 | വികസനഫണ്ട് എസ്.സി.പി. | 0 | 7024805 | 7024805 | 5952710 | 1072095 |
| 3 | സംരക്ഷണഗ്രാന്റ് -റോഡ് | 0 | 13100000 | 13100000 | 12007507 | 1092493 |
| 4 | സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 17847000 | 17847000 | 14304204 | 3542796 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്( Tied) - ബാങ്ക് | 24555509 | 13815000 | 38370509 | 14651718 | 23718791 |
| 6 | ധനകാര്യ കമ്മീഷൻ ഗ്രാന്റ്( Tied) - ട്രഷറി | 0 | 17282633 | 17282633 | 10752539 | 6530094 |
| 7 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) - ബാങ്ക് | 11,500,158 | 9210000 | 20710158 | 8746217 | 11963941 |
| 8 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 900185 | 900185 | 0 | 900185 |

| | | | | | | |
|---|---|---|---|---|---|---|
| | (Untied) - പലിശ | | | | | |
| 9 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) - ട്രഷറി | 0 | 489094 | 489094 | 333852 | 155242 |
| 10 | ഹെൽത്ത് ഗ്രാന്റ് | 0 | 13494275 | 13494275 | 0 | 13494275 |
| 11 | 320100100 – ഗ്രാന്റ് , കോൺട്രിബ്യൂഷൻ - കേന്ദ്ര സർക്കാർ | 2467116 | 17937731 | 20404847 | 14294836 | 6110011 |
| 12 | 320200209 – കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കുള്ള ഫണ്ട് - എഡ്യൂക്കേഷൻ - ക്യാപിറ്റൽ | 325500 | 0 | 325500 | 0 | 325500 |
| 13 | 320300100 – മറ്റ് ഗവൺമെന്റ് ഏജൻസീസ് | 4942 | 78 | 5020 | 0 | 5020 |
| 14 | 320802000 – പദ്ധതികൾക്കുള്ള ഗ്രാന്റ് | 3402553 | 75534 | 3478087 | 0 | 3478087 |
| 15 | 320809900 – മറ്റ് ഗ്രാന്റ് & കോൺട്രിബ്യൂഷൻ | 2761393 | 954700 | 3716093 | 320000 | 3396093 |

കുറിപ്പ് :

1) വികസനഫണ്ട് പൊതു വിഭാഗത്തിൽ നിന്നും 7464134/- രൂപയും, എസ്.സി.പി യിൽ നിന്നും 53334/- രൂപയും സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

2) ക്രമ നമ്പർ 11, 14, 15 എന്നിവയുടെ വരവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

A) 320100100 – ഗ്രാന്റ്, കോൺട്രിബ്യൂഷൻ - കേന്ദ്ര സർക്കാർ

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | പി.എം.എ.വൈ (സൗത്ത് ഇൻഡ്യൻ ബാങ്ക്) | 12174186/- |
| 2 | സ്വച്ച് ഭാരത് മിഷൻ (ഐ.സി.ഐ.സി.ഐ) | 1227247/- |
| 3 | അംഗൻവാടി പോഷകാഹാരം (എസ്.ബി.ഐ തനത് ഫണ്ട്) | 2103876/- |
| 4 | എൻ.യു.എൽ.എം (കാനറ ബാങ്ക്) | 2432422/- |
| ആകെ വരവ് | | 17937731/- |

B) 320802000 – പദ്ധതികൾക്കുള്ള ഗ്രാന്റ് ഇനത്തിൽ വരവായി രേഖപ്പെടുത്തിയിട്ടുള്ള 75534/- രൂപ ശുചിത്വമിഷൻ കാനറ ബാങ്ക് അക്കൗണ്ടിലെ പലിശഇനത്തിലെ വരവാണ്.

C) 320809900 – മറ്റ് ഗ്രാന്റ് & കോൺട്രിബ്യൂഷൻ

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | വാർഡ് സാനിറ്റേഷൻ (എസ്.ബി.ഐ തനത് ഫണ്ട്) | 320000/- |
| 2 | ബഡ്സ് സ്കൂൾ (എസ്.ബി.ഐ തനത് ഫണ്ട്) | 634700/- |
| ആകെ വരവ് | | 954700/- |

## 1-5 പദ്ധതി അവലോകനം

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .**

| അംഗീകാരം | അടങ്കൽ | നടപ്പാ | ചെലവ് | ഭാഗീകമായി | നടപ്പാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | | ക്കിയത് | | നടപ്പാക്കിയത് | ക്കാത്തവ | പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 320 | 257859026 | 229 | 109282649 | - | 91 | 71.56 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം**

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2022-23 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 35 | 35136012 | 18 | 12222087 | 34.78 |
| 2 | മുനിസിപ്പൽ എഞ്ചിനിയർ | 199 | 173277088 | 133 | 57250391 | 33.03 |
| 3 | കൃഷി ഓഫീസർ | 4 | 1598780 | 4 | 1364620 | 85.35 |
| 4 | സീനിയർ വെറ്ററിനറി സർജ്ജൻ | 2 | 1692000 | 2 | 1692000 | 100 |
| 5 | ഹെൽത്ത് ഓഫീസർ (മുനിസിപ്പാലിറ്റി) | 16 | 10546982 | 14 | 5942061 | 56.33 |
| 6 | പ്രൊജക്ട് ഓഫീസർ നഗര ദാരിദ്യ നിർമ്മാർജ്ജന സെൽ | 6 | 2246540 | 5 | 1899007 | 84.53 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9128973 | 10 | 8176547 | 89.56 |
| 8 | പ്രിൻസിപ്പാൾ ഹയർസെക്കന്ററി സ്കൂൾ | 11 | 4609616 | 7 | 3011170 | 65.32 |
| 9 | പട്ടികജാതി വികസന ഓഫീസർ | 11 | 4716396 | 11 | 4478598 | 94.95 |
| 10 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 50000 | 1 | 50000 | 100 |
| 11 | മെഡിക്കൽ ഓഫീസർ താലൂക്ക് ആശുപത്രി (അലോപ്പതി) | 11 | 8663960 | 11 | 8493044 | 98.02 |
| 12 | മെഡിക്കൽ ഓഫീസർ ഹോമിയോ | 6 | 2248550 | 6 | 2218234 | 98.65 |
| 13 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 1250000 | 2 | 1250000 | 100 |
| 14 | വ്യവസായ വികസന ഓഫീസർ | 2 | 1500000 | 2 | 1200000 | 80 |
| 15 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 4 | 1194129 | 3 | 34890 | 3 |
| | **ആകെ** | **320** | **257859026** | **229** | **109282649** | **42.38** |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 501537 | 1007329 | 1508866 | 1495030 | 13836 |
| ഗുണഭോക്താക്കൾക്ക് വേതനം ഇനത്തിൽ നല്കിയ തുക | 0 | 9997975 | 9997975 | 9997975 | 0 |
| ആകെ | 501537 | 11005304 | 11506841 | 11493005 | 13836 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2021-22 വർഷം അംഗീകാരം ലഭിച്ച ആക്ഷൻ പ്ലാൻ പ്രകാരമാണ് 2022-23 വർഷം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 5.5 കോടി അടങ്കലുള്ള പദ്ധതി പ്രകാരം 845 പദ്ധതികൾ നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. തൻ വർഷം 128 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 46698 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറ് തൊഴിൽ ദിനം ലഭിച്ച 69 കുടുബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം

തൻവർഷം നഗരസഭയിൽ വിവിധ ക്ഷേമ പദ്ധതികൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 6382000 | 537 |
| വിധവാപെൻഷൻ | 21187900 | 1914 |
| വാർദ്ധക്യകാലപെൻഷൻ | 32876400 | 3269 |
| വികലാംഗപെൻഷൻ | 5839600 | 521 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1739000 | 162 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 660000 | 22 |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2024 തീയതിയിൽ 2.40 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 35,268/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമങ്ങളിലെ വകുപ്പ് 228 അനുസരിച്ച് ജീവനക്കാരുടെ കർത്തവ്യങ്ങൾ സെക്രട്ടറി നിർദ്ദേശിക്കേണ്ടതും അവരുടെ മേൽ നിയന്ത്രണവും മേൽ നോട്ടവും സെക്രട്ടറി വഹിക്കേണ്ടതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ മേൽ നിയമത്തിലെ വകുപ്പ് 15(3)(ബി) അനുസരിച്ച് മുനിസിപ്പാലിറ്റിയിലെ എല്ലാ ഉദ്യോഗസ്ഥന്മാരും ജീവനക്കാരും ചെയ്യുന്ന കൃത്യങ്ങളുടെയും എടുത്ത നടപടികളുടെയും മേൽനോട്ടം ചെയർപേഴ്സന്റെ ഉത്തരവാദിത്തമാണ്. 2/7/2018 ലെ ഉത്തരവ് നം G1-14562/10പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. നഗരസഭാ കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2022-23 സാമ്പത്തിക വർഷം ഒരുതവണ മാത്രമെ ചേർന്നിട്ടുള്ളൂ. ജീവനക്കാരുടെ ജോലി പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നല്കുന്നതിൽ സെക്രട്ടറിയും, ചെയർപേഴ്സനും പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതും ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേർന്ന് ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തി തുടർ നിർദ്ദേശങ്ങൾ നല്കേണ്ടതുമാണ്.

2) ഓഡിറ്റ് വർഷം ഭരണസമിതി (നഗരസഭ കൗൺസിൽ) 24 തവണ യോഗം ചേർന്നിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 22A(iv) പ്രകാരം നഗരസഭയുടെ അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, തൊട്ട് മുൻപുള്ള മാസത്തെ വരവ് ചെലവുകളുടെ സംക്ഷിപ്തം പരിശോധിക്കുക എന്നിവ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നു. ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചുവരുന്നില്ല. 2022 മാർച്ച് , 2022നവംബർ, 2023 ഫെബ്രുവരി, 2023 മാർച്ച് എന്നീ മാസങ്ങളിലെ വരവ്

ചെലവ് കണക്കുകൾ അംഗീകരിച്ചതായി മിനിട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്ന വേളയിൽ മാസാന്ത്യ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുന്നു എന്ന ഒറ്റ വരി മാത്രമാണ് മിനിട്സിൽ രേഖപ്പെടുത്തി വരുന്നത് . മുൻ മാസത്തെ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുമ്പോൾ വിശദാംശം മിനിട്സിൽ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3) അക്കൗണ്ടിംഗ്, രേഖകളുടെ സൂക്ഷിപ്പ്- അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. അക്കൗണ്ടിങ്ങ് ചട്ടങ്ങൾ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്.

ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രികയിലെ പോരായ്മകൾ ഖണ്ഡിക 1-1 ൽ വിശദമാക്കിയിട്ടുണ്ട്. ആയതിന് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. അനധികൃത കെട്ടിട നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ.&ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി നഗരസഭയെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

5) നഗരസഭയുടെ വരവ് ഇനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. വസ്തുനികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, അസ്സസ്സ്മെന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല (സഞ്ചയയിൽ നിന്നുള്ള DCB സംഗ്രഹമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്). ആയതിനാൽ നഗരസഭയ്ക്ക് കിട്ടാനുള്ള വസ്തു നികുതി, കുടിശ്ശിക വസ്തുനികുതി എന്നീ ഇനങ്ങളിൽ വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളിൽ വ്യക്തതയില്ല. അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ നഗരസഭയിൽ കൃത്യമായി പാലിച്ചിട്ടില്ല.

തൊഴിൽ നികുതി, വാടക, എഫ്.ടി.ഇ ആന്റ് ഒ.എസ് ലൈസൻസ് എന്നീയിനങ്ങളുടെ രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ വിഷയത്തിലേക്ക് റവന്യൂ വിഭാഗത്തിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

6) ആസ്തികൾ കൃത്യമായി തിട്ടപ്പെടുത്തി പരിപാലനം നടത്തുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നു. സർക്കാർ ആവർത്തിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടും സ്ഥാവര-ജംഗമ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും നാളിതുവരെ സാധിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ആസ്തികൾ രേഖകളുടെ പിൻബലത്തോടെ രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചില്ല. കൂടാതെ ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല.

7) വാർഷിക കണക്ക് പ്രകാരം വിവിധ ഇനങ്ങളിൽ മുൻകൂറുകൾ നൽകിയിട്ടുള്ളത് ക്രമീകരിക്കാൻ അവശേഷിക്കുന്നു. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ആയതിനാൽ വാർഷിക ധനകര്യ പത്രിക ബാലൻസ് ഷീറ്റ് പ്രകാരമുള്ള ഡെപ്പോസിറ്റ് തുകകളുടെ കൃത്യത പരിശോധിക്കുവാൻ

സാധിച്ചിട്ടില്ല.

8) ഓഡിറ്റ് വർഷം പ്രൊക്യൂർമെന്റ് സമിതി 7 തവണ യോഗം ചേർന്നിട്ടുണ്ട്. വാങ്ങൽ നടത്തേണ്ട സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി, കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കിയല്ല വാങ്ങൽ നടപടികൾ നടത്തുന്നത്. സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രൊക്യൂർമെന്റ് പ്ലാൻ നേരത്തെ തയ്യാറാക്കി ആയത് പ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുവാനുള്ള നടപടികൾ നഗരസഭ സ്വീകരിക്കുന്നില്ല. ഇക്കാര്യത്തിൽ നഗരസഭാ കൗൺസിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രത്യകം ശ്രദ്ധ നൽകേണ്ടതാണ്.

**1-10 ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്ത ചെക്ക് പ്രകാരമുള്ള തുക നാളിതുവരേയും ലഭ്യമായിട്ടില്ല**

2022-23 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ - തനത് ഫണ്ട് ബാങ്കിന്റെ റീക്കൺസിലിയേഷൻ റിപ്പോർട്ട് പ്രകാരം ചുവടെ പറയുന്ന ചെക്കുകൾ പ്രകാരമുള്ള തുക നാളിതുവരെ വരവ് വന്നിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നം, തീയതി | ചെക്ക് നം, തീയതി | തുക |
|---|---|---|---|
| 1 | 121060400015, 15/9/2021 | 033343, 15/9/2021 | 200 |
| 2 | 119060400044, 5/3/2020 | 299102, 29/2/2020 | 1250 |
| 3 | 119060400019, 24/10/2019 | 663359, 5/10/2019 | 23400 |
| 4 | 117060500103, 24/3/2018 | 0558693, 21/3/2018 | 1250 |
| 5 | 117060200014, 26/3/2018 | 7506918, 23/3/2018 | 1250 |
| 6 | 11606400006, 28/5/2016 | 958537, 13/5/2016 | 400 |
| 7 | 117060500005, 15/5/2017 | 277636, 28/4/2017 | 182 |
| 8 | 119060900001, 27/6/2019 | 147740553, 29/3/2019 | 5446 |
| 9 | 117060500035, 15/9/2017 | 6622242, 15/9/2017 | 5750 |
| 10 | 119060500078, 13/2/2020 | 342688, 7/2/2020 | 38750 |
| 11 | 121060400001, 27/4/2021 | 014298, 16/3/2021 | 8310 |
| 12 | 121060400002, 27/4/2021 | 014385, 16/3/2021 | 1250 |
| 13 | 120060400027, 29/3/2021 | 045586, 12/3/2021 | 2500 |
| 14 | 120060500086, 13/1/2021 | 911412, 30/12/2020 | 4680 |
| ആകെ | | | 94618/- |

ചെക്ക്/ഡി.ഡി എന്നിവ ലഭിക്കുമ്പോൾ പണമാക്കുന്നതിനു വിധേയമായി എന്ന് വ്യക്തമായി രേഖപ്പെടുത്തിയ രസീത് നൽകേണ്ടതും ഏതെങ്കിലും ചെക്ക് സ്വീകരിക്കാതെ മടക്കുകയാണെങ്കിൽ

രസീതിന്റെ ഓഫീസ് കോപ്പി റദ്ദ് ചെയ്യേണ്ടതുമാണ്. മടക്കിയ ചെക്ക് സെക്രട്ടറി സൂക്ഷിക്കേണ്ടതും രസീത് റദ്ദാക്കിയ വിവരം ചെക്ക് നൽകിയ ആളെ അറിയിക്കേണ്ടതും ബാങ്ക് ചാർജ്ജ് ഉൾപ്പെടെയുള്ള തുക ഒടുക്കുവാൻ ആവശ്യപ്പെടേണ്ടതും തുക ഒടുക്കുന്ന മുറയ്ക്ക് രസീത് നൽകേണ്ടതുമാണ്.

മേൽ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും മേൽ തുകകൾ നാളിതുവരെ ലഭ്യമാകാത്തതിനുള്ള വിശദീകരണവും ലഭ്യമാക്കുന്നതിനു 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ ആവശ്യപ്പെട്ടത്തിന് (എൻക്വയറി നമ്പർ 10/ 20.12.2022) എസ്.ബി.ഐ-ക്ക് ക്രമ നമ്പർ 1, 2, 3, 10, 14 പ്രകാരമുള്ള തുകകൾ അക്കൗണ്ടിൽ വരവ് വന്നിട്ടില്ലാത്തതിനുള്ള കാരണം ലഭ്യമാക്കുന്നതിന് 24/12/2022 ലെ A1-9174/22 കത്ത് നൽകിയിട്ടുണ്ടെന്നും മറ്റുള്ളവ നീലേശ്വരം സബ്ട്രഷറിയിലാണ് നൽകിയിട്ടുള്ളതെന്നും ക്രമ നമ്പർ 8 ലെ തുകയായ 5446/- രൂപ 29.03.2019 ന് 118030900118 നമ്പർ പ്രകാരം രസീത് അടിക്കുകയും ഡയറക്ടലി ക്രഡിറ്റഡ് ടു ബാങ്കായി 119060900001 നമ്പർ പ്രകാരം 27.06.2019 ന് വീണ്ടും രസീത് അടിക്കുകയും ചെയ്തതിനാൽ ഒരു രസീത് ക്യാൻസൽ ചെയ്യേണ്ടതാണെന്നുമാണ് മറുപടി ലഭ്യമാക്കിയിരുന്നത്. എന്നാൽ തൻ വർഷവും ഈ തുകകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/18.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പരാമർശപ്രകാരമുള്ള തുകകൾ അക്കൗണ്ടിൽ വരവുവച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതും അല്ലാത്തപക്ഷം ആയതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

**1-11 ബാങ്ക് ഈടാക്കിയ മിനിമം ബാലൻസ് ചാർജ്ജ് തിരികെ ലഭിച്ചിട്ടില്ല**

എസ്.ബി.ഐ- ഇ.പി.എഫ് - ഇ-പേമെന്റ് അക്കൗണ്ടിൽ (67349928593) ചുവടെ പറയും പ്രകാരം 2022-23 ൽ മിനിമം ബാലൻസ് ചാർജ്ജായി തുക ഈടാക്കുകയും തിരികെ നൽകുകയും ചെയ്തിട്ടുണ്ട്.

| ഈടാക്കിയ തുക | | തിരികെ ലഭിച്ചത് | |
|---|---|---|---|
| തീയതി | തുക | തീയതി | തുക |
| 12/08/2022 | 590 | 16/08/2022 | 590 |
| 10/10/2022 | 590 | 12/10/2022 | 590 |
| 5/12/2022 | 590 | - | - |

മേൽ പ്രകാരം 5/12/2022 ൽ മിനിമം ബാലൻസ് ചാർജ്ജായി ഈടാക്കിയ 590/- രൂപ 2022-23 സാമ്പത്തിക വർഷം തിരികെ ലഭിച്ചിട്ടില്ല. ആയതിനുള്ള കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/20.01.2024 ന് 590/- രൂപ തിരികെ ലഭ്യമാക്കുന്നതിന് എസ്.ബി.ഐ മാനേജർക്ക് കത്ത് നൽകുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മിനിമം ബാലൻസ് ചാർജ്ജായി ഈടാക്കിയ 590/- രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

**1-12 2023ലെ വസ്തുനികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ.**

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 233, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് അഞ്ച് വർഷത്തിലൊരിക്കൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. വകുപ്പ് 233 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ നഗരസഭയിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

<u>വസ്തുനികുതി പരിഷ്കരണം - പ്രധാന ഉത്തരവുകൾ</u>

1.സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 - വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തുനികുതി നിരക്കിന്റെ വിജ്ഞാപനം.

വസ്തുനികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകൾ താഴെ ചേർക്കുന്നു.

**1). 2023 ലെ വസ്തുനികുതി പരിഷ്കരണം – നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിവരം**

എ) വസ്തുനികുതിയിൽ 5% വർദ്ധനവ് വരുത്തൽ

എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തുനികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

ബി) കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ

മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം നഗരസഭയെ അറിയിക്കാത്തവർക്ക് ഫോറം 9ബി യിൽ അറിയിക്കാവുന്നതാണ്. സമയപരിധി 15-05-2023 തീയതിയാണ്. വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ ഫയൽ (R1/2874/23) പരിശോധിച്ചതിൽ നാളിതുവരെ 313 കെട്ടിടങ്ങളുടെ മാറ്റങ്ങളുടെ വിവരങ്ങളാണ് ഫോറം 9B യിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ ഇതിന്മേൽ തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

സി) കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന

ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. എന്നാൽ ഫീൽഡ് പരിശോധന ഓഡിറ്റ് തീയ്യതി വരെ ആരംഭിച്ചിട്ടില്ല.

ഡി) വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കുള്ള നിയമനം

വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. ഇന്റർവ്യൂവിൽ 8 പേർ പങ്കെടുത്തുവെങ്കിലും 2 പേർ മാത്രമാണ് ഡാറ്റാ എൻട്രി നടത്താൻ സന്നദ്ധത അറിയിച്ചിട്ടുള്ളത്. എന്നാൽ ആരെയും ഓഡിറ്റ് തീയതി വരെ മേൽ ആവശ്യത്തിനു വേണ്ടി നിയമിച്ചിട്ടില്ല.

ഇ) വസ്തുനികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം

സർക്കാർ ഉത്തരവുകൾ കണക്കിലെടുത്ത് നീലേശ്വരം നഗരസഭ കൗൺസിലിന്റെ 13.09.2023 തീയതിയിലെ 10ാം നമ്പർ തീരുമാനപ്രകാരം കരട് വിജ്ഞാപനം ചെയ്തിരുന്ന നിരക്കുകളും,മേഖലകളും റോഡുകളുടെ തരംതിരിവും 1-4-2023 പ്രാബല്യത്തിൽ 04.12.2023 തീയതിയിലെ ആർ1/2346/2023 നം. ഉത്തരവ് പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

എഫ്) വസ്തുനികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും

പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരം തിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും നഗരസഭയ്ക്ക് പുതുക്കി നിശ്ചയിക്കാവുന്നതാണ്. പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

**2).വസ്തുനികുതിയോടൊപ്പം സേവന ഉപനികുതി ഈടാക്കുന്നതിനുള്ള തീരുമാനം – കാറ്റഗറി നിശ്ചയിച്ചില്ല.**

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു മുനിസിപ്പാലിറ്റി പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 235 പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ

സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതി നിരക്കുകൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| (എ) | ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ കെട്ടിടത്തിന്റെ പൊതുവായ ശുചിത്വ പരിപാലനത്തിനും ചപ്പു ചവറുകൾ, പക്ഷിമൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്യ വസ്തുക്കൾ തുടങ്ങിയ ഖരമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | വസ്തുനികുതിയുടെ 4% |
| (ബി) | ജലവിതരണം (തെരുവുടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനങ്ങളുടെ ചെലവുകൾക്ക്) | വസ്തുനികുതിയുടെ 3% |
| (സി) | തെരുവുവിളക്കുകൾ(സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനു മുള്ള ചെലവുകൾക്ക്) | വസ്തുനികുതിയുടെ 2% |
| (ഡി) | ഡ്രയിനേജ് (അഴുക്കു ചാൽ സംവിധാനം ഉൾപ്പെടെയുള്ള ചെലവുകൾക്ക്) | വസ്തുനികുതിയുടെ 1% |

അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പരിഷ്കരിച്ചുകൊണ്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതിൽ (04.12.2023 തീയതിയിലെ ആർ1/2346/2023 നം. ഉത്തരവ് പ്രകാരം) 2023 ഏപ്രിൽ മാസം 1 തീയതി പ്രാബല്യത്തിൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡിന്റെ തരംതിരിവും അന്തിമമാക്കുന്നതോടൊപ്പം 2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ 2027-28 വർഷം വരെ ഓരോ വർഷവും തൊട്ടു മുൻവർഷം പ്രാബല്യത്തിൽ ഉള്ള നികുതിയുടെ 5% വീതം വർദ്ധനവും 9% സേവന ഉപനികുതിയും 5% ലൈബ്രറി സെസ്സും ബാധകമാക്കിയിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി മേൽ പട്ടികയിലെ ഏത് ഇനങ്ങൾക്കാണ് ഈടാക്കുന്നതെന്ന് അന്തിമ വിജ്ഞാപനത്തിൽ വ്യക്തമാക്കിയതായി കാണുന്നില്ല.
സേവന ഉപനികുതി ഈടാക്കുന്നതിനുള്ള ക്രമീകരണങ്ങൾ സഞ്ചയ ഡാറ്റാബേസിൽ ഏർപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. കൂടാതെ വസ്തുനികുതി പരിഷ്കരണ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ക്രിയാത്മക ഇടപെടൽ കൂടി ഉണ്ടാകേണ്ടതാണെന്ന് വിലയിരുത്തുന്നു.

**വസ്തു നികുതി കുടിശ്ശിക-വികസന ഫണ്ടിൽ നിന്നും 1% കുറവ് ചെയ്തു**

2022-23 സാമ്പത്തിക വർഷം തനതു വരുമാനം പിരിച്ചെടുക്കുന്നതിൽ നഗരസഭയ്ക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. ടി കാലയളവിൽ നഗരസഭയുടെ റസിഡൻഷ്യൽ, നോൺറെസിഡൻഷ്യൽ വസ്തു നികുതി വരവ് 90 ശതമാനത്തിനു താഴെയാണ്. വികസനഫണ്ട് പൊതുവിഭാഗത്തിൽ ഓഡിറ്റ് വർഷം 42565000 രൂപയാണ് ബഡ്ജറ്റ് വിഹിതമായി ലഭിക്കേണ്ടിയിരുന്നത്, 2022-23 വർഷത്തെ തനത് വരുമാനം 90% പിരിച്ചെടുക്കാത്തതിനാൽ മേൽ വികസന ഫണ്ടിന്റെ 1% സർക്കാർ കുറവ് വരുത്തുകയുണ്ടായി. വികസന ഫണ്ട് മൂന്നാം ഗഡുവിൽ നിന്നുമാണ് തുക കുറവ് വരുത്തിയത് (425650 രൂപ). ഇപ്രകാരം നഗരസഭയുടെ വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കേണ്ടിയിരുന്ന തുക, വസ്തു നികുതി പിരിച്ചെടുക്കുന്നതിലെ അനാസ്ഥമൂലം നഷ്ടപ്പെടുത്തുകയാണുണ്ടായത്. ആയതിനാൽ വസ്തു നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജിതപ്പെടുത്തേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

**1-13 ബിൽഡിംഗ് പെർമിറ്റ്- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.**

Intelligent Building Plan Management Sysytem (IBPMS) സോഫ്റ്റ്‌വെയർ മുഖേന പെർമിറ്റിന് അപേക്ഷിക്കുന്ന അപേക്ഷകർ ഓൺലൈനായി അടവാക്കുന്ന അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ് എന്നിവ നഗരകാര്യ

ഡയറക്ടറുടെ അക്കൗണ്ടിലാണ് വരവു വെക്കുന്നത്. പെർമിറ്റ് ഫീസ് അടവാക്കുന്ന മുറയ്ക്ക് സോഫ്റ്റ്‌വെയറിൽ രസീത് ജനറേറ്റ് ചെയ്യപ്പെടുകയും തുടർന്ന് നഗരസഭ പെർമിറ്റ് നൽകുകയും ചെയ്യുന്നുണ്ടെങ്കിലും അടവാക്കിയ ഫീസുകൾ നഗരസഭക്ക് ലഭിച്ചു എന്ന് ഉറപ്പുവരുത്തുന്നതിന് നിലവിൽ സംവിധാനം ഒന്നും തന്നെയില്ല. ഫീസ് കളക്ഷൻ സംബന്ധിച്ച റിപ്പോർട്ടുകൾ സോഫ്റ്റ്‌വെയറിൽ ലഭ്യമല്ല. 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16(2) പ്രകാരം നഗരസഭക്ക് ലഭിക്കുന്ന എല്ലാ വരവുകളും അതാത് ദിവസം തന്നെ കാഷ്/ബാങ്ക് ബുക്കിൽ വരവു വെക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ IBPMS മുഖേന ലഭിക്കുന്ന തുകകൾ വിശദാംശങ്ങൾ നഗരസഭക്ക് യഥാസമയം ലഭ്യമാകാത്തതിനാൽ മേൽ വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

നഗരകാര്യ വകുപ്പിന് ലഭിക്കുന്ന തുകകൾ നഗരസഭയുടെ കറന്റ് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ടെങ്കിലും നഗരകാര്യ വകുപ്പ് ആയത് സംബന്ധിച്ച വിശദാംശങ്ങൾ നഗരസഭക്ക് നൽകുന്നില്ല. ആകെ ലഭിച്ച അപേക്ഷ ഫീസ്, പെർമിറ്റ് ഫീസ്, റെഗുലറൈസേഷൻ ഫീസ് എന്നിവ തരംതിരിച്ചും, ഓരോ അപേക്ഷകനും അടച്ച തുക സഹിതവുമുള്ള റിപ്പോർട്ട് നഗരസഭക്ക് ലഭ്യമാകുന്നില്ല. മാത്രവുമല്ല നഗരസഭക്ക് ലഭിക്കാനുള്ള മുഴുവൻ തുകയും ലഭിച്ചു എന്ന് ഉറപ്പുവരുത്താനും കഴിയുന്നില്ല. നിലവിൽ IBPMS സോഫ്റ്റ്‌വെയറിൽ നഗരസഭയിൽ ആകെ അപേക്ഷിച്ചവരുടെ വിവരങ്ങൾ MS Excel Format ൽ ലഭ്യമാണ്. ആയതിൽ അപേക്ഷ നം, അപേക്ഷകന്റെയും ആർക്കിടെക്ട്/എഞ്ചിനീയറുടേയും പേര്, വിലാസം, ഫോൺ നമ്പർ, വാർഡ് നമ്പർ, ഫയൽ സ്റ്റാറ്റസ്, ഫയൽ പെൻഡിംഗ് വിവരങ്ങൾ, സ്ക്രൂട്ടിനി തിയതികൾ എന്നിവ മാത്രമാണ് ഉള്ളത്. ചട്ടപ്രകാരം സൂക്ഷിക്കേണ്ട പെർമിറ്റ് രജിസ്റ്റർ, റെഗുലറൈസേഷൻ രജിസ്റ്റർ എന്നിവ സോഫ്റ്റ്‌വെയറിൽ ജനറേറ്റ് ചെയ്യപ്പെടുന്നില്ല.

IBPMS സോഫ്റ്റ്‌വെയറിൽ ഓഡിറ്റിന് ലോഗിൻ സൗകര്യവും ലഭ്യമല്ലാത്തതിനാൽ IBPMS വഴി നൽകിയ പെർമിറ്റുകൾ പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

## 1-14 ലൈസൻസ് ഫീസ് ഈടാക്കാത്തത് സംബന്ധിച്ച്

ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെട്ട ചുവടെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയതായോ, ഒമിഷൻ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായോ കാണുന്നില്ല വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം | വ്യാപാരിയുടെ പേര് | സ്ഥാപനം | ഡിമാന്റ് തുക |
|---|---|---|---|---|
| 1 | 2/647 | സലോമൺ യേശുദാസ് ജേക്കബ് | ടൈലറിംഗ് | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 2/689 | ഗണേഷ് പൈ | സൈക്കിൾ ഷോപ്പ് | രേഖപ്പെടുത്തിയിട്ടില്ല |
| 3 | 16/416 | ബാബുരാജ് കെ | കൗസല്യ ജ്വല്ലറി വർക്ക്സ് | 500 |
| 4 | 16/458 A7 | രമേശൻ ടി വി | റെഡ് ടൈം സൊല്യൂഷൻ, DTP | രേഖപ്പെടുത്തിയിട്ടില്ല |
| 5 | 30/424 A | ഇസ്മയിൽ കെ കെ | തമാം ഹോം ഡെലിവറി കർട്ടൻ സെന്റർ | രേഖപ്പെടുത്തിയിട്ടില്ല |
| 6 | 30/424 B | ഇസ്മയിൽ കെ കെ | തമാം ഹോം ഡെലിവറി ഫർണിച്ചർ സെന്റർ | രേഖപ്പെടുത്തിയിട്ടില്ല |
| 7 | 3/117 | വിജയൻ എം | ജ്വല്ലറി വർക്ക്സ് | 500 |

| | | | | |
|---|---|---|---|---|
| | | വി | | |
| 8 | 3/909 | സുകുമാരൻ കെ | സ്റ്റേഷനറി | 500 |
| 9 | 3/926 | കൗസല്യ | ബേക്കറി | 500 |
| 10 | 3/947 | കുഞ്ഞിക്കണ്ണൻ എം | മലഞ്ചരക്ക് വ്യാപാരം | 1000 |
| 11 | 3/949 | ജയശ്രീ കെ വി | ആയുർവ്വേദ മരുന്നുകൾ | 500 |
| 12 | 3/953 | സുരേശൻ | വെൽഡിംഗ് ഷോപ്പ് | 500 |
| 13 | 3/954 | ജയപ്രകാശ് പ്രഭു | ഇലക്ട്രോണിക് വർക്സ് | രേഖപ്പെടുത്തിയിട്ടില്ല |
| 14 | 3/1000 | മുസ്തഫ ടി കെ | സ്റ്റേഷനറി | 500 |
| 15 | 3/1001 | മുഹമ്മദ് കുഞ്ഞി | ഫൂട്ട്‌വേർ | 500 |
| 16 | 3/1006 | കെ അബ്ദുള്ള | സ്റ്റുഡിയോ | 500 |
| 17 | 3/1017 | മുഹമ്മദ് പി | ഗ്രോസ്സറി | 1000 |
| 18 | 3/1018 | കുഞ്ഞമ്പു നായർ | ഗ്രോസ്സറി | 1000 |
| 19 | 3/1025 | ശ്രീജ എം വി | ഡി.ടി.പി സെന്റർ | 1000 |
| 20 | 3/1027 | ശശിധരൻ കെ | ഫൂട്ട്‌വേർ | 500 |
| 21 | 3/1079 | വത്സല കെ പി | ബ്യൂട്ടി പാർലർ | 500 |
| 22 | 3/1080 | രാധാകൃഷ്ണൻ പി വി | ടൈലറിംഗ് ഷോപ്പ് | 500 |
| 23 | 3/1193 | ബാലകൃഷ്ണൻ കെ എം | കെ.എം.കെ ജ്വല്ലറി | 1000 |
| 24 | 3/1210 | വിനീത വി വി | ബ്യൂട്ടിപാർലർ | 1000 |
| 25 | 32/21 | സജിത്ത് കെ എം | ജനപ്രിയ പപ്പടം | 500 |
| 26 | 32/119 | മോഹനൻ വി പി | ടയർ വർക്ക്സ് | 500 |
| 27 | 32/217 | ഫൈസൽ ഇബ്രാഹിം | ഓക്സിയോ മൊബൈൽ | 500 |
| 28 | 32/268 | രാധാകൃഷ്ൺൻ കെ പി | രാഗി ടയർ വർക്സ് | 500 |
| 29 | 32/645 | രാജു ടി വി | ബയോ പ്ലസ് മടിക്കൈ | 500 |
| 30 | 32/646 | അശോകൻ ടി വി | ടീവീസ് ടെന്റ് & ഡെക്കറേഷൻ | 500 |
| 31 | 32/971 | രമേശൻ കെ എം | കെ കെ ട്രേഡേഴ്സ് | രേഖപ്പെടുത്തിയിട്ടില്ല |
| 32 | 32/1044 | റീന ഇ വി | ശ്രീരാഗം ജ്വല്ലറി | രേഖപ്പെടുത്തിയിട്ടില്ല |
| 33 | 3/1128 | ഗീത കെ | പ്രവാസി കോഫി ഹൗസ് | 1000 |

| | | | | |
|---|---|---|---|---|
| 34 | 3/1133 | റീന ഇ വി | ബ്യൂട്ടിപാർലർ | 1000 |
| 35 | 3/1156 | പത്മനാഭൻ ഇ | ഹെയർഡ്രസ്സ് | 500 |
| 36 | 3/1172 | മുഹമ്മദ് അഷറഫ് | കേരള ഹോട്ടൽ | 1000 |
| 37 | 3/1177 | അബൂബക്കർ പി | ടെക്സ്റ്റൈൽസ് | 1000 |
| 38 | 3/1201 | ഗിരീഷ് കുമാർ ടി പി | രേഖപ്പെടുത്തിയിട്ടില്ല | 1000 |
| 39 | 8/63 | ഷിന്റോ എം എം | ഗ്രോസറി ഷോപ്പ് | രേഖപ്പെടുത്തിയിട്ടില്ല |
| 40 | 8/135 | മുഹമ്മദ് ടി | മരമിൽ | രേഖപ്പെടുത്തിയിട്ടില്ല |
| 41 | 8/145 | മുസ്തഫ പി എം | നാഷണൽ ബ്രിക്ക് ഇൻഡസ്ട്രീസ് | രേഖപ്പെടുത്തിയിട്ടില്ല |

മേൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് പിന്നീട് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 34 തീയ്യതി 27.01.2024)

**1-15 വസ്തു നികുതി ഇനത്തിൽ വൻകുടിശ്ശിക**

വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B15 (Sundry Debtors (Receivable)) പ്രകാരം മുനിസിപ്പാലിറ്റി പരിധിയിൽ വരുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശികയിനത്തിൽ ഇനത്തിൽ 1,08,64,198/- രൂപയാണ് പരിച്ചെടുക്കുവാൻ അവശേഷിക്കുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വസ്തു നികുതി കുടിശ്ശിക 56,21,978/- രൂപ മാത്രമാണ്. ഇപ്രകാരമുള്ള വ്യത്യാസത്തിന്റെ കാരണം വിശദീകരിക്കേണ്ടതും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ആയതിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സഞ്ചയ പ്രകാരം വിവിധ വാർഡുകളിലായി പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ഇനി പറയും പ്രകാരമാണ്.

| വാർഡ് നം | കുടിശ്ശിക |
|---|---|
| 1 | 33622 |
| 2 | 83834 |
| 3 | 1727478 |
| 4 | 50787 |
| 5 | 149028 |
| 6 | 241861 |
| 7 | 473472 |
| 8 | 299495 |
| 9 | 39057 |
| 10 | 91243 |
| 11 | 34016 |
| 12 | 61207 |
| 13 | 83665 |
| 14 | 54737 |

| | |
|---|---|
| 15 | 111989 |
| 16 | 66750 |
| 17 | 37278 |
| 18 | 36148 |
| 19 | 39083 |
| 20 | 86844 |
| 21 | 122095 |
| 22 | 103908 |
| 23 | 178227 |
| 24 | 62121 |
| 25 | 78022 |
| 26 | 56431 |
| 27 | 39456 |
| 28 | 106173 |
| 29 | 153360 |
| 30 | 90551 |
| 31 | 133533 |
| 32 | 696507 |
| ആകെ | 5621978 |

**1-16 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച്**

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന ചില മൊബൈൽ ടവർ ഉടമകൾ വസ്തുനികുതി കുടിശ്ശിക വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ടവർ കെട്ടിട നമ്പർ | ഓപ്പറേറ്റർ/ ഉടമ/ നിർമ്മാതാവ്/ ലൈസൻസി | വാർഷിക വസ്തു നികുതി | കുടിശ്ശിക കാലയളവ് | വസ്തു നികുതി കുടിശ്ശിക |
|---|---|---|---|---|---|
| 1 | 5/596 | ടാറ്റ ടെലി സർവ്വീസ് ലിമിറ്റഡ് | 4752 | 2021-22 ഒന്നാം അർദ്ധ വർഷം മുതൽ 2022-23 രണ്ടാം അർദ്ധ വർഷം വരെ | 9504 |
| 2 | 3/745/ A(UA) | ബാബു ബി നായർ, സർക്കിൾ ഹെഡ്, ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് | 32320 | 2016-17 ഒന്നാം അർദ്ധ വർഷം മുതൽ 2022-23 രണ്ടാം അർദ്ധ വർഷം വരെ | 226240 |
| 3 | 7/337 K | സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് | 12322 | 2021-22 രണ്ടാം അർദ്ധ വർഷം മുതൽ 2022-23 രണ്ടാം അർദ്ധ വർഷം വരെ | 18483 |
| 4 | 23/136 B | മാനേജർ, ഇൻഡസ് ടവർ ലിമിറ്റഡ് | 18240 | 2022-23 ഒന്നും രണ്ടും അർദ്ധ വർഷം | 18240 |
| 5 | 29/290 | എസ്.ഡി.ഇ, | 16089 | 2022-23 ഒന്നും | 16089 |

| | | | | | |
|---|---|---|---|---|---|
| | C | ബി.എസ്.എൻ.എൽ | | രണ്ടും അർദ്ധ വർഷം | |

മേൽ പരാമർശിച്ച മൊബൈൽ ടവർ ഉടമകളിൽ നിന്നും വസ്തു നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 18 തീയ്യതി 24.01.2024)

**1-17 തൊഴിൽ നികുതി-അപാകതകൾ**

2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ ചില അപാകതകൾ കാണുകയുണ്ടായി. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

**1)** ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

നീലേശ്വരം നഗരസഭയുടെ 2022-23 സാമ്പത്തിക വർഷത്തിൽ ധനലക്ഷ്മി ലാറ്ററൈറ്റ് സ്റ്റോൺ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിലെ മേധാവി/ ഉടമ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ പരിശോധിച്ചതിൽ ടി സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും അർദ്ധ വാർഷിക വരുമാനത്തിനു ആനുപാതികമായി തുക ഈടാക്കുന്നതിനു പകരമായി പ്രതിമാസ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി അടവാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | നികുതി അടവാക്കേണ്ടുന്ന കാലയളവ് | പ്രതിമാസ വരുമാനം | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവു വന്ന തുക |
|---|---|---|---|---|---|---|---|
| 1 | ഗോകുൽ കെ, മാനേജർ | 2022-23 ഒന്നും രണ്ടും അർദ്ധ വർഷം | 17000 | 17000x6 =102000 | 120 | 1000 | 880 |
| 2 | പ്രമോദ്, മെഷീൻ ഓപ്പറേറ്റർ | ” | 15600 | 15600x6 =93600 | 120 | 750 | 630 |
| 3 | അനിൽ, മെഷീൻ ഓപ്പറേറ്റർ | ” | 15600 | 15600x6 =93600 | 120 | 750 | 630 |
| 4 | സെബാസ്റ്റ്യൻ, മെഷീൻ ഓപ്പറേറ്റർ | ” | 15600 | 15600x6 =93600 | 120 | 750 | 630 |
| 5 | സന്തോഷ്, ഹെൽപ്പർ | ” | 15600 | 15600x6 =93600 | 120 | 750 | 630 |
| 6 | ശ്യാമള, ഹെൽപ്പർ | ” | 11000 | 11000x6 =66000 | 120 | 600 | 480 |
| 7 | പ്രസന്ന, ഹെൽപ്പർ | ” | 11000 | 11000x6 =66000 | 120 | 600 | 480 |
| ആകെ | | | | | 840 | 5200 | 4360 |

മുകളിൽ വിവരിച്ച പ്രകാരം രണ്ട് അർദ്ധ വർഷങ്ങളിലായി ആകെ 2x4360=8720/- രൂപ കുറവ് വന്നിട്ടുണ്ട്. കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**2)** അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

നഗരസഭ പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച്കൊണ്ട് തൊഴിൽ ഏർപ്പെടുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ നഗരസഭ പ്രദേശത്ത് താമസക്കാരായ ചുവടെ ചേർത്ത അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | തൊഴിൽ നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | രമേശൻ എം.വി, മുണ്ടയിൽ വീട് കടിഞ്ഞിമൂല, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2022-23 ഒന്നും രണ്ടും അർദ്ധവർഷം. |
| 2 | എം ചന്ദ്രൻ, നീലേശ്വരം, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2022-23 ഒന്നും രണ്ടും അർദ്ധവർഷം. |
| 3 | ഓർച്ച വാസു, ഓർച്ച, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2022-23 ഒന്നും രണ്ടും അർദ്ധവർഷം. |
| 4 | വിനീഷ് വി കെ, ചാത്തമത്ത്, കാര്യങ്കോട്, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2022-23 ഒന്നും രണ്ടും അർദ്ധവർഷം. |
| 5 | സുകുമാരൻ പി പി, തൈക്കടപ്പുറം, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2022-23 ഒന്നും രണ്ടും അർദ്ധവർഷം. |
| 6 | മനോജൻ പി വി, തൈക്കടപ്പുറം, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2022-23 ഒന്നും രണ്ടും അർദ്ധവർഷം. |
| 7 | വിനോദ് എ കെ, കാര്യങ്കോട്, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2022-23 ഒന്നും രണ്ടും അർദ്ധവർഷം. |
| 8 | രാജേഷ് പി, കൊയാമ്പുറം, പി.ഡബ്ല്യൂ.ഡി.കോൺട്രാക്ടർ | 2022-23 ഒന്നും രണ്ടും അർദ്ധവർഷം. |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3) ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

നഗരസഭ പ്രദേശത്ത് താമസക്കാരായ ചുവടെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | നീലേശ്വരം വനിത സർവ്വീസ് സഹകരണ സംഘം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 2 | മാക്സ് വാല്യു ഇൻവെസ്റ്റ്മെന്റ്, രാജാ റോഡ് | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 3 | കൈരളി ഇന്റർലോക്ക്, പാലാത്തടം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 4 | റോയൽ ഇന്റർലോക്ക്, പാലാത്തടം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 5 | സൂര്യ ഇന്റർലോക്ക്, പാലാത്തടം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 6 | എൽ.ടി.എം ടിമ്പർ ഇന്റസ്ട്രീസ്, പാലാത്തടം | 2022-23 ഒന്നും രണ്ടും |

| | | |
|---|---|---|
| | | അർദ്ധവർഷം |
| 7 | പ്രിൻസ് ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്, മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റ് | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 8 | മെട്രോ ഹാർഡ്‌വേർസ്, നീലേശ്വരം | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 9 | വയനാട് വുഡ് ഇൻഡസ്ട്രീസ്, പുത്തരിയടുക്കം | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 10 | ക്രസന്റ് ഫ്രേം വർക്സ് & വുഡ് പ്രൊഡക്ട്സ് | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 11 | സി. കെ സ്റ്റോൺ ക്രഷർ, പൂവാലംകൈ | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 12 | അഗ്രികൾച്ചറിസ്റ്റ് വെൽഫേർ കോ ഓപ്പറേറ്റീവ് സൊസൈറ്റി, നീലേശ്വരം | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 13 | വെൽഫേർ കോ ഓപ്പറേറ്റീവ് സൊസൈറ്റി | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 14 | ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫേർ ബോർഡ് ഓഫീസ് | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 15 | വരുൺ നമ്പ്യാർ ഡെന്റൽ ക്ലിനിക് | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 16 | കേരള ജ്വല്ലേഴ്സ് | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 17 | ഡ്രസ്സ് മാൾ, നീലേശ്വരം | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 18 | മരക്കാർ വുഡ് ഇന്റസ്ട്രീസ്, ആലിൻകീഴിൽ | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 19 | രാംനാഥ് ട്രേഡേഴ്സ്, നീലേശ്വരം | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 20 | റിയൽ ഹൈപ്പർമാർക്കറ്റ്, നീലേശ്വരം | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 21 | ശ്രീനാരായണ വുഡ് ഇന്റസ്ട്രീസ്, ആലിൻകീഴിൽ | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 22 | അൽഫ വുഡ് ഇന്റസ്ട്രീസ്, പാലാത്തടം | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 23 | മഹേഷ് വുഡ് ഇന്റസ്ട്രീസ് | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 24 | ഐവ ഫ്രഷ് ഹൈപ്പർമാർക്കറ്റ്, നീലേശ്വരം | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 25 | ശ്രീനാരായണ ഫ്യൂവൽ സ്റ്റേഷൻ, പുത്തരിയടുക്കം | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |
| 26 | ബി.പി.സി.എൽ പെട്രോൾ പമ്പ്, വിഷ്ണു ഏജൻസീസ്, നീലേശ്വരം | 2022-23 ഒന്നം രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| 27 | എൻ.ജി.എം പ്രഭു പെട്രോൾ പമ്പ്, നീലേശ്വരം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 28 | ഹിന്ദുസ്ഥാൻ പെട്രോളിയം, നീലേശ്വരം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. തൊഴിൽനികുതി എന്നത് നഗരസഭയുടെ തനതുവരുമാനങ്ങളിലൊന്നാണ് എന്നിരിക്കെ നഗരസഭാ പരിധിയിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി സമയബന്ധിതമായി ഈടാക്കാത്തത് വരുമാനചോർച്ചയ്ക്ക് കാരണമാകുന്നതാണ്. ആയതിനാൽ സമയബന്ധിതമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനും ആയത് ഈടാക്കുന്നതിനും ഭാവിയിൽ ശ്രദ്ധചെലുത്തേണ്ടതാണ്. ഇക്കാര്യം വരും ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14 തീയ്യതി 20.01.2024)

## 1-18 സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കേണ്ട അർദ്ധവർഷം |
|---|---|---|
| 1 | എക്കോഷോപ്പ്, പുത്തരിയടുക്കം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 2 | രാംകോ സിമന്റ്സ് | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 3 | സപ്ലൈകോ ലാഭം മാർക്കറ്റ്, നീലേശ്വരം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 4 | അഹല്യ മണി എക്സ്ചേഞ്ച് & ഫിനാൻഷ്യൽ സർവ്വീസ് | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 5 | ഫാർമേഴ്സ് വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി, നീലേശ്വരം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 6 | നീലേശ്വരം റൂറൽ കോ ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റി | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 7 | നീലേശ്വരം സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, ഹെഡ് ഓഫീസ് | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 8 | മുത്തൂറ്റ് ഫിൻ കോർപ്പ് ലിമിറ്റഡ്, നീലേശ്വരം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 9 | നീലേശ്വരം റെയിഞ്ച് കള്ള് ചെത്ത് വ്യവസായ തൊഴിലാളി സഹകരണ സംഘം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 10 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ്, നീലേശ്വരം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 11 | യൂണിമണി ഫാനാൻഷ്യൽ സർവ്വീസ് ലിമിറ്റഡ് | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 12 | ആരാധന ഓഡിറ്റോറിയം, പേരോൽ | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| 13 | എൻ.എസ്.എസ് ഓഡിറ്റോറിയം, പടിഞ്ഞാറ്റം കൊഴവൽ | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 14 | ശ്രീവൽസം ഓഡിറ്റോറിയം, നീലേശ്വരം | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 15 | നീലേശ്വരം വനിത സർവ്വീസ് സഹകരണ സംഘം | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 16 | മാക്സ് വാല്യ ഇൻവെസ്റ്റ്മെന്റ്, രാജാ റോഡ് | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 17 | കൈരളി ഇന്റർലോക്ക്, പാലാത്തടം | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 18 | റോയൽ ഇന്റർലോക്ക്, പാലാത്തടം | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 19 | സൂര്യ ഇന്റർലോക്ക്, പാലാത്തടം | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 20 | എൽ.ടി.എം ടിമ്പർ ഇന്റസ്ട്രീസ്, പാലാത്തടം | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 21 | പ്രിൻസ് ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്, മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റ് | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 22 | മെട്രോ ഹാർഡ്‌വേർസ്, നീലേശ്വരം | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 23 | വയനാട് വുഡ് ഇൻഡസ്ട്രീസ്, പുത്തരിയടുക്കം | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 24 | ക്രസന്റ് ഫ്രേം വർക്സ് & വുഡ് പ്രൊഡക്ട്സ് | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 25 | സി. കെ സ്റ്റോൺ ക്രഷർ, പൂവാലംകൈ | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 26 | അഗ്രികൾച്ചറിസ്റ്റ് വെൽഫേർ കോ ഓപ്പറേറ്റീവ് സൊസൈറ്റി, നീലേശ്വരം | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 27 | ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ് ഓഫീസ് | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 28 | വരുൺ നമ്പ്യാർ ഡെന്റൽ ക്ലിനിക് | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 29 | കേരള ജ്വല്ലേഴ്സ് | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 30 | ഡ്രസ്സ് മാൾ, നീലേശ്വരം | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 31 | മരക്കാർ വുഡ് ഇന്റസ്ട്രീസ്, ആലിൻകീഴിൽ | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 32 | രാംനാഥ് ട്രേഡേഴ്സ്, നീലേശ്വരം | 2022-23 ഒന്നാം രണ്ടും അർദ്ധവർഷം |
| 33 | റിയൽ ഹൈപ്പർമാർക്കറ്റ്, നീലേശ്വരം | 2022-23 ഒന്നാം രണ്ടും |

| | | |
|---|---|---|
| | | അർദ്ധവർഷം |
| 34 | ശ്രീനാരായണ വുഡ് ഇന്റസ്ട്രീസ്, ആലിൻകീഴിൽ | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 35 | അൽഫ വുഡ് ഇന്റസ്ട്രീസ്, പാലാത്തടം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 36 | മഹേഷ് വുഡ് ഇന്റസ്ട്രീസ് | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 37 | ഐവ ഫ്രഷ് ഹൈപ്പർമാർക്കറ്റ്, നീലേശ്വരം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 38 | ശ്രീനാരായണ ഫ്യൂവൽ സ്റ്റേഷൻ, പുത്തരിയടുക്കം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 39 | ബി.പി.സി.എൽ പെട്രോൾ പമ്പ്, വിഷ്ണു ഏജൻസീസ്, നീലേശ്വരം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 40 | എൻ.ജി.എം പ്രഭു പെട്രോൾ പമ്പ്, നീലേശ്വരം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |
| 41 | ഹിന്ദുസ്ഥാൻ പെട്രോളിയം, നീലേശ്വരം | 2022-23 ഒന്നും രണ്ടും അർദ്ധവർഷം |

മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 15 തീയ്യതി 22.01.2024)

## 1-19 വ്യാപാരികളുടെ തൊഴിൽ നികുതി കുടിശ്ശിക സംബന്ധിച്ച്

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം വ്യാപാരികളുടെ തൊഴിൽ നികുതി ഇനത്തിൽ വിവിധ വാർഡുകളിലായി ഒടുക്കാൻ ബാക്കിയുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നം. | കുടിശ്ശിക |
|---|---|
| 1 | 0 |
| 2 | 9160 |
| 3 | 45840 |
| 4 | 3700 |
| 5 | 6100 |
| 6 | 11250 |
| 7 | 1800 |
| 8 | 22680 |
| 9 | 3350 |
| 10 | 3450 |
| 11 | 1500 |
| 12 | 1080 |
| 13 | 750 |
| 14 | 2550 |
| 15 | 14630 |

| | |
|---|---|
| 16 | 7700 |
| 17 | 300 |
| 18 | 2100 |
| 19 | 4000 |
| 20 | 180 |
| 21 | 900 |
| 22 | 0 |
| 23 | 0 |
| 24 | 900 |
| 25 | 900 |
| 26 | 900 |
| 27 | 0 |
| 28 | 300 |
| 29 | 2550 |
| 30 | 450 |
| 31 | 2150 |
| 32 | 57620 |
| ആകെ | 208790 |

2, 3 എന്നീ വാർഡുകളിലായി കുടിശ്ശിക വരുത്തിയ വ്യാപാരികളുടെ പേരും പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വ്യാപാരിയുടെ പേര്, സ്ഥാപനം | അർദ്ധ വാർഷികതൊഴിൽ നികുതി | തൊഴിൽ നികുതി അടവാക്കേണ്ടുന്ന കാലയളവ് | ഈടാക്കേണ്ട തുക |
|---|---|---|---|---|
| വാർഡ്-2 | | | | |
| 1 | പവിത്രൻ വി വി, ബെറ്റ കൺസ്ട്രക്ഷൻ | 750 | രണ്ടാം അർദ്ധ വർഷം | 750 |
| 2 | സോളമൻ യേശുദാസ് ജേക്കബ്, ഫാഷൻ ടൈലേഴ്സ് | 450 | രണ്ടാം അർദ്ധ വർഷം | 450 |
| 3 | ഗണേഷ് പൈ, പൈ സൈക്കിൾസ് | 180 | ഒന്നും രണ്ടും അർദ്ധ വർഷം | 360 |
| 4 | മധു കെ, വിവേകാന്ദ ട്രാവൽസ് | 300 | രണ്ടാം അർദ്ധ വർഷം | 300 |
| 5 | എ ആന്റണി, കൃപ സ്റ്റീൽ | 600 | ഒന്നും രണ്ടും അർദ്ധ വർഷം | 1200 |
| 6 | അബ്ദുൾ സലാം, | 300 | ഒന്നും രണ്ടും | 600 |

| | | | | |
|---|---|---|---|---|
| | ബേക്കറി & ഫ്രൂട്ട്സ് | | അർദ്ധ വർഷം | |
| 7 | സജിത് കുമാർ വി, യുവ കമ്യൂണിക്കേഷൻ | 600 | രണ്ടാം അർദ്ധ വർഷം | 600 |
| 8 | സുമിത ടി, ന്യൂ ഇന്ത്യ ഇൻഷ്വറൻസ് | 450 | ഒന്നും രണ്ടും അർദ്ധ വർഷം | 900 |
| 9 | ടി അഷറഫ്, റൈഹാൻ ട്രേഡേഴ്സ് | 300 | ഒന്നും രണ്ടും അർദ്ധ വർഷം | 600 |
| 10 | മുസ്തഫ പി പി, പി കെ എം സ്റ്റോർസ് | 300 | രണ്ടാം അർദ്ധ വർഷം | 300 |
| 11 | ഹിമേഷ് കുഞ്ഞിരാമൻ, GCഡിജിറ്റൽ സ്റ്റുഡിയോ | 300 | ഒന്നും രണ്ടും അർദ്ധ വർഷം | 600 |
| വാർഡ്-3 | | | | |
| 1 | മോഹനൻ, ടോപ്പ് ടൈം വാച്ചസ് | 300 | ഒന്നും രണ്ടും അർദ്ധ വർഷം | 600 |
| 2 | സനീഷ് എ, പ്രണവം സിഡി ഷോപ്പ് | 450 | രണ്ടാം അർദ്ധ വർഷം | 450 |
| 3 | വാസു എ പി, കാലിക്കറ്റ് മെറ്റൽസ് | 450 | ഒന്നും രണ്ടും അർദ്ധ വർഷം | 900 |
| 4 | രാഘവൻ ടി, സംഘം വുഡ് ഇൻഡസ്ട്രീസ് | 750 | ഒന്നും രണ്ടും അർദ്ധ വർഷം | 1500 |
| 5 | പ്രകാശൻ പി, ആർ എം സ്റ്റോർസ് | 600 | ഒന്നും രണ്ടും അർദ്ധ വർഷം | 1200 |
| 6 | പ്രകാശൻ കെ വി, ഫ്രൂട്ട് സ്റ്റാൾ | 180 | രണ്ടാം അർദ്ധ വർഷം | 180 |
| 7 | മുരളീധരൻ, എലൈറ്റ് ഫ്രൂട്ട് സ്റ്റാൾ | 300 | ഒന്നും രണ്ടും അർദ്ധ വർഷം | 600 |
| 8 | സതി ദേവി, അക്ഷയ സെന്റർ | 180 | രണ്ടാം അർദ്ധ വർഷം | 180 |
| 9 | രാജൻ പി വി, ഓറഞ്ച് ഇലക്ട്രിക്കൽസ് | 300 | ഒന്നും രണ്ടും അർദ്ധ വർഷം | 600 |

| | | | | |
|---|---|---|---|---|
| 10 | അബ്ദുൾ റസാഖ്, അഹ്ല ട്രേഡ് ഹൗസ് | 180 | ഒന്നും രണ്ടും അർദ്ധ വർഷം | 360 |
| 11 | പി ജി മനോജ്, മറിയം ഹോസ്പിറ്റൽ | 1250 | ഒന്നും രണ്ടും അർദ്ധ വർഷം | 2500 |
| 12 | മുഹ്സിൻ അഹമ്മദ് പി പി, സേവന മെഡിക്കൽ ലാബ് | 600 | ഒന്നും രണ്ടും അർദ്ധ വർഷം | 1200 |
| 13 | കേശവ നമ്പീശൻ, വെജിറ്റബിൾ & മിൽമ | 600 | രണ്ടാം അർദ്ധ വർഷം | 600 |
| 14 | ടി സി അബ്ദുൾ ഷുക്കൂർ, ഹിൽ പ്രൊഡക്ട്സ് | 600 | രണ്ടാം അർദ്ധ വർഷം | 600 |
| 15 | രവീന്ദ്രൻ പി, ബുക്ക് & സ്റ്റേഷനറി | 300 | ഒന്നും രണ്ടും അർദ്ധ വർഷം | 600 |
| 16 | മുനീർ പി എ, ഇന്ത്യൻ ടെക്സ്റ്റൈൽസ് | 750 | രണ്ടാം അർദ്ധ വർഷം | 750 |
| 17 | മധു പി, ദേവിക ടെക്സ്റ്റൈൽസ് | 300 | രണ്ടാം അർദ്ധ വർഷം | 300 |
| 18 | കെ എം ബാബുരാജ്, കെ എം കെ ജ്വല്ലറി | 600 | രണ്ടാം അർദ്ധ വർഷം | 600 |
| 19 | മാഡായ് കുഞ്ഞിരാമൻ, ഹിൽ പ്രൊഡക്ട്സ് | 300 | ഒന്നും രണ്ടും അർദ്ധ വർഷം | 600 |
| 20 | അരവിന്ദ്, ഇന്ദിര ഫിനാൻസ് | 300 | ഒന്നും രണ്ടും അർദ്ധ വർഷം | 600 |
| 21 | ബാലൻ പി, ടെക്സ്റ്റൈൽ & സ്റ്റേഷനറി | 180 | ഒന്നും രണ്ടും അർദ്ധ വർഷം | 360 |
| 22 | കലാധരൻ പി, മിൽക്ക് സെയിൽ | 300 | ഒന്നും രണ്ടും അർദ്ധ വർഷം | 600 |
| 23 | കെ എം ബാലകൃഷ്ണൻ, കെ എം കെ ജ്വല്ലേഴ്സ് | 450 | ഒന്നും രണ്ടും അർദ്ധ വർഷം | 900 |
| 24 | രമ്യ എം വി, | 300 | ഒന്നും രണ്ടും | 600 |

| | | | | |
|---|---|---|---|---|
| | വൈഗ ടൈംസ് | | അർദ്ധ വർഷം | |
| 25 | രതീഷ് എ, ഐക്കൺ കമ്പ്യൂട്ടേഴ്സ് | 300 | ഒന്നം രണ്ടും അർദ്ധ വർഷം | 600 |
| 26 | സുരേഷ് ബാബു സി വി, വൈറ്റ് ലില്ലി ഒപ്റ്റിക്കൽസ് | 1000 | ഒന്നം രണ്ടും അർദ്ധ വർഷം | 2000 |
| 27 | മുനീർ സി എച്ച്, മണവാട്ടി ഫാൻസി | 300 | ഒന്നം രണ്ടും അർദ്ധ വർഷം | 600 |
| 28 | ശിവരാമൻ കെ വി, ബാറ്ററി ഷോപ്പ് | 600 | ഒന്നം രണ്ടും അർദ്ധ വർഷം | 1200 |
| 29 | മാധവൻ പൊതുവാൾ, ഓറഞ്ച് കളക്ഷൻ | 300 | ഒന്നം രണ്ടും അർദ്ധ വർഷം | 600 |
| 30 | ജയപ്രകാശ്, ആർ.കെ എന്റർപ്രൈസസ് | 300 | ഒന്നം രണ്ടും അർദ്ധ വർഷം | 600 |
| 31 | അശ്വതി എ, അശ്വതി റെഡിമെയ്ഡ് | 300 | ഒന്നം രണ്ടും അർദ്ധ വർഷം | 600 |
| 32 | വിനീഷ് കെ എം, ജി ടെക്ക് കമ്പ്യൂട്ടേഴ്സ് | 1250 | ഒന്നം രണ്ടും അർദ്ധ വർഷം | 2500 |
| 33 | തങ്കമണി പി, ജാസ്മിൻ ഫ്ലവേഴ്സ് | 180 | ഒന്നം രണ്ടും അർദ്ധ വർഷം | 360 |
| 34 | വിമല കെ പി, വിമല ലൈറ്റ് & സൗണ്ട്സ് | 750 | ഒന്നം രണ്ടും അർദ്ധ വർഷം | 1500 |
| 35 | ബീന കെ പി, റോക്കി ടൈലറിംഗ് യൂണിറ്റ് | 450 | ഒന്നം രണ്ടും അർദ്ധ വർഷം | 900 |
| 36 | വി വി ശരത്, ഒറോട്ടി കഫേ | 750 | ഒന്നം രണ്ടും അർദ്ധ വർഷം | 1500 |
| 37 | സതി പി ടി, ബ്യൂട്ടി ക്വീൻ | 300 | ഒന്നം രണ്ടും അർദ്ധ വർഷം | 600 |
| 38 | സംഗീത കുമാരി, ടൈം പാലസ് | 450 | രണ്ടാം അർദ്ധ വർഷം | 450 |
| 39 | ഗീത കെ, പ്രവാസി കോഫി | 750 | ഒന്നം രണ്ടും അർദ്ധ വർഷം | 1500 |

| | | | | |
|---|---|---|---|---|
| | ഹൗസ് | | | |
| 40 | രാജൻ, ആർ ആർ ഏജൻസീസ് | 300 | ഒന്നും രണ്ടും അർദ്ധ വർഷം | 600 |
| 41 | കലേഷ് പി, പ്രവാസി ഫ്രൂട്ട്സ് | 300 | ഒന്നും രണ്ടും അർദ്ധ വർഷം | 600 |
| 42 | ശശി ടി വി, അനശ്വര സ്റ്റോർസ് | 300 | ഒന്നും രണ്ടും അർദ്ധ വർഷം | 600 |
| 43 | ശശീന്ദ്രൻ, സ്പാർക്ക് ഹോംലി സൂപ്പർമാർക്കറ്റ് | 1250 | ഒന്നും രണ്ടും അർദ്ധ വർഷം | 2500 |
| 44 | സറീന എൻ എം, മാക്സ് ഹെർത്ത് ഫാർമസി | 450 | ഒന്നും രണ്ടും അർദ്ധ വർഷം | 900 |
| 45 | അനിൽ കെ, ഹണി ബേക്കറി | 450 | ഒന്നും രണ്ടും അർദ്ധ വർഷം | 900 |
| 46 | കെ ഹമീദ്, ജനറൽ സ്റ്റോർ | 300 | ഒന്നും രണ്ടും അർദ്ധ വർഷം | 600 |
| 47 | മൊഹമ്മദ് കുഞ്ഞി, എം.എ.എച്ച് സ്റ്റോർസ് | 600 | രണ്ടാം അർദ്ധ വർഷം | 600 |

ഇത് സംബന്ധിച്ച് മുഴുവൻ വാർഡുകളിലേയും വിവരങ്ങൾ പരിശോധിക്കേണ്ടതും വ്യാപാരികളിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നം. 13 തീയ്യതി 20.01.2023)

**1-20 മഴക്കാലപൂർവ്വ ശുചീകരണം- വാർഡ്തല ശുചിത്വപോഷണ സമിതികളുടെ അക്കൗണ്ടുകളിലേക്ക് തുക നൽകിയത്- ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.**

2022-23 വർഷത്തിൽ ശുചിത്വമിഷൻ ഫണ്ടിൽ നിന്നും 10000/-രൂപ വീതം വാർഡ്തല ശുചിത്വപോഷണ സമിതികൾക്ക് അനുവദിച്ചിട്ടുണ്ട്. പക്ഷെ ശുചിത്വമിഷൻ ഫണ്ട് ലഭ്യമാകാത്തതിനാൽ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കാനും പിന്നീട് റീക്കൂപ്പ് ചെയ്യാനും നം.(3)/തിയ്യതി.6.5.22 പ്രകാരം ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് താഴെപ്പറയുന്ന വൗച്ചറുകൾ പ്രകാരം 10000/-രൂപ വീതം 32 വാർഡ്തല ശുചിത്വപോഷണ സമിതികൾക്ക് അനുവദിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./തിയ്യതി | തുക | |
|---|---|---|---|
| 1 | 5/6-22/1.6.22 | 80000/- | സെക്രട്ടറിയുടെ ഉത്തരവ് നം.എച്ച്-1-1491/22/ തിയ്യതി-19.5.22 പ്രകാരം 32 |

| | | | |
|---|---|---|---|
| | | | വാർഡ്തല ശുചിത്വപോഷണ സമിതികളുടെ ബാങ്ക് |
| 2 | 6/6-22/1.6.22 | 240000/- | അക്കൗണ്ടിലേക്ക് തുക കൈമാറി |
| | ആകെ | 320000/- | |

പ്രവർത്തി നടത്തിയതിന്റെ ഫയൽ, അനുബന്ധരേഖകൾ, ബാങ്ക് പാസ്സ് ബുക്ക് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നം.21/25.01.2024 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി 9,10,11,12,13,14,15,16,17,18,19,20 എന്നീ 12 വാർഡുകളുടെ മഴക്കാലപൂർവ്വശുചീകരണം നടത്തിയതിന് തുക നൽകിയ മസ്റ്റർ റോൾ ഹാജരാക്കിയിട്ടുണ്ട്. ബാക്കി 10 വാർഡുകളുടെ മസ്റ്റർ റോൾ അടക്കമുള്ള ചെലവ് വിവരങ്ങൾ അനുബന്ധ രേഖകൾ 32 വാർഡ്തല ശുചിത്വപോഷണ സമിതികളുടെ ബാങ്ക് പാസ്സ് ബുക്ക് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 3,20,000/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

**1-21 വൈദ്യുതി പോസ്റ്റ് ഷിഫ്റ്റിംഗ് -KSEB ക്ക് തുക നൽകിയത് - പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല**

2022-23 വർഷത്തിൽ തനത് ഫണ്ടിൽ നിന്നും 2 സ്ഥലങ്ങളിലെ വൈദ്യുതി പോസ്റ്റുകൾ ഷിഫ്റ്റ് ചെയ്യുന്നതിനായി KSEB ക്ക് തുക നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തിയ്യതി | തുക | KSEB - എസ്റ്റിമേറ്റ്/ ഡിമാന്റ് നോട്ടിസ് നം. | വിശദവിവരങ്ങൾ |
|---|---|---|---|---|
| 1 | 20/3-23/3.3.23 | 49875/- | DBI/AE/ES/ NLR/ 2022-23/153B/ Dt.4.2.23-AE, KSEB Nileswar Section | കോട്ടപ്പുറം CHMKS GVHSS ന് സമീപമുള്ള പോസ്റ്റ് ഷിഫ്റ്റിംഗ് (ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം. 17/23.2.23) |
| 2 | 21/3-23/3.3.23 | 30978/- | DBI/AE/ES/ NLR/ NLR-2022-23/ Dt.11.2.23-AE, KSEB Nileswar Section | പഴനെല്ലി കൾവർട്ട് നിർമ്മാണം- പോസ്റ്റ് ഷിഫ്റ്റിംഗ് (ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം. 16/23.2.23) |

| | | | | |
|---|---|---|---|---|
| | ആകെ | 80853/- | | |

ഈ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 80853/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**(ഓഡിറ്റ് എൻക്വയറി നം.20/25.01.2024)**

**1-22 2022-23-സാമ്പത്തിക വർഷത്തിൽ നൽകിയ മുൻകൂർ ക്രമീകരിച്ചിട്ടില്ല**

അവലംബം (1):-സർക്കാർഉത്തരവ്(അച്ചടി)നം.419/11/ഫിൻ/തിയ്യതി 4.10.2011/ ഫിനാൻസ് (എക്സ്പെൻഡിച്ചർ-ബി) വകുപ്പ്.

(2):-ആർട്ടിക്കിൾ-99, കെ.എഫ്.സി-വാല്യം-1

2022-23 വർഷത്തിൽ വിവിധ അടിയന്തിര പ്രവർത്തനങ്ങൾ നടത്തുന്നതിന് നഗരസഭയിലെ ജീവനക്കാർക്ക് മുൻകൂർ ആയി തുക അനുവദിച്ചിട്ടുണ്ട്. പക്ഷെ നാളിതുവരെയായി ഈ തുക ക്രമീകരിച്ചിട്ടില്ല എന്ന് ഓഡിറ്റ് പരിശോധനയിൽ കാണുന്നു. ആകെ 204000/- രൂപ മുൻകൂർ അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തിയ്യതി | തുക | കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | ഏത് പ്രവർത്തിക്ക് |
|---|---|---|---|---|
| 1 | 76/6-22/22.6.22 | 10500/- | സത്യൻ.എം PWO-III | ROB കേടായ വിളക്കുകൾ നന്നാക്കൽ |
| 2 | 77/6-22/22.6.22 | 15000/- | സ്മിത.പി.പി-JHI-II | അമൃത് 2.0 – കുളം ജലപരിശോധന |
| 3 | 56/8-22/12.8.22 | 25000/- | സ്മിത.പി.പി-JHI-II | തൈക്കടപ്പുറം PHC ഉദ്ഘാടനം |
| 4 | 42/11-22/8.11.22 | 100000/- | രചന.കെ.പി JHI-II | കേരളോത്സവം |
| 5 | 59/11-22/17.11.22 | 5000/- | രചന.കെ.പി-JHI-II | കണിച്ചിറ തോടിന് സമീപം അപകടാവസ്ഥയിലുള്ള മരത്തിന്റെ ശിഖരങ്ങൾ മുറിക്കാൻ |
| 6 | 10/2-22/3.2.23 | 20000/- | സ്മിത.പി.പി-JHI-II | ശുചിത്വമിഷൻ-കൊച്ചി കോൺക്ലേവ് |
| 7 | 35/2-22/10.2.23 | 8500/- | സി.പ്രകാശ് സീ.ക്ലാർക്ക് | ബഡ്സ് സ്കൂൾ വാഹനം-റിപ്പയർ |
| 8 | 42/3-22/10.3.23 | 10000/- | രചന.കെ.പി-JHI-II | KL-60-N-8461-Pick Up Van റിപ്പയർ |
| 9 | 95/22-28.3.23 | 10000/- | വിജയൻ.വി.കെ PWO -I | ചിറപ്പുറം തിയറ്റർ കോംപ്ലക്സ് - |

| | | | | |
|---|---|---|---|---|
| | | | | സ്ഥലം ഡിജിറ്റൽ സർവ്വേ |
| | ആകെ | 204000/- | | |

മുകളിൽ സൂചിപ്പിച്ച 204000/-രൂപ മുൻകൂർ നൽകിയത് മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മുൻകൂർ തുക നൽകുന്നതിന് തയ്യാറാക്കിയ വിവിധ നടപടിക്രമങ്ങളിൽ ചെലവ് നടത്തി നിയമാനുസൃത കാലയളവിൽ ബില്ലുകളും വൗച്ചറുകളും ഹാജരാക്കി തുക ക്രമവൽക്കരിക്കണമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 18% പലിശ സഹിതം തിരിച്ചുപിടിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ക്രമീകരിച്ചതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കാത്തതിനാൽ മുൻകൂർ നൽകിയ 204000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം.19/25.01.2024**

**1-23 2022 വർഷത്തെ ഓണം ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയത്-മുഴുവൻ തുകയും തിരികെ പിടിച്ചിട്ടില്ല**

വൗച്ചർ നം.42/22-23/6.9.2022 - 90,000/-രൂപ

2022 വർഷത്തിൽ താഴെപ്പറയുന്ന 5 ജീവനക്കാർക്ക് 2022 വർഷത്തെ ഓണം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 90,000/-രൂപ നൽകിയിട്ടുണ്ട്.

1.നാരായണി.ടി- JHI -Gr-1 - 20,000/-

2.ബേബി.പി - UD Typist - 20,000/-

3.രാകേഷ് കൃഷ്ണൻ - ക്ലാർക്ക് - 10,000/-

4.ജോഷ്ന.വി.കെ - ക്ലാർക്ക് - 20,000/-

5.മെബിൻ.എ.പി - സാനിട്ടേഷൻ വർക്കർ - 20000/-

അഡ്വാൻസ് രജിസ്റ്റർ പരിശോധന നടത്തിയപ്പോൾ 2022 വർഷത്തെ ഓണം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അതിനാൽ പേ ബിൽ ഓഫീസ് കോപ്പി വച്ചാണ് പരിശോധന നടത്തിയത്. മേൽ വിവരിച്ച 5 ജീവനക്കാരിൽ നാരായണി.ടി- JHI -Gr-1 എന്നവർ 16,000/- രൂപ മാത്രമെ തിരികെ ഒടുക്കിയിട്ടുള്ളൂ, അവസാന ഗഡു 4000/-രൂപ ഒടുക്കുവാൻ ബാക്കിയുണ്ട്. ഈ തുക തിരികെ ഈടാക്കി വിശദവിവരങ്ങൾ ഹാജരാക്കേണ്ടതാണ്. അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്. മേൽ അപാകതകൾ കാരണം 90,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം.23/25.01.2024**

**1-24 നിലാവ് പദ്ധതി മീറ്ററിംഗ് സമ്പ്രദായം സ്ഥാപിക്കൽ പദ്ധതി –പൂർത്തീകരിച്ചിട്ടില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നം.25/23

അടങ്കൽ - 171299/-രൂപ – പ്ലാൻ ജനറൽ

ചെലവ് - 171299/-രൂപ

ബിൽ റഫറൻസ് നം.222003470004010025227/10.1.2023 – 171299/-രൂപ

നീലേശ്വരം നഗരസഭയിൽ നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനാണ് ഈ പദ്ധതി. സ്പിൽ ഓവർ പദ്ധതിയാണിത്. 2021-22 വർഷത്തിൽ പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിനോട് ആവശ്യപ്പെട്ടു. അസി.എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് നീലേശ്വരം സെക്ഷൻ ഇതിനായി ആകെ

3,71,299/-രൂപയുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചു. ഡിമാന്റ് നോട്ടീസ് നം.DB1/AE/ES/NLR/ 2021-22/122/തിയ്യതി-14.3.2022 പ്രകാരം 3,71,299/-രൂപ നീലേശ്വരം സെക്ഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ഒടുക്കണമെന്ന് ആവശ്യപ്പെട്ടു. ആ വർഷം 2,00,000/-രൂപ ഇലക്ട്രിക്കൽ സെക്ഷൻ നീലേശ്വരത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. 2022-23 വർഷം ബാക്കി തുക 1,71,299/-രൂപ 2022-23 വർഷത്തെ പദ്ധതി പ്രകാരം ഒടുക്കി.

പദ്ധതി പൂർത്തീകരിച്ചതിന്റെ വിശദവിവരങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 1,71,299/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

**ഓഡിറ്റ് എൻക്വയറി നം.25/25.01.2024**

**1-25 കലാപ്രവർത്തകർക്ക് വജ്രജൂബിലി ഫെല്ലോഷിപ്പ് -നഗരസഭാ വിഹിതം -പദ്ധതി**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.109/23

അടങ്കൽ - 300000/- രൂപ – പ്ലാൻ ജനറൽ

ചെലവ് - 187500/-രൂപ

1.ബിൽ റഫറൻസ് നം.22200347000400640928/13.10.22- 120000/-രൂപ

2.ബിൽ റഫറൻസ് നം.22200347000401313851/8.3.23 - 67500/-രൂപ

അവലംബം -1)ജി.ഒ(എം.എസ്)28/2017/സാംസ്കാരിക വകുപ്പ്/തിയ്യതി-10.10.2017

2)സർക്കുലർ നം.62/സി.ബി.2/18/തിയ്യതി-3.3.2018/തസ്വഭവ(സി.ബി)വകുപ്പ്

കേരളത്തിന്റെ സാംസ്കാരിക ഉന്നതി നിലനിർത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുക, പുതുതലമുറയിൽപ്പെട്ട കുട്ടികളിലും യുവാക്കളിലും കലാഭിമുഖ്യം ഉണർത്തുക, കലാവിഷയങ്ങളിൽ യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംസ്ഥാന സാംസ്കാരിക വകുപ്പ് ആരംഭിച്ച നൂതന പദ്ധതിയാണ് വജ്രജൂബിലി ഫെല്ലോഷിപ്പ് പദ്ധതി. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 394 കലാകാരന്മാർക്ക് വിദഗ്ധ പരിശീലനം നൽകി സംസ്ഥാനത്തെ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ബ്ലോക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ രൂപീകരിച്ച 75 ക്ലസ്റ്ററുകളിൽ വിന്യസിച്ച് ഗ്രാമപഞ്ചായത്തിന് കീഴിൽ വരുന്ന കമ്മ്യൂണിറ്റി ഹാളുകൾ, സാംസ്കാരിക കേന്ദ്രങ്ങൾ, വിദ്യാലയങ്ങൾ, ഗ്രന്ഥശാലകൾ എന്നിവിടങ്ങളിൽ വച്ച് കുട്ടികൾക്കും യുവാക്കൾക്കും കലാപരിശീലനം നൽകുന്നതാണ് പദ്ധതി.

നീലേശ്വരം നഗരസഭയിൽ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നം.(1)/5.4.2022 പ്രകാരം താഴെപ്പറയുന്ന 3 കലാകാരന്മാരെ വിന്യസിച്ചിട്ടുണ്ട്.

1.മുഹമ്മദ് മുദ്രിക്കത്ത് - മാപ്പിള കല

2.വിപിൻ,എം.കെ - പൂരക്കളി

3.അനന്തു.കെ.പി - പൂരക്കളി

തൈക്കടപ്പുറം, കോട്ടപ്പുറം, ചാത്തമത്ത്,അങ്കക്കളരി, പാലക്കാട്ട്, കടിഞ്ഞിമൂല എന്നിവിടങ്ങളിലാണ് കലാ പരിശീലനം നടക്കുന്ന സെന്ററുകൾ. സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ സാക്ഷ്യപത്രം പ്രകാരം ഇവർക്ക് ഫെല്ലോഷിപ്പ് വിഹിതം 2022 ഫെബ്രുവരി മാസം മുതൽ ഡിസംബർ വരെ താഴെപ്പറയും പ്രകാരം നൽകിയിട്ടുണ്ട്. 2022 മാർച്ച് മാസം വരെ പ്രതിമാസം 5000/-രൂപയും, 2022 ഏപ്രിൽ മാസം മുതൽ 7500/-രൂപയുമാണ് തുക.

| ക്രമ നം. | പരിശീലകന്റെ പേര് | കല | ആകെ നൽകിയ തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | മുഹമ്മദ് കുഞ്ഞി മുദ്രിക്കത്ത് | മാപ്പിള കല | 77500/-<br>(02/22 To 12/22) |
| 2 | വിപിൻ.എം.കെ | പൂരക്കളി | 62500/-<br>(02/22 To 10/22) |
| 3 | അനന്തു.കെ.പി | പൂരക്കളി | 47500/-<br>(02/22 To 08/22) |
| | | ആകെ | 187500/- |

തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1.സൂചന (2) സർക്കുലറിലെ ക്രമ നമ്പർ(iv)-Ii-ജനപ്രതിനിധികളും ഉദ്യോഗസ്ഥ നേതൃത്വവും ചേർന്ന് പരിശീലന കേന്ദ്രങ്ങൾ നിർണ്ണയിച്ച് തിട്ടപ്പെടുത്തുകയും കൃത്യമായ സമയക്രമം നിശ്ചയിക്കുകയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യണം.

2.ക്രമ നമ്പർ(iv)-Iii- തെരെഞ്ഞെടുക്കപ്പെട്ട പരിശീലന കേന്ദ്രത്തിന് ഒരു ക്രമ നമ്പർ നൽകേണ്ടതും തിരിച്ചറിയാനായി പദ്ധതി ലോഗോ സഹിതം സൈൻ ബോർഡ് സ്ഥാപിക്കേണ്ടതുമാണ്.

3.ക്രമ നമ്പർ(iv)-Iv- ഓരോ ക്ലസ്റ്ററിലും ഉൾപ്പെടുന്ന പഠന കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താനായി പ്രസിഡന്റ്, അംഗങ്ങൾ, സാംസ്കാരിക പ്രവർത്തകർ, യുവകലാസമിതി പ്രവർത്തകർ എന്നിവരടങ്ങുന്ന സമിതി രൂപീകരിക്കണം.

4. ക്രമ നമ്പർ(iv)-Vii- ഓരോ പരിശീലന കേന്ദ്രത്തിലും പഠിതാക്കളെ തെരെഞ്ഞെടുക്കുന്നതിന് അതാത് പ്രദേശത്തെ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ, കലാസാംസ്കാരിക പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ഫെല്ലോഷിപ്പ് കാലാകാരന്മാർ, ഗ്രന്ഥശാലാ പ്രവർത്തകർ തുടങ്ങിയവർ അടങ്ങുന്ന പ്രത്യേക സമിതി രൂപീകരിച്ച് പ്രവർത്തിക്കണം.

5. ക്രമ നമ്പർ (V) – നിശ്ചിത ഇടവേളകളിൽ ജില്ലാ തലത്തിൽ ഫെല്ലോഷിപ്പ് കലാകാരന്മാരും പഠിതാക്കളും കലാവതരണം നടത്തണം.നടത്തിയിട്ടുണ്ടോ എന്ന് വിശദീകരിക്കേണ്ടതാണ്.

6. ക്രമ നമ്പർ (Vi) – കലാപരിശീലനത്തിനും അവതരണത്തിനും ആവശ്യമായ വാദ്യോപകരണങ്ങൾ, ചമയങ്ങൾ, ആടയാഭരണങ്ങൾ എന്നിവ ക്ലസ്റ്റർ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതാണ്. ഇവ ലഭിച്ചിട്ടുണ്ടോ എന്ന് വിശദീകരിച്ചിട്ടില്ല.

7. ക്രമ നമ്പർ (Vii)- പദ്ധതിയുടെ ഏകോപനം, വിലയിരുത്തൽ എന്നിവയ്ക്ക് ജില്ലാ കോർഡിനേറ്റർമാരെ നിയമിക്കണം. പദ്ധതി നിർവ്വഹണം സംബന്ധിച്ച പ്രതിമാസ അവലോകന റിപ്പോർട്ട് ജില്ലാ കോർഡിനേറ്റർമാർ തയ്യാറാക്കണം.
മേൽ വിവരിച്ച സംഗതികളിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8. ക്രമ നമ്പർ (Viii)- പദ്ധതി നിർവ്വഹണം സംബന്ധിച്ച് വിവിധ ഘട്ടങ്ങളിൽ കൈവരിക്കുന്ന പുരോഗതി അവലോകനം, ഫെല്ലോഷിപ്പ് കാലാകാരന്മാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തൽ, അവർ സംഘടിപ്പിച്ച പരിശീലന ക്ലാസ്സുകളുടെ എണ്ണം, പഠിതാക്കളുടെ വിശദവിവരങ്ങൾ, ഹാജർ എന്നിവ സംബന്ധമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 187500/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

<u>**ഓഡിറ്റ് എൻക്വയറി നം.24/25.01.2024**</u>

**1-26 എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.**

പ്രിൻസിപ്പാൾ നിർവഹണം നടത്തിയ എസ്.എസ്.എ വിഹിതം അടവാക്കൽ എന്ന പ്രൊജക്ടുകൾ മുഖേന താഴെ പറയും പ്രകാരം ₹ 23,00,000, Block Project Officer SSK ക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ചതുക | ബിൽ നമ്പർ |
|---|---|---|
| എസ്.എസ്.എ.വിഹിതം, S0138/23 | 23,00,000 | 22200347002100648504/തീ. 14.10.2022, (വികസന ഫണ്ട് ജനറൽ) |

എസ്.എസ്.കെ പ്രൊജക്ട് നടപ്പിലാക്കുന്നത് എങ്ങനെയായിരിക്കണം എന്ന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ ( GO(MS) 84/2022/LSGD Dt 19.04.2022) വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസക്തമായവ താഴെ കൊടുക്കുന്നു

1. എസ്.എസ്.കെ. പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്രശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ( ഖ 8.6.3)
2. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രൊജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികൾ അടക്കമുള്ളവരുടെ പങ്കാളിത്തം എസ്.എസ്.കെ. ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നല്കണം. ( ഖ 8.6.4)

പ്രൊജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- പദ്ധതി തയ്യാറാക്കുന്നതിൽ നഗരസഭയുടെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല.
- പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ നഗരസഭയ്ക്ക് നൽകിയിട്ടില്ല.
- ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ നഗരസഭയെ അറിയിച്ചിട്ടില്ല.
- വികസന പദ്ധതികളിൽ നഗരസഭാ ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
- തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് എസ്.എസ്.കെ നൽകിയിട്ടില്ല.
- പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം/രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/27.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് നഗരസഭ ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് ഇവിടെ തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് നഗരസഭാ പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നും 2022-23 -ലെ വിശദമായ വിനിയോഗ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. ആയത് വരെ ചെലവ് തുക 23,00,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-27 തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ-ചെലവ് തുക തടസ്സപ്പെടുത്തുന്നു.**

| പ്രോജക്ട് | തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ (നം.S0141/23) |
|---|---|

| | |
|---|---|
| ചെലവഴിച്ച തുക (വികസന ഫണ്ട്). | 64,600 രൂപ, (BRNNo.2220034700210081 9326/തീ.25.11.22) |
| നിർവ്വഹണം | പ്രിൻസിപ്പാൾ |

പ്രൊജക്ട് പ്രകാരം പത്താംതരം, പ്ലസ് വൺ, പ്ലസ്ടു തുല്യതാ പരീക്ഷാ ഫീസ് ഇനത്തിൽ 64,600/- രൂപ വികസന ഫണ്ട് വിഹിതത്തിൽ നിന്നും സംസ്ഥാന സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്.

1. സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറിൽ നിന്നും പ്രോജക്ടുകൾക്കായി അടവാക്കിയ തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടില്ല.

2. പ്ലസ് വൺ, പ്ലസ്ടു തുല്യത പരീക്ഷയ്ക്കായി ആനുകൂല്യം ലഭ്യമായ പഠിതാക്കളുടെ ഹാൾടിക്കറ്റ്, പരീക്ഷ പാസ്സായതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമായിട്ടില്ല.

3. പത്താംതരം തുല്യത പരീക്ഷയ്ക്കായി ആനുകൂല്യം ലഭ്യമായ പഠിതാക്കളുടെ ഹാൾടിക്കറ്റ്, പരീക്ഷ പാസ്സായതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമായിട്ടില്ല. പഠിതാക്കളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരം ഫയലിൽ ഇല്ല.

മേൽ അപാകതകൾക്ക് വിശദീകരണം/രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 31/27.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവഴിച്ച 64,600 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-28 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - രണ്ട് ലാപ്ടോപ്പുകൾ വിതരണം ചെയ്തിട്ടില്ല - മാർഗ്ഗരേഖപ്രകാരമുള്ള മോണിറ്ററിംഗ് നടത്തുന്നില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ: പട്ടികജാതി വികസന ഓഫീസർ

1)

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 23- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം |
| അടങ്കൽ തുക | വികസന ഫണ്ട് (എസ്.സി.പി) - 300000/- |
| ചെലവ് തുക | ബിൽ റഫറൻസ് നമ്പർ: 22200347001701075352; തീയതി: 16/1/2023; തുക: 259560/- |
| തുക നൽകിയ സ്ഥാപനം | കെൽട്രോൺ |
| വാങ്ങിയ ലാപ്പ്ടോപ്പുകളുടെ എണ്ണം | 7 |
| ഡെലിവറി ചെല്ലാൻ നമ്പർ, തീയതി | 10407/ITP/22-23, 28/03/2023 |

2)

| | |
|---|---|
| പദ്ധതി നമ്പർ, പേര് | 197- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ തുക | വികസന ഫണ്ട് (എസ്.സി.പി) - 783354/- |
| ചെലവ് തുക | ബിൽ റഫറൻസ് നമ്പർ: 22200347001701435622; തീയതി: 22/3/2023; തുക: 712140/-<br>ബിൽ റഫറൻസ് നമ്പർ: 22200347001701462729; തീയതി: 24/3/2023; തുക: 71214/- |
| തുക നൽകിയ സ്ഥാപനം | കെൽട്രോൺ |

| | |
|---|---|
| വാങ്ങിയ ലാപ്പ്ടോപ്പുകളുടെ എണ്ണം | 22 |
| ഡെലിവറി ചെല്ലാൻ നമ്പർ, തീയതി | 02928/ITP/23-24, 16/06/2023 (20 എണ്ണം)<br>02929/ITP/23-24, 16/06/2023 (2 എണ്ണം) |

A) മേൽ പദ്ധതികൾ പ്രകാരം വാങ്ങിയ 29 ലാപ്പ്ടോപ്പുകളിൽ, "23- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം" എന്ന പദ്ധതിക്കായി 6 എണ്ണവും "197- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ്" എന്ന പദ്ധതിക്കായി 21 എണ്ണവും വിതരണം ചെയ്യുകയും ഡെലിവറി ചെല്ലാൻ നമ്പർ 10407/ ITP/22-23, 28/03/2023 പ്രകാരം ലഭ്യമായതിൽ ബാക്കി 2 ലാപ്പ്ടോപ്പുകൾ (സീരിയൽ നമ്പർ 1N124400PJ, 1N124400MX) വിതരണം ചെയ്യാതെ ശേഷിക്കുകയും ചെയ്യുന്നു. ആയതിനുള്ള വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ക്രമ നമ്പർ 1 പ്രകാരം 7 ലാപ്പ് ടോപ്പുകൾ വാങ്ങിയെങ്കിലും ഗുണഭോക്തൃപട്ടികയിലുണ്ടായിരുന്ന 2 വിദ്യാർത്ഥികൾ കോഴ്സ് നിർത്തുകയും കോളേജിൽ നിന്നും ടി.സി വാങ്ങി പോവുകയും ചെയ്തതിനാലാണ് 2 ലാപ്പ്ടോപ്പുകൾ ശേഷിച്ചത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

B) സ.ഉ(കൈ) നം 86/2022/തസ്വഭവ, 19.04.2022 മാർഗ്ഗരേഖ 14 പ്രകാരം പ്രോജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കും / ഉദ്യോഗസ്ഥനും, ഭരണസമിതിക്കും നൽകേണ്ടതാണ്.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയുള്ള പട്ടികജാതി വികസന ഓഫീസർ (ഇല്ലെങ്കിൽ മുനിസിപ്പൽ സെക്രട്ടറി) വർക്കിംഗ് ഗ്രൂപ്പ് കൺവീനറായിട്ടുള്ള പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പ് മേൽ പ്രകാരം നടപടി സ്വീകരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേരുകയോ റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

C) ലാപ്പ്ടോപ്പുകൾ കൃത്യമായി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടില്ല. ലാപ്പ്ടോപ്പുകളുടെ കൈപ്പറ്റ് രജിസ്റ്റർ മാത്രമാണ് സൂക്ഷിക്കുന്നത്. വിതരണം ചെയ്യുന്നതിനായി ലഭ്യമായിട്ടുള്ളവയും ഓഫീസ് ആവശ്യത്തിനായി ലഭ്യമായവയും പ്രത്യേകമായി രേഖപ്പെടുത്തേണ്ടതും. വിതരണം ചെയ്യാതെ ബാക്കിയുണ്ടെങ്കിൽ അവയുടെ സീരിയൽ നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി നിശ്ചിതമാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 27/25.01.2024)

വിതരണം ചെയ്യാതെ നിലനിൽക്കുന്ന ലാപ്പ്ടോപ്പുകൾ തുടർ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്ത് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്. കൂടാതെ ഈ പദ്ധതിയുമായി ബന്ധപ്പെട്ട മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്. അതുവരെ വിതരണം ചെയ്യാത്ത 2 ലാപ്പ്ടോപ്പുകളുടെ ചെലവുതുകയായ 74160/- രൂപ {(259560 /7) X 2} തടസ്സപ്പെടുത്തുന്നു.

**1-29 പി.എം.എ.വൈ ഭവന പദ്ധതി – ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നത് സംബന്ധിച്ച്**

സ്വന്തമായി സ്ഥലമുള്ള വാസയോഗ്യമായ ഭവനം ഇല്ലാത്ത എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാന സർക്കാരിന്റെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് പി.എം.എ.വൈ ഭവന പദ്ധതി.

നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ഭവന നിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയ ചുവടെ ചേർത്ത 32 ഗുണഭോക്താക്കൾ വീട് നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം എത്രയും വേഗം പൂർത്തീകരിക്കുവാനും, നിർമ്മാണം പൂർത്തീകരിച്ചിട്ടും തുടർ ഗഡുക്കൾ നൽകാത്തവർക്ക് പ്രസ്തുത തുക ലഭ്യമാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | അജിത കെ, പൂവാലംകൈ | 200000 | ലിന്റൽ |
| 2 | സാവിത്രി, വട്ടപ്പൊയിൽ | 280000 | മേൽക്കൂര |
| 3 | മാധവി പി, പുളിക്കൽ വീട്, പള്ളിക്കര | 200000 | മേൽക്കൂര |
| 4 | സുമതി വി, തെക്കേവീട്, തട്ടാച്ചേരി | 360000 | മേൽക്കൂര |
| 5 | കൃഷ്ണൻ വി വി, ചെമ്മക്കര, തോട്ടുംപുറം | 30000 | തുടങ്ങിയിട്ടില്ല |
| 6 | സതീശൻ കെ പി, മുണ്ടെമ്മാട് | 200000 | തറ |
| 7 | ശോഭ കെ പി, തോട്ടുംപുറം | 200000 | മേൽക്കൂര |
| 8 | സുധാകരൻ വി വി, തോട്ടുംപുറം | 200000 | മേൽക്കൂര |
| 9 | അഹമ്മദ് സി | 200000 | ലിന്റൽ |
| 10 | ദിവ്യ കെ | 360000 | മേൽക്കൂര |
| 11 | കെ ചന്ദ്രൻ, കടിഞ്ഞിമൂല | 200000 | മേൽക്കൂര |
| 12 | കലേഷ് കെ, കടിഞ്ഞിമൂല | 40000 | തറ |
| 13 | എബ്രഹാം ജീവൻ എ, തൈക്കടപ്പുറം | 40000 | തുടങ്ങിയിട്ടില്ല |
| 14 | ടി വി മനോഹരൻ, പുറത്തേക്കൈ | 360000 | മേൽക്കൂര |
| 15 | കുമ്പ ഒ കെ, അഴിത്തല | 280000 | മേൽക്കൂര |
| 16 | മഹിളാമണി എൻ, അഴിത്തല | 360000 | മേൽക്കൂര |
| 17 | ഷൈജ കെ പി, അഴിത്തല | 280000 | മേൽക്കൂര |
| 18 | ചിത്ര ടി പി, തൈക്കടപ്പുറം | 40000 | തുടങ്ങിയിട്ടില്ല |
| 19 | ജാനകി വി വി, വാഴവളപ്പിൽ വീട്, തൈക്കടപ്പുറം | 280000 | മേൽക്കൂര |
| 20 | ഉഷ പി വി, കൃപാലയം, തൈക്കടപ്പുറം | 360000 | മേൽക്കൂര |
| 21 | മിനി കെ പി, തൈക്കടപ്പുറം | 200000 | മേൽക്കൂര |
| 22 | ശാരദ സി, തൈക്കടപ്പുറം | 280000 | മേൽക്കൂര |
| 23 | മിനി സി, കൊട്രച്ചാൽ | 360000 | മേൽക്കൂര |
| 24 | തമ്പായി എം, കണിച്ചിറ | 360000 | മേൽക്കൂര |
| 25 | നിർമല പി വി, തെരു, നീലേശ്വരം | 360000 | മേൽക്കൂര |
| 26 | രജിത എം, തേർവയൽ, നീലേശ്വരം | 360000 | മേൽക്കൂര |
| 27 | ഗീത കെ, ചിറപ്പുറം | 30000 | തുടങ്ങിയിട്ടില്ല |
| 28 | പ്രകാശൻ കെ വി, ചിറപ്പുറം | 280000 | മേൽക്കൂര |
| 29 | ബിന്ദു, പാലാത്തടം, നീലേശ്വരം | 200000 | തറ |
| 30 | ദാമോദരൻ പി, പാലാത്തടം | 360000 | മേൽക്കൂര |
| 31 | എം വി മയിസറത്ത്, പാലാത്തടം | 360000 | മേൽക്കൂര |

| | | | |
|---|---|---|---|
| 32 | നാരായണ കെ പി, പുത്തരിയടുക്കം | 360000 | മേൽക്കൂര |

പദ്ധതിയ്ക്കായി ലഭ്യമാവേണ്ട കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ ലഭ്യമാക്കുവാനും, ഇതിനനുസൃതമായ തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം ഉൾപ്പെടുത്തി പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-30 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് &ബെയിലിംഗ് മെഷീൻ സ്ഥാപിക്കൽ പദ്ധതി – ഉപകരണങ്ങൾ പ്രവർത്തന സജ്ജമാക്കിയിട്ടില്ല- അപാകതകൾ**

| | | |
|---|---|---|
| പ്രൊജക്ട് നം | | 35/23 (സ്പിൽ ഓവർ 134/22) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | ഹെൽത്ത് സൂപ്പർവൈസർ |
| ചെലവ് | ധനകാര്യക്കമ്മീഷൻ വിഹിതം | 342824 (309940 + 32884 Gst & IT) PFMS Advice No C032373574285 Dt.24/03/2023) |
| | സ്വച്ഛഭാരത് ഭാരത് മിഷൻ | 287742 /- PFMS Advice No C032374891003 Dt.24/03/2023) |
| | ശുചിത്വ മിഷൻ | 191553 /- PFMS Advice No C032374919690 Dt.24/03/2023) |

നഗരസഭയിലെ ചിറപ്പുറം എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിൽ പുതുതായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് , ബെയിലിംഗ് മെഷീൻ , ഡസ്റ്റ് റിമൂവർ എന്നിവ സ്ഥാപിച്ചയിനത്തിൽ ഓഡിറ്റ് വർഷം വിവിധ ഫണ്ടുകളിൽ നിന്നായി 822119/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതി പ്രകാരം കരാർ ഏറ്റെടുത്ത സോഹം ഇംപെക്സ് രാജ്കോട്ട് എന്ന കമ്പനി, ഇൻവോയ്സ് നം 312/28-03-2022 പ്രകാരം മെഷിനറികൾ നഗരസഭയിൽ സപ്ലൈ ചെയ്തിരുന്നു. ഇൻവോയ്സ് പ്രകാരം നല്കേണ്ട 970100/-രൂപയിൽ 822119/-രൂപയാണ് തൻവർഷം വിതരണ സ്ഥാപനത്തിന് അനുവദിച്ചത് (789235 + GST& IT 32884). പ്രസ്തുത ഉപകരണങ്ങൾ സ്പെസിഫിക്കേഷൻ പ്രകാരം ഉള്ളവയാണോ എന്നത് സംബന്ധിച്ച് പരിശോധിക്കുവാൻ പെരിയ ഗവ പോളി ടെക്നിക്കൽ കോളേജിലെ മെക്കാനിക്കൽ വിഭാഗം ലക്ചറർ ശ്രീ പ്രജിൻ ലാലിനെ നിയോഗിച്ചിരുന്നു. സ്ഥാപിച്ച ഉപകരണങ്ങൾ ശുചിത്വ മിഷൻ സ്പെസിഫിക്കേഷൻ പാലിക്കാത്തതായി 16/09/2022ന് റിപ്പോർട്ട് ചെയ്തതിൻ പ്രകാരം പുതിയ ഉപകരണങ്ങൾ വിതരണം ചെയ്യുവാൻ നഗരസഭ 24/09/2022ന് കമ്പനിക്ക് കത്ത് നല്കുകയുണ്ടായി . ബെയിലിംഗ് യൂണിറ്റ്, ഡസ്റ്റ് റിമൂവർ എന്നിവ സ്പെസിഫിക്കേഷൻ പ്രകാരമുള്ളവയാണെന്ന് 30/11/2022 നും, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്ന് 16/03/2023നും പരിശോധന നടത്തിയ പോളിടെക്നിക് മെക്കാനിക്കൽ എഞ്ചിനിയറിംഗ് വിഭാഗം ലക്ചറർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 16/09/2022ന് ചൂണ്ടിക്കാണിച്ച ന്യൂനതകൾ ഏത് രീതിയിലാണ് പരിഹരിച്ചതെന്ന് പുതുക്കിയ പരിശോധന സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിട്ടില്ല . നിലവിൽ നൽകിയിരുന്ന ഉപകരണങ്ങൾ മാറ്റി നല്കിയതാണോ അതോ നിലവിൽ ഉണ്ടായിരുന്നതിൽ മാറ്റം വരുത്തിയതാണോ എന്നത് സംബന്ധിച്ച് സാക്ഷ്യപത്രത്തിൽ വ്യക്തമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് പുതുക്കിയ ഇൻവോയ്സും ലഭ്യമാക്കിയിട്ടില്ല. ഫയലിൽ ലഭ്യമായ ഇൻവോയ്സിൽ (No.312/28.03.2022) ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ വിവരങ്ങൾ പരാമർശിക്കാത്തതിനാൽ, നിലവിൽ നൽകിയിട്ടുള്ള ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ സംബന്ധിച്ച

വിവരങ്ങൾ കമ്പനിയുടെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ മുഖേന സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും ആയത് ശുചിത്വ മിഷൻ ടെക്നിക്കൽ കൺസൾട്ടന്റ് മുഖേന പരിശോധിച്ച് സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

2) നഗരസഭ MCF/RRF ൽ പദ്ധതിപ്രകാരം സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങൾ വൈദ്യുതി ലഭ്യതയില്ലാതിരുന്നതിനാൽ പ്രവർത്തിപ്പിച്ചിരുന്നില്ലെന്നും, നിലവിൽ പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നില്ലെന്നും കാണിച്ച് നഗരസഭാ ക്ലീൻ സിറ്റി മാനേജർ ഉപകരണങ്ങൾ സപ്ലൈ ചെയ്ത കമ്പനിക്ക് 06/01/2024ന് കത്ത് നൽകിയിട്ടുണ്ട്(നം.H1-6272/21). ഇത് പ്രകാരം തുടർ നടപടികൾ സ്വീകരിച്ച് ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുവാൻ കമ്പനി അധികൃതർ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. ഓഡിറ്റ് വേളയിൽ നേരിട്ട് നടത്തിയ പരിശോധനയിൽ ബെയിലിംഗ് മെഷീന്റെ പ്രധാന ഭാഗം ഇളകിപ്പോയതായി കാണുകയുണ്ടായി . ഇൻസ്റ്റലേഷൻ/ട്രയൽ റണ്ണിന് ശേഷം 1 വർഷത്തെ വാറന്റിയാണ് കമ്പനി നൽകുന്നത്. ബെയിലിംഗ് മെഷീൻ, ഡസ്റ്റ് റിമൂവർ എന്നിവയുടെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വാറന്റി കാലയളവ് പൂർത്തിയാകുന്നതിന് മുമ്പ് ബെയിലിംഗ് മെഷീന്റെ അറ്റകുറ്റപ്പണി നടത്തി പ്രവർത്തന സജ്ജമാക്കുവാൻ കമ്പനിക്ക് കർശന നിർദ്ദേശം നൽകേണ്ടതാണ്. ആയതിന് ശേഷമേ കമ്പനിക്ക് നല്കുവാൻ അവശേഷിക്കുന്ന 147981/-രൂപ (970100-822119) നല്കേണ്ടതുള്ളൂ.

3) പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4) 17/03/2023ന് നഗരസഭാ നഗരസഭാ ക്ലീൻ സിറ്റി മാനേജർ സാക്ഷ്യപ്പെടുത്തി നൽകിയ ഷ്രെഡ്ഡിംഗ് മെഷീന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ടിൽ INDICATER IS NOT RECEIVED TILL DATE എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത അപാകത പരിഹരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി.നം.16/ തി.22.01.2024 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മാലിന്യ സംസ്കരണകേന്ദ്രത്തിൽ സ്ഥാപിച്ച ഉപകരണങ്ങൾ (ബെയിലിംഗ് മെഷീൻ, ഡസ്റ്റ് റിമൂവർ, ഷ്രെഡ്ഡിംഗ് മെഷീൻ ) നാളിതുവരെ പ്രവർത്തന സജ്ജമാക്കുവാൻ അധികൃതർക്ക് സാധിച്ചിട്ടില്ല. ബെയിലിംഗ് മെഷീൻ അറ്റകുറ്റപ്പണി നടത്തി പ്രവർത്തനക്ഷമമാക്കുവാനും മറ്റുള്ളവ പ്രവർത്തിപ്പിക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതും, ആയത് സംബന്ധിച്ച് സാങ്കേതിക ക്ഷമതയുള്ള ഉദ്യോഗസ്ഥരിൽ നിന്നുമുള്ള പരിശോധന സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. മേൽ പരാമർശിച്ച അപാകതകൾ പരിഹരിച്ച് പരാമർശിത രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കായി ഓഡിറ്റ് വർഷം ചെലവഴിച്ച 822119/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-31 റിംഗ് കമ്പോസ്റ്റ് വിതരണം -സ്രോതസ്സിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല- വിതരണ രേഖകൾ അപൂർണ്ണം - മറ്റ് അപാകതകൾ-**

| | | |
|---|---|---|
| പ്രൊജക്റ്റ് നം | | 186/22-23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | | ഹെൽത്ത് സൂപ്പർവൈസർ |
| ചെലവ് | ധനകാര്യക്കമ്മീഷൻ വിഹിതം | 302798 (200454 + 102344 Gst ) PFMS Advice No C022324127846 Dt. 15/02/2023) |
| | | 1720000 PFMS Advice No C032336820926 Dt.16/03/2023) |
| | സ്വച്ഛഭാരത് ഭാരത് മിഷൻ | 334320 /- PFMS Advice No C022322092642 Dt.15/02/2023) |

| | | |
|---|---|---|
| | | |
| | ശുചിത്വ മിഷൻ | 222562 /- PFMS Advice No C022322097942 Dt.15/02/2023) |
| കരാർ ഏറ്റെടുത്ത സ്ഥാപനം | സൂര്യ ഡിസ്ട്രിബ്യൂട്ടേഴ്സ് തലശ്ശേരി (Invoice No.0018/24.01.2023 ₹955200 & Invoice No. 0029/07.03.2023 ₹ 1910400/- | |

1) പദ്ധതി പ്രകാരം 1200/- റിംഗ് കമ്പോസ്റ്റുകളുടെ വിലയിനത്തിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്നായി 2579680/- ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്.(GSTഉൾപ്പടെ ആകെ നൽകേണ്ട തുക 28,65,600/-രൂപ യാണെങ്കിലും ഗുണഭോക്തൃ വിഹിതം ഇനത്തിൽ ശേഖരിച്ച തുക തൻവർഷം ചെലവഴിച്ചിട്ടില്ല) . കരാറുകാരന് പേയ്മെന്റ് നല്കുമ്പോൾ ഇൻവോയ്സുകൾ പ്രകാരമുള്ള അറ്റ തുകയുടെ (2558570) 2% GST (51172) 2% IT(51172) എന്നിവ ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കേണ്ടിയിരുന്നു. ഇൻവോയ്സ് നം. 0018/24-01-2023പ്രകാരം 400 റിംഗ് കമ്പോസ്റ്റുകളുടെ വില നൽകിയപ്പോൾ സി.എഫ്.സി വിഹിതത്തിൽ നിന്നും (PFMS Advice No. 022324127846/15/02/2023) അനുവദിച്ച തുകയിൽ നിന്നും 102344/-രൂപ GSTഇനത്തിൽ കുറവ് വരുത്തിയിട്ടുണ്ട് പ്രസ്തുത തുക 2023-24സാമ്പത്തിക വർഷം ബന്ധപ്പെട്ട വകുപ്പിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. എന്നാൽ 1961ലെ കേന്ദ്ര ആദായ നികുതി നിയമത്തിലെ സെക്ഷൻ 194c അനുസരിച്ച് സ്രോതസ്സിൽ നിന്നും ഈടാക്കേണ്ട ആദായ നികുതി (2%) ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിക്കിയിട്ടില്ല. ആദായ നികുതി ഇനത്തിൽ കുറവ് വരുത്തേണ്ട തുക 51172രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2) പദ്ധതി പ്രകാരം ശേഖരിച്ച ഗുണഭോക്തൃ വിഹിതം 285920/-രൂപ ഓഡിറ്റ് വർഷം ചെലവഴിച്ച് കാണുന്നില്ല. ഗുണഭോക്തൃ വിഹിതം തുക കരാറുകാരന് ഇനിയും കൈമാറിയിട്ടില്ലെങ്കിൽ പ്രസ്തുത തുക അനുവദിക്കുമ്പോൾ മേൽ പരാമർശിച്ച പ്രകാരം ഈടാക്കേണ്ട ആദായ നികുതി കൂടി പ്രസ്തുത തുകയിൽ നിന്നും ഈടാക്കേണ്ടതാണ്.

3) പദ്ധതി നടത്തിപ്പ് ഫയലിൽ സൂക്ഷിച്ചിട്ടുള്ള, റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്തതിന്റെ കൈപ്പറ്റ് രേഖകൾ പൂർണ്ണമല്ല. ഗുണഭോക്താക്കൾ ഒപ്പിട്ട പ്രിന്റ് ചെയ്ത സ്റ്റേറ്റ്മെന്റും, പ്രത്യേക രസീതുകളും ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും അവയിൽ എഴുതിച്ചേർക്കലുകളും തിരുത്തലുകളും ഉള്ളതിനാൽ വാർഡ് തിരിച്ച് വിതരണം ചെയ്തവയുടെ ആകെ എണ്ണത്തിന്റെ കൃത്യത വ്യക്തമല്ല. ആയതിനാൽ പദ്ധതി പ്രകാരം ഓഡിറ്റ് വർഷം വാങ്ങിയ റിംഗ് കമ്പോസ്റ്റുകൾ വിതരണം ചെയ്ത ഗുണഭോക്താക്കളുടെ വിശദാംശം രേഖപ്പെടുത്തിയ വാർഡ് തിരിച്ചുള്ള പട്ടിക ബന്ധപ്പെട്ട വാർഡ് കൗൺസിലർ, നിർവ്വഹണ ഉദ്യോഗസ്ഥൻ, ശുചിത്വ , മോണിട്ടറിംഗ് സമിതി അംഗങ്ങൾ എന്നിവർ സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി.നം.16/ തി.22.01.2024 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നല്കുന്നതുവരെ പദ്ധതിയ്ക്കായി 2022-23 വർഷം ചെലവഴിച്ച 2579680/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-32 ഓട ശുചീകരണം - നടപടിക്രമങ്ങളിൽ അപാകത**

പ്രൊ.നം 306/22-23 - നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെൽത്ത് സൂപ്പർവൈസർ

നഗരസഭയിലെ വിവിധ സ്ഥലങ്ങളിലെ ഓടകൾ വൃത്തിയാക്കുന്നതിനായി ഓഡിറ്റ് വർഷം 395340/-രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. 2022 ഏപ്രിൽ, മെയ് മാസങ്ങളിൽ നഗരസഭയിലെ വിവിധ സ്ഥലങ്ങളിൽ ഓട വൃത്തിയാക്കിയതിന് മസ്റ്റർ റോൾ പ്രകാരം തൊഴിലാളികളുടെ വേതനം ഇനത്തിലാണ് മേൽ തുക വിനിയോഗിച്ചിട്ടുള്ളത്. നടത്തിപ്പ് ചുമതലയുള്ള JHIയ്ക്ക് മുൻകൂറായി തുക അനുവദിച്ച ശേഷം

ക്രമീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. (ചെക്ക് നം.508100/23-4-2022 ₹200000/- & ചെക്ക് നം. 508134/30-5-2022 ₹200000/- ഇതിൽ ചെലവ് 395340/-രൂപ കിഴിച്ച് അവശേഷിച്ച തുക 4660/-രൂപ 12/9/2022ന് നഗരസഭയിൽ തിരിച്ചടച്ചു) നഗരസഭാ എഞ്ചിനിയറിംഗ് വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുകയിൽ പരിമിതപ്പെടുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടുകയുണ്ടായി

എ) നഗരസഭയിലെ വിവിധ ഓടകൾ വൃത്തിയാക്കുന്നതിന് നഗരസഭാ എഞ്ചിനിയറിംഗ് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷം വാല്യുവേഷൻ റിപ്പോർട്ട് തയ്യാറാക്കുകയോ അളവ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത് MORD സ്പെസിഫിക്കേഷൻ പ്രകാരമാണ് . റോഡ് നിർമ്മാണ /അനുബന്ധ പ്രവൃത്തികൾക്കാണ് MORD സ്പെസിഫിക്കേഷൻ ഉപയോഗിക്കുന്നത്. ഓട വൃത്തിയാക്കുന്ന പ്രവൃത്തിക്ക് DSR (2018) Code 2.6.1പ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുസരിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നത്.

ബി) 395340/-രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും പ്രവൃത്തിക്കായി ടെണ്ടർ നടപടികൾ സ്വീകരിച്ച് കാണുന്നില്ല. മൊത്തം പ്രവൃത്തികൾ ഒറ്റ യൂണിറ്റായി കണക്കാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി നിർവ്വഹണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

സി) തൊഴിലാളികളുടെ വേതനം പണമായി നല്കിയതിന്റെ രസീതുകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാങ്ക് അക്കൗണ്ട് മുഖേനയല്ല തുക നല്കിയിട്ടുള്ളത്.

ഡി) വാർഡ് തല സാനിറ്റേഷൻ സമിതികൾ മുഖേന മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾ സമാന കാലയളവിൽ നടത്തി വരുന്നുണ്ട്. ഓട ശുചീകരണ പ്രവൃത്തിയും, മഴക്കല പൂർവ്വ ശുചീകരണ പ്രവൃത്തിയും ഒരേ പ്രദേശത്ത് നിർവ്വഹിക്കുമ്പോൾ ഇരട്ടിപ്പ് വരാനുള്ള സാധ്യത ഒഴിവാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി.നം.17/ തി.23.01.2024 പ്രകാരം ഇക്കാര്യത്തിൽ കൂടുതൽ വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം പദ്ധതികൾ നടപ്പിലാക്കുമ്പോൾ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതുവരെ പദ്ധതിയ്ക്കായി 2022-23 വർഷം ചെലവഴിച്ച 395340/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-33 കുടിവെള്ള വിതരണം - രേഖകളുടെ സൂക്ഷിപ്പിൽ അപാകത**

(പ്രൊജക്ട് നം.18/23) നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെൽത്ത് സൂപ്പർവൈസർ

നീലേശ്വരം നഗരസഭയിൽ വരൾച്ചാ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തിയതിനുള്ള പ്രതിഫലം ഇനത്തിൽ വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും 378612/-രൂപ 2022-23വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ട്. (ട്രഷറി ബിൽ നമ്പർ : 22200347000900518879 തിയതി .06/09/2022) . ടെണ്ടർ നടപടികൾ സ്വീകരിച്ച് കിലോമീറ്ററിന് 78/-രൂപ നിരക്കിലാണ് തുക അനുവദിച്ചിട്ടുള്ളത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പിൽ ചുവടെ ചേർത്ത ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടുകയുണ്ടായി .

എ) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ടെണ്ടർ പരസ്യത്തിൽ ( H1-1150/22 Dt.11/04/2022) കുടിവെള്ള വിതരണ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ചാർജ്ജ് ഓഫീസർ, ബന്ധപ്പെട്ട വാർഡ് കൗൺസിലർ, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവർ സാക്ഷ്യപ്പെടുത്തിയതിനുശേഷമേ തുക അനുവദിക്കുകയുള്ളു എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ട്രിപ്പ് ഷീറ്റുകളിൽ JHI മാത്രമേ ഒപ്പ് രേഖപ്പെടുത്തിയിട്ടുള്ളൂ.

ബി) വിതരണം ചെയ്യുന്ന കുടിവെള്ളം സർക്കാർ അംഗീകൃത ലാബുകളിൽ പരിശോധിച്ച് ഉപയോഗയോഗ്യമാണെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ടെണ്ടർ പരസ്യത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാർ ഇതു സംബന്ധിച്ച സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കരാറുകാർ കുടിവെള്ളം ശേഖരിച്ച കേരള ജല അതോറിറ്റി പമ്പിംഗ് സ്റ്റേഷൻ അധികൃതരിൽ നിന്നുമുള്ള സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

സി) കരാറുകാരന് ബിൽ തുക അനുവദിച്ചപ്പോൾ സ്രോതസ്സിൽ നിന്നും ഈടാക്കിയ ആദായ നികുതി 3786/-രൂപ ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയതിന്റെ ചലാൻ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി.നം.16/ തി.22.01.2024 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ബന്ധപ്പെട്ട രേഖകൾ സഹിതം മറുപടി നല്കുന്നതുവരെ പദ്ധതിയ്ക്കായി 2022-23 വർഷം ചെലവഴിച്ച 378612/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-34 അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവിന് വിഹിതം നല്കിയത് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.**

പ്രൊ.നം 379/22-23 - നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെൽത്ത് സൂപ്പർവൈസർ

ശുചിത്വ മിഷൻ നടത്തിയ അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവിനുള്ള നഗരസഭാ വിഹിതം ഇനത്തിൽ 100000/-രൂപ ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്(PFMS Advice No.C022318745802/Dt.05/01/2023). പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 100000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി.നം.17/ തി.23.01.2024)

**1-35 പൂവാലംകൈ വനശാസ്ത അമ്പലം തോട് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി - DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാതെ MoRD സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധിക ചെലവ്.**

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മുനിസിപ്പൽ എഞ്ചിനീയർ. |
| പ്രൊജക്ട് നം. | എസ്.ഒ. 102/23 (പൂവാലംകൈ വനശാസ്ത അമ്പലം തോട് സൈഡ് കെട്ടൽ) |

പൂവാലംകൈ വനശാസ്ത അമ്പലം തോട് സൈഡ് കെട്ടൽ എന്ന പ്രവൃത്തിക്ക് MoRD സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ 47,033/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. ഈ പദ്ധതിക്കായി MoRD (2018) സ്പെസിഫിക്കേഷൻ പ്രകാരം PRICE-1 സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് (EST NO: 2022/5583) തയ്യാറാക്കിയത്. പ്രവൃത്തിയിൽ ഐറ്റം 1 ആയി നടപ്പാക്കിയ ഫൗണ്ടേഷനായി മണ്ണ് കിളച്ചുമാറ്റുന്ന പ്രവൃത്തിക്ക് DSR 2018 With Cost Index 33.05% -ലെ കോഡ് 2.6.1-ന്റ നിരക്കായ ₹ 210.02/$M^3$ ആണ് അനുവദനീയം. അതുപോലെ, പ്രവൃത്തിയിൽ ഐറ്റം 2 ആയി നടപ്പാക്കിയ നടപ്പാക്കിയ കല്ല് കെട്ടുന്ന പ്രവൃത്തിക്ക് DSR 2018 With Cost Index 33.05% അടിസ്ഥാനമാക്കി തയ്യാറാക്കുന്ന Observed Data പ്രകാരം 2223.67/$M^3$ ആണ് അനുവദനീയം. എന്നാൽ പദ്ധതിക്കായി MoRD (2018) സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് അനുവദിച്ചതിനാൽ 47,033/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. നഷ്ടം സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 35 തീ: 27.01.2024).

**1-36 മരാമത്ത് പ്രവൃത്തികളിൽ സ്കാരിഫൈ ചെയ്യുമ്പോൾ ലഭിക്കുന്ന സാമഗ്രികളുടെ ഡിസ്പോസൽ വിവരം രേഖപ്പെടുത്താത്തത് സംബന്ധിച്ച്**

നഗരസഭ നടപ്പിലാക്കിലാക്കിയ ചില റോഡ് പുനരുദ്ധാരണ പ്രവൃത്തികളിൽ "Preparation Of Foundation And Embankment By Scarifying Existing Bituminous Surface To A Depth Of 150mm" (MoRD – 3.2), "Preparation Of Foundation And Embankment By Scarifying Existing Bituminous Surface To A Depth Of 50mm" (MoRD – 3.1) എന്നീയിനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം സ്കാരിഫൈ ചെയ്യുമ്പോൾ

ലഭിക്കുന്ന മെറ്റീരിയലുകളുടെ പുനരുപയോഗം / ഡിസ്പോസൽ സംബന്ധിച്ച് എസ്റ്റിമേറ്റുകളിൽ പരാമർശിച്ചിട്ടില്ല. ഈ പ്രവൃത്തികളിൽ തന്നെ Scarifying എന്നയിനത്തോടൊപ്പം തന്നെ Granular Sub Base (MoRD 4.1.A.1) കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും Scarify ചെയ്യുമ്പോൾ ലഭിച്ച സാമഗ്രികൾ Granular Sub Base എന്ന പ്രവൃത്തിക്ക് ഉപയോഗിച്ചതായി കാണുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്, പ്രവൃത്തിയുടെ പേര്, കരാറുകാരൻ, ചെലവ് | എസ്റ്റിമേറ്റ് നം, എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ് | അളവു പുസ്തകത്തിന്റെ നമ്പർ, അളവു പുസ്തകം പ്രകാരം സ്കാരിഫൈ ചെയ്ത അളവ് | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രോജക്ട്- 231/23<br>പ്രവൃത്തിയുടെ പേര്- പുതുക്കൈ കണിയാംപറമ്പിൽ റോഡ്<br>കരാറുകാരൻ- ബാബു എം ജോസഫ്<br>ചെലവ് - 3,43,399 (BRN 222003470000701483284/25.03.2023) | എസ്റ്റിമേറ്റ് നം- 63181/2022<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 144 Sqm<br>(MoRD – 3.1) | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 150.69 Sqm<br>(MoRD – 3.1) | Scarify ചെയ്തതിൽ ലഭിച്ച സാമഗ്രികളുടെ പുനരുപയോഗം / ഡിസ്പോസൽ സംബന്ധിച്ച് ഫയലിലോ മറ്റു രേഖകളിലോ പരാമർശമില്ല.<br>ഇതേ പ്രവൃത്തിയിൽ ഇനം 2 ആയി കോഡ് 4.1.A.1- Granular Sub Base With Well Graded Material, 7.2 Cum ചെയ്തിട്ടുണ്ടെങ്കിലും Scarify ചെയ്യുമ്പോൾ ലഭിച്ച സാമഗ്രികൾ ഇതിനായി ഉപയോഗിച്ചിട്ടില്ല. |
| 2 | പ്രോജക്ട്- 239/23<br>പ്രവൃത്തിയുടെ പേര്- കോട്ടപ്പുറം മഖാം വലിയ വീട് റോഡ് റീടാറിംഗ് ആന്റ് കോൺക്രീറ്റിംഗ്<br>കരാറുകാരൻ- സി.നാരായണൻ<br>ചെലവ് - 3,78,934 (BRN 222003470000701425731/21.03.2023),<br>3,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | എസ്റ്റിമേറ്റ് നം- 63547/2022<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 306 Sqm<br>(MoRD – 3.2) | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- | Scarify ചെയ്തതിൽ ലഭിച്ച സാമഗ്രികളുടെ പുനരുപയോഗം / ഡിസ്പോസൽ സംബന്ധിച്ച് ഫയലിലോ മറ്റു രേഖകളിലോ പരാമർശമില്ല. |

| | | | | |
|---|---|---|---|---|
| | | | 150 Sqm<br>(MoRD – 3.2) | ഇതേ പ്രവൃത്തിയിൽ ഇനം 3 ആയി കോഡ് 4.11.2 Granular Sub Base With Well Graded Material, 18 Cum ചെയ്തിട്ടുണ്ടെങ്കിലും Scarify ചെയ്യുമ്പോൾ ലഭിച്ച സാമഗ്രികൾ ഇതിനായി ഉപയോഗിച്ചിട്ടില്ല. |
| 3 | പ്രോജക്ട്- 331/23<br>പ്രവൃത്തിയുടെ പേര്- സെന്റ് ആൻസ് സ്കൂൾ റോഡ് കോൺക്രീറ്റിംഗ്<br>കരാറുകാരൻ- കെ.എ.അബ്ദുള്ള<br>ചെലവ് - 3,00,000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്),<br>1,05,767 (തനതു ഫണ്ട്) | എസ്റ്റിമേറ്റ് നം- 100572/2022<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി ചെയ്യേണ്ടിയിരുന്ന അളവ്- 282 Sqm<br>(MoRD – 3.2) | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു പുസ്തകം പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 282 Sqm<br>(MoRD – 3.2) | Scarify ചെയ്തതിൽ ലഭിച്ച സാമഗ്രികളുടെ പുനരുപയോഗം / ഡിസ്പോസൽ സംബന്ധിച്ച് ഫയലിലോ മറ്റു രേഖകളിലോ പരാമർശമില്ല.<br>ഇതേ പ്രവൃത്തിയിൽ ഇനം 2 ആയി കോഡ് 4.11.2 Granular Sub Base With Well Graded Material, 22.560 Cum ചെയ്തിട്ടുണ്ടെങ്കിലും Scarify ചെയ്യുമ്പോൾ ലഭിച്ച സാമഗ്രികൾ ഇതിനായി ഉപയോഗിച്ചിട്ടില്ല. |
| 4 | പ്രോജക്ട്- 330/23<br>പ്രവൃത്തിയുടെ പേര്- NH മുതൽ കണക്കര പമ്പ് ഹൗസ് റോഡ് മെച്ചപ്പെടുത്തൽ<br>കരാറുകാരൻ- വി.വി.മനോജൻ | എസ്റ്റിമേറ്റ് നം- 63602/2022<br>എസ്റ്റിമേറ്റ് പ്രകാരം Scarifying പ്രവൃത്തി | അളവു പുസ്തകത്തിന്റെ നമ്പർ- E Book<br>അളവു പുസ്തകം | Scarify ചെയ്തതിൽ ലഭിച്ച സാമഗ്രികളുടെ പുനരുപയോഗം / ഡിസ്പോസൽ |

| | | | | |
|---|---|---|---|---|
| | ചെലവ് - 2,97,778 (തനതു ഫണ്ട്) | ചെയ്യേണ്ടിയിരുന്ന അളവ്- 240 Sqm (MoRD – 3.2) | പ്രകാരം Scarifying പ്രവൃത്തി ചെയ്ത അളവ്- 244.125 Sqm (MoRD – 3.2) | സംബന്ധിച്ച് ഫയലിലോ മറ്റു രേഖകളിലോ പരാമർശമില്ല. ഇതേ പ്രവൃത്തിയിൽ ഇനം 2 ആയി കോഡ് 4.11.2 Granular Sub Base With Well Graded Material, 18.3110 Cum ചെയ്തിട്ടുണ്ടെങ്കിലും Scarify ചെയ്യുമ്പോൾ ലഭിച്ച സാമഗ്രികൾ ഇതിനായി ഉപയോഗിച്ചിട്ടില്ല. |

ബിറ്റുമിനസ് പ്രതലങ്ങൾ സ്കാരിഫൈ ചെയ്യുമ്പോൾ പുനരുപയോഗ യോഗ്യമായ ജി.എസ്.ബി യായി ഉപയോഗിക്കാവുന്ന സാമഗ്രികൾ ലഭിക്കേണ്ടതാണ്. എന്നാൽ മേൽ വിവരിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ സ്കാരിഫൈ ചെയ്യുമ്പോൾ ലഭിക്കാനിടയുള്ള മെറ്റീരിയലുകളുടെ പുനരുപയോഗമോ ഡിസ്പോസലോ സംബന്ധിച്ച് പരാമർശിച്ചിട്ടില്ല. കൂടാതെ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിലോ ഫയലുകളിലോ ഇത് പരാമർശിച്ചിട്ടില്ല. ബിറ്റുമിനസ് പ്രതലങ്ങളുടെ സ്കാരിഫിക്കേഷൻ എന്ന ഇനം എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തുന്ന പക്ഷം ഈ പ്രവൃത്തിയിൽ ലഭിക്കാനിടയുള്ള മെറ്റീരിയലുകൾ എത്രയെന്നും ഇവയുടെ പുനരുപയോഗം/വിൽപ്പന/ഡിസ്പോസൽ എന്നിവ സംബന്ധിച്ച് എസ്റ്റിമേറ്റിൽ പ്രതിപാദിക്കേണ്ടതും മെറ്റീരിയലുകളുടെ അളവു വിവരം അളവു പുസ്തകങ്ങളിൽ രേഖപ്പെടുത്തേണ്ടതുമാണ്. സ്കാരിഫൈ ചെയ്ത് ലഭിക്കുന്ന മെറ്റീരിയലുകൾ, പ്രവൃത്തിയിൽ GSB ഇനം ഉൾപ്പെടുന്ന പക്ഷം ആയിനത്തിനായി ഉപയോഗിക്കേണ്ടതും അല്ലാത്ത പക്ഷം സാമഗ്രികളുടെ ഡിസ്പോസൽ വിവരങ്ങൾ ഫയലിൽ പ്രതിപാദിക്കേണ്ടതുമാണ്.

**1-37 ഇ-ടെണ്ടറുകളിലെ ബിഡ് സർപ്പണ ഫീസ് വരവ് സംബന്ധിച്ച്.**

1) ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ഇടെണ്ടറിൽ ബിഡ്ഡർമാർ അടക്കുന്ന നിരത ദ്രവ്യം, ബിഡ് സമർപ്പണ ഫീസ് എന്നിവ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ യിലുള്ള 67262938235 നമ്പർ അക്കൗണ്ടിലാണ് വരവു വന്നിരുന്നത്. 21.06.2014 മുതൽ ഇത്തരത്തിൽ ഈ അക്കൗണ്ടിൽ തുകകൾ വന്നിരുന്നു. തുടർന്ന് 2019 മുതൽക്ക് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വന്തം അക്കൗണ്ടുകൾ ആരംഭിച്ച് ഇ ടെണ്ടർ സൈറ്റിൽ മാപ്പ് ചെയ്ത് തുകകൾ അതിലേക്ക് ക്രഡിറ്റ് ചെയ്തു വരുന്നു. 2014 മുതൽ ഈ അക്കൗണ്ടിൽ വരവു വന്ന തുകകൾ അക്കൗണ്ടിൽ കെട്ടിക്കിടക്കുകയായിരുന്നു. ആരംഭം മുതൽക്ക് കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതിൽ ഈ അക്കൗണ്ടിലെ തുകകൾ അതാത് സ്ഥാപനങ്ങൾക്ക് തിരികെ നൽകാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സാധിച്ചിരുന്നില്ല. ഇത് ഓഡിറ്റുകളിൽ വ്യാപകമായ വിമർശനങ്ങൾക്കു വഴി വച്ചതിനാൽ ഈ അക്കൗണ്ടിലെ തുകകൾ കണക്കാക്കി അതാത് സ്ഥാപനങ്ങൾക്കു തിരികെ നൽകാൻ ജില്ലാ പഞ്ചായത്ത് നിർദേശിച്ചതിനെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അവർക്ക് അർഹതപ്പെട്ട തുകകൾ

കണക്കാക്കി ഡിമാന്റ് ചെയ്യാൻ ആവശ്യപ്പെടുകയും അപ്രകാരം അവശ്യപ്പെട്ട സ്ഥാപനങ്ങൾക്ക് തുക തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ നീലേശ്വരം നഗരസഭ തങ്ങൾക്ക് അർഹതപ്പെട്ട തുക കണക്കാക്കി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറെ അറിയിക്കാത്തതിനാൽ നാളിതു വരെ നഗരസഭയ്ക്ക് അർഹതപ്പെട്ട തുക ലഭിച്ചിട്ടില്ല.

2) നിലവിൽ ഇ–ടെണ്ടറുകളിലെ ബിഡ് സമർപ്പണ ഫീസ് ക്രെഡിറ്റ് ചെയ്യുന്നത് എസ്.ബി.ഐ. യിൽ നഗരസഭയുടെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ്. (നം.67293236488) . ഈ അക്കൗണ്ടിൽ മറ്റു തുകകൾ അടക്കം 22.12.2023 തീയ്യതി 5,86,054 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുകയിൽ ഉൾപ്പെട്ടിട്ടുള്ള ബിഡ് സമർപ്പണ ഫീസ് കണക്കാക്കി നഗരസഭയുടെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കേണ്ടതാണ്.

## 1–38 നഗരസഭ പെൻഷൻ ഫണ്ട് അവലോകനം

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2), 8, 10 എന്നിവ പ്രകാരം നഗരസഭയിലെ റഗുലർ ജീവനക്കാരുടെയും, 1996 ലെ കേരളാ മുനിസിപ്പൽ (കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെയും 2022-23 വർഷത്തെ പെൻഷൻ വിഹിതത്തിന്റെ ഒടുക്ക്, പെൻഷൻ വിതരണത്തിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുക അവയുടെ വിനിയോഗം, പെൻഷൻ വിതരണം എന്നിവ പരിശോധിച്ചു.

<u>A)നഗരസഭാ റഗുലർ ജീവനക്കാരുടെ പെൻഷൻഫണ്ട്.</u>

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി സെക്രട്ടറി സർക്കാർ ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ ഒരു സേവിംഗ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിന് നഗരകാര്യ ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നൽകുന്ന തുക ഈ അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. എന്നാൽ നീലേശ്വരം നഗരസഭയിൽ റഗുലർ ജീവനക്കാരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി ഇത്തരത്തിലുള്ള മുനിസിപ്പൽ പെൻഷൻ ഫണ്ട് ഇല്ല. നിലവിൽ നഗരസഭയുടെ തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നീലേശ്വരം ശാഖയിലുള്ള അക്കൗണ്ടിൽ (നം.67182813170) നിന്നാണ് പെൻഷൻ സംബന്ധിച്ച ഇടപാടുകൾ നടത്തുന്നത്. നഗരസഭയിൽ റഗുലർ ജീവനക്കരുടെ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി മുനിസിപ്പൽ പെൻഷൻ ഫണ്ട് ആരംഭിക്കാത്തത് ചട്ടവിരുദ്ധമാണ്. പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിനായി പ്രത്യേക അക്കൗണ്ട് തുടങ്ങേണ്ടതാണ്.

2022-23 സാമ്പത്തിക വർഷം സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് 1,00,000/-രൂപ ലഭിച്ചിട്ടുണ്ട്. തൻവർഷം ചുവടെ പരാമർശിക്കുന്ന 6 പേർ നഗരസഭയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നുണ്ട്.
.

1.ശ്രീ.ശശി.കെ.വി (റിട്ടയേർഡ് സീനിയർ ക്ലാർക്ക്)

2.ശ്രീ.ബാബു.പി.എം. (റിട്ടയേർഡ് സൂപ്രണ്ട്)

3.ബാലകൃഷ്ണൻ.ബി (റിട്ടയേർഡ് സീനിയർ ക്ലാർക്ക്)

4.കെ.വി.പുരുഷോത്തമൻ (റിട്ടയേർഡ് ഹെഡ് ക്ലാർക്ക്/ആർ.ഐ)

5.രാജൻ.ടി.വി (റിട്ടയേർഡ് ജെ.എച്ച്.ഐ-ഗ്രേഡ്-II)

6.മോഹനൻ.പി.പി (റിട്ടയേർഡ് എച്ച്.ഐ-ഗ്രേഡ്-I)

ഇവർക്ക് പെൻഷനും ആനുകൂല്യങ്ങളും നൽകുന്നതിന് തൻവർഷം 38,69,1265/- രൂപ ചെലവഴിച്ചിട്ടുണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം

7(2) പ്രകാരം നഗരസഭയിലെ റഗുലർ ജീവനക്കാരുടെ പ്രതിമാസ മൊത്ത വേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്, കൂടാതെ ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതേ മാസത്തെ ശമ്പള ബില്ലിനോടൊപ്പം പിൻവലിച്ച് 25-ാം തീയതിക്ക് മുൻപായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നിലവിൽ നഗരസഭയിലെ 26 റഗുലർ ജീവനക്കാർ പെൻഷൻ വിഹിതം ഒടുക്കുന്നുണ്ട്. തൻ വർഷം 11,76,989/-രൂപ പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. ജീവനക്കാരിൽ നിന്നും ഈടാക്കുന്ന പെൻഷൻ വിഹിതം ചട്ടം പ്രകാരമുള്ള സമയപരിധിക്കകം സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നുണ്ട്. ഇതു കൂടാതെ 11 ജീവനക്കാർ എൻ.പി.എസ് പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ട്. ഇവരുടെ പ്രതിമാസ ശമ്പളത്തിൽ നിന്നും കോൺട്രിബ്യൂഷൻ തുക കുറവ് ചെയ്ത് നഗരസഭാ വിഹിതവും ചേർത്ത് ഒടുക്കുന്നുണ്ട്.

B)നഗരസഭാ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻഫണ്ട്.

1996 ലെ കേരളാ മുനിസിപ്പൽ (കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണത്തിന് നീലേശ്വരം നഗരസഭ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല. ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരുടെയും അതാത് മാസത്തെ മൊത്തവേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി പിരിച്ച് ഈ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നിലവിൽ ഈ വിഹിതം പിരിക്കുന്നില്ല എന്നാണ് നഗരസഭ അറിയിച്ചത്. ഇത് ചട്ടപ്രകാരം തെറ്റായ നടപടിയാണ്. കണ്ടിൻജന്റ് പെൻഷൻ ഫണ്ടിലേക്ക് വിഹിതം നൽകേണ്ട 7 ജീവനക്കാർ നിലവിൽ നഗരസഭയിൽ ജോലിചെയ്യുന്നുണ്ട്. ഇതു കൂടാതെ ശ്രീ. മെബിൻ. എ.പി, സാനിറ്റേഷൽ വർക്കർ എൻ.പി.എസ് പെൻഷൻ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നു. ഇദ്ദേഹത്തിന് പ്രാൺ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ ആരുംതന്നെ നഗരസഭയിൽ നിന്നും കണ്ടിജന്റ് പെൻഷൻ കൈപ്പറ്റുന്നില്ല. എത്രയും പെട്ടെന്ന് കണ്ടിൻജന്റ് പെൻഷൻ വിതരണത്തിനായി പ്രത്യേക അക്കൗണ്ട് തുടങ്ങി ചട്ട പ്രകാരമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക എല്ലാ മാസവും പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പൂവാലംകൈ വനശാസ്ത അമ്പലം തോട് സൈഡ് പ്രൊട്ടക്ഷൻ പ്രവൃത്തി - DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാതെ MoRD സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ അധിക ചെലവ്.

നിർവ്വഹണോദ്യോഗസ്ഥൻ - മുനിസിപ്പൽ എഞ്ചിനീയർ.

പൂവാലംകൈ വനശാസ്ത അമ്പലം തോട് സൈഡ് കെട്ടൽ എന്ന പ്രവൃത്തിക്ക് MoRD സ്പെസിഫിക്കേഷൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ 47,033/- രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ. 102/23 (പൂവാലംകൈ വനശാസ്ത അമ്പലം തോട് സൈഡ് കെട്ടൽ) |
| അടങ്കൽ | ₹ 3,00,000/- ( ധനകാര്യ കമ്മീഷൻ അവാർഡ്) |
| എസ്റ്റിമേറ്റ് | ₹ 3,00,000/- (EST No: 2022/5583) |
| സാങ്കേതികാനുമതി . | ₹ 3,00,000/- TS No 70931/2021-2022 |

| | |
|---|---|
| | (Order No. LSGD/TS/2021-2022/5583 Dated 27.01.2022, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ, നീലേശ്വരം). |
| എം. ബുക്ക് നം. | 22/22-23 |
| ആകെ അളവ് മൂല്യം | ₹ 2,53,303/- |
| കരാറുകാരൻ | ശ്രീ. ഇ. കൃഷ്ണൻ |
| ക്വാട്ട് ചെയ്ത നിരക്ക് | എസ്റ്റിമേറ്റ് നിരക്കിനേക്കാളും 4% കുറവ്. |
| എഗ്രിമെന്റ് നമ്പർ | 10/22-23 Dated 09.06.2022 |

| കരാറുകാരന് നൽകിയ തുകയുടെ വിവരം | വൗച്ചർ നം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
|---|---|---|---|
| അന്തിമ ബിൽ | 47/22-23 തീ: 07.01.2023 (ധനകാര്യ കമ്മീഷൻ അവാർഡ്) | ₹2,83,699/- | ₹ 2,73,567/- |

പൂവാലംകൈ വനശാസ്ത അമ്പലം തോട് സൈഡ് കെട്ടൽ എന്ന പദ്ധതി 2022-2023 വർഷം നിർവ്വഹണോദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയർ നടപ്പാക്കിയിരുന്നു. ഈ പദ്ധതിക്കായി MoRD (2018) സ്പെസിഫിക്കേഷൻ പ്രകാരം PRICE-1 സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് എസ്റ്റിമേറ്റ് (EST NO: 2022/5583) തയ്യാറാക്കിയത്. എസ്റ്റിമേറ്റിൽ അനുവദിച്ച കോസ്റ്റ് ഇൻഡക്സ് 33.05% ആണ്. പദ്ധതിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ചുവടെ പരാമർശിക്കുന്ന 2 ഇനം പ്രവൃത്തികളാണുണ്ടായിരുന്നത്.

| Item No | Description | Quantity | Rate | Amount |
|---|---|---|---|---|
| 1 | Excavation In Cutting Soil By Manual Means With Lead Up To 50m .<br>Excavation For Road Road Way In Soil Using Manual Means For Carrying Of Cut Earth To Embankment Site With A Lift Up To 1.5 M And Lead Up To 50m As Per Technical Specifications. (Code 3.5.1) | 34.80 Cum | 367.75/ Cum | 12797.70 |
| 2 | Providing And Laying Pitching On Slopes Laid Over Prepared Filter Media As Per Drawings And Technical Specifications. Stone/Boulder (Code 14.5.1) | 95.70 Cum | 2623.4/ Cum | 251059.38 |
| | Amount Reserved For GST | | | 31662.85 |
| | Lump Sum | | | 4480.07 |
| | Total (Rounded) | | | 300000.00 |

ഈ പ്രവൃത്തിയുടെ അളവ് പുസ്തകം (പേജ്-9) പ്രകാരം 2,53,303/- രൂപയുടെ ആകെ അളവ് മൂല്യം കണക്കാക്കിയിട്ടുണ്ട്. ആയതിന്റെ കൂടെ 12% ജി.എസ്.ടി കോമ്പൻസേഷൻ കൂട്ടി നികുതികൾ കുറവ് ചെയ്ത് ചുവടെ വിവരിക്കും പ്രകാരം അന്തിമ ബിൽ തയ്യാറാക്കി 2,73,567/- രൂപ കരാറുകാനായ ശ്രീ ഇ. കൃഷ്ണന് അനുവദിച്ചിട്ടുണ്ട്.

| Item No | Description | Quantity | Rate | Amount |
|---|---|---|---|---|
| 1 | Excavation In Cutting Soil By Manual Means With Lead Up To 50m . | 34.80 Cum | 367.75/ Cum | 12797.70 |

| | | | | |
|---|---|---|---|---|
| | Excavation For Road Road Way In Soil Using Manual Means For Carrying Of Cut Earth To Embankment Site With A Lift Up To 1.5 M And Lead Up To 50m As Per Technical Specifications. (Code 3.5.1) | | | |
| 2 | Providing And Laying Pitching On Slopes Laid Over Prepared Filter Media As Per Drawings And Technical Specifications. Stone/Boulder (Code 14.5.1) | 95.70 Cum | 2623.4/ Cum | 251059.38 |
| | Total | | | 263857.08 |
| | (-) Tender Effect 4% Below | | | 10554.28 |
| | Total (Rounded) | | | 253303.00 |
| | (+) 12% GST | | | 30396.00 |
| | Total | | | 283699.00 |
| | (-) IT @ 1% | | | 2533.00 |
| | (-) KCWWF @ 1% | | | 2533.00 |
| | (-) CGST @ 1% | | | 2533.00 |
| | (-) SGST @ 1% | | | 2533.00 |
| | Net Amount Paid | | | 273567.00 |

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് MoRD (Ministry Of Road Development) സ്പെസിഫിക്കേഷൻ അനുസരിച്ചാണ്. MoRD സ്പെസിഫിക്കേഷൻ റോഡ് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനുള്ളതാണ്. തോടിന്റെ സൈഡ് പ്രൊട്ടക്ഷൻപ്രവൃത്തി MoRD സ്പെസിഫിക്കേഷൻ പ്രകാരമല്ല നടപ്പാക്കേണ്ടത്. റോഡ് പ്രവൃത്തികളുടെ ഭാഗമല്ലാത്ത സൈഡ് പ്രൊട്ടക്ഷൻ, മറ്റ് ഭ്രവികസന പ്രവൃത്തികൾക്ക് CPWD സ്പെസിഫിക്കേഷൻ (DSR-Delhi Schedule Of Rates) പ്രകാരമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടത്. പൂവാലംകൈ വനശാസ്ത അമ്പലം തോട് സൈഡ് കെട്ടൽ എന്ന പദ്ധതി പ്രകാരം തോടിന്റെ ഇരു കരകളും ഭിത്തി കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിയാണ് ചെയ്തത്. പ്രവൃത്തിയുടെ അളവു പുസ്തകം പ്രകാരം തോടിന്റെ വടക്ക് ഭാഗം 58 M നീളത്തിലും തെക്ക് ഭാഗം 77.1 M നീളത്തിലും കല്ലുകൊണ്ട് സംരക്ഷണ ഭിത്തി കെട്ടിയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ തോടിന്റെ സൈഡ് പ്രൊട്ടക്ഷൻ നടത്തുന്നതിനുവേണ്ടി മാത്രമുള്ള പ്രവൃത്തികളാണ് നടപ്പാക്കിയത്, ആയതിനാൽ ഈ പ്രവൃത്തിയ്ക്ക് DSR പ്രകാരമുള്ള സ്പെസിഫിക്കേഷനാണ് ബാധകം.

2022-2023 വർഷത്തിൽ നിർവ്വഹണോദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയർ കണിച്ചിറ തോട് സൈഡ് കെട്ടി സംരക്ഷിക്കൽ എന്ന പ്രവൃത്തി (പ്രൊജക്ട് നം 67/23) നടപ്പാക്കിയിരുന്നു. ഈ പ്രവൃത്തി നടപ്പാക്കിയത് DSR (Delhi Schedule Of Rates) പ്രകാരമാണ്. DSR 2016 With Cost Index 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ കണിച്ചിറ തോട് സൈഡ് കെട്ടി സംരക്ഷിക്കൽ എന്ന പ്രവൃത്തിയിൽ എസ്റ്റിമേറ്റ് (നം. EST NO: 2021/2648) തയ്യാറാക്കിയത്. ഈ പ്രവൃത്തിയിലെ ഐറ്റം 1 ആയി നടപ്പാക്കിയ ഫൗണ്ടേഷനായി മണ്ണ് കിളച്ചുമാറ്റുന്ന പ്രവൃത്തിക്ക് DSR -ലെ കോഡ് 2.6.1-ന്റ (Earth Work In Excavation By Mechanical Means (Hydraulic Excavator)/Manual Means Over Areas (Exceeding 30 Cm In Depth, 1.5 M In Width As Well As 10 Sqm On Plan) Including Disposal Of Excavated Earth Lead Up To 50 M And Lift Up To 1.5 M, Disposed Earth To Be Levelled And Neatly Dressed, All Kinds Of Soil) നിരക്കാണ് അനുവദിച്ചത്. അതുപോലെ, ഈ പ്രവൃത്തിയിലെ ഐറ്റം 3 ആയി നടപ്പാക്കിയ കല്ല് കെട്ടുന്ന പ്രവൃത്തിയുടെ (Providing And Laying Pitching On Slopes Laid Over Prepared Filter Media As Per Drawings And Technical Specifications. Stone/Boulder) നിരക്ക് DSR-ൽ ലഭ്യമല്ലാത്തതിനാൽ Observed Data (കോഡ് OD 1052758/20202021) തയ്യാറാക്കിയാണ് നിരക്ക് കണക്കാക്കിയത്. DSR 2016 With Cost Index 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ കണിച്ചിറ തോട് സൈഡ് കെട്ടി സംരക്ഷിക്കൽ എന്ന പ്രവൃത്തിയിൽ

ഐറ്റം 1 (കോഡ് 2.6.1)-ന്റെ നിരക്ക് ₹ 166.30/$M^3$ എന്നതാണ്, ഐറ്റം 3 (കോഡ് OD 1052758/20202021)-ന്റെ നിരക്ക് ₹ 1883.01/$M^3$ എന്നതുമാണ്. ആയതിനാൽ പൂവാലംകൈ വനശാസ്ത അമ്പലം തോട് സൈഡ് കെട്ടൽ എന്ന പ്രവൃത്തിയിൽ ഐറ്റം 1 ആയി നടപ്പാക്കിയ ഫൗണ്ടേഷനായി മണ്ണ് കിളച്ചുമാറ്റുന്ന പ്രവൃത്തിക്ക് DSR 2018 With Cost Index 33.05% -ലെ കോഡ് 2.6.1-ന്റെ നിരക്കായ ₹ 210.02/$M^3$ ആണ് അനുവദനീയം. ഡാറ്റ ചുവടെ ചേർക്കുന്നു.

**2.6.1**

Earth Work In Excavation By Mechanical Means (Hydraulic Excavator)/Manual Means Over Areas (Exceeding 30 Cm In Depth, 1.5 M In Width As Well As 10 Sqm On Plan) Including Getting Out And Disposal Of Excavated Earth Lead Upto 50 M And Lift Upto 1.5 M, As Directed By Engineer-In-Charge.

| Code | Description | Unit | Quantity | Rate ₹ | Amount ₹ |
|---|---|---|---|---|---|
| | Details Of Cost For 10 Cum. Average Output Of Hydraulic Excavator Per Hour = 30cum. | | | | |
| 0020 | Hydraulic Excavator (3D) With Driver And Fuel. | Day | 0.041 | 7000.00 | 287.00 |
| 0018 | Hire And Running Charges Of Loader. | Day | 0.041 | 5000.00 | 205.00 |
| 0128 | Mate | Day | 0.32 | 617.00 | 197.44 |
| 0115 | Coole | Day | 1.2 | 558.00 | 669.60 |
| | TOTAL | | | | 1359.04 |
| | Add 1 % Water Charges | | | | 13.59 |
| | TOTAL | | | | 1372.63 |
| | Add 15% CPOH | | | | 205.89 |
| | TOTAL | | | | 1578.52 |
| | Cost Of 1 Cum | | | | 157.85 |
| | Add 33.05 % Cost Index | | | | 52.17 |
| | Total With Cost Index | | | | 210.02 |
| | Say For 1 Cum. | | | | 210.02 |

അതുപോലെ, പൂവാലംകൈ വനശാസ്ത അമ്പലം തോട് സൈഡ് കെട്ടൽ എന്ന പ്രവൃത്തിയിൽ ഐറ്റം 2 ആയി നടപ്പാക്കിയ നടപ്പാക്കിയ കല്ല് കെട്ടുന്ന പ്രവൃത്തിക്ക് DSR 2018 With Cost Index 33.05% അടിസ്ഥാനമാക്കി തയ്യാറാക്കുന്ന Observed Data പ്രകാരം 2223.67/$M^3$ ആണ് അനുവദനീയം. ഡാറ്റ ചുവടെ ചേർക്കുന്നു.

**OD**

Providing And Laying Pitching On Slopes Laid Over Prepared Filter Media As Per Drawings And Technical Specifications. Stone/Boulder (Modified Data From 14.5.1)

| Code | Description | Unit | Quantity | Rate ₹ | Amount ₹ |
|---|---|---|---|---|---|
| M-001 | Stone/Boulder (25 Kg Minimum) | Cum | 1.00 | 712.79 | 712.79 |

| | | | | | |
|---|---|---|---|---|---|
| L-12 | Mate | Day | 0.04 | 617.00 | 24.68 |
| L-12 | Mate | Day | 0.04 | 617.00 | 24.68 |
| L-11 | Mason (1st Class) | Day | 0.35 | 738.00 | 258.30 |
| L-29 | Mazdoor (Unskilled) | Day | 0.75 | 558.00 | 418.50 |
| | TOTAL Cost Of 1 Cum | | | | 1438.95 |
| | Add Water Charge @ 1% | | | | 14.38 |
| | Total | | | | 1453.33 |
| | Add CP &OH @ 15% | | | | 218.00 |
| | Total | | | | 1671.33 |
| | Add 33.05 % Cost Index | | | | 552.34 |
| | Total With Cost Index | | | | 2223.67 |
| | Say For 1 Cum. | | | | 2223.67 |

മേൽ വിശദീകരിച്ച പ്രകാരം, പൂവാലംകൈ വനശാസ്ത അമ്പലം തോട് സൈഡ് കെട്ടൽ എന്ന പ്രവൃത്തിയ്ക്ക് യഥാർത്ഥത്തിൽ അനുവദിക്കേണ്ട തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| Item No | Description | Quantity | Rate | Amount |
|---|---|---|---|---|
| 1 | Excavation In Cutting Soil By Manual Means With Lead Up To 50m .<br><br>Excavation For Road Road Way In Soil Using Manual Means For Carrying Of Cut Earth To Embankment Site With A Lift Up To 1.5 M And Lead Up To 50m As Per Technical Specifications. (Code 3.5.1) | 34.80 Cum | 210.02/ Cum | 7308.69 |
| 2 | Providing And Laying Pitching On Slopes Laid Over Prepared Filter Media As Per Drawings And Technical Specifications. Stone/Boulder (Code 14.5.1) | 95.70 Cum | 2223.67/ Cum | 212805.22 |
| | Total | | | 220113.91 |
| | (-) Tender Effect 4% Below | | | 8804.55 |
| | Total (Rounded) | | | 211309.00 |
| | (+) 12% GST | | | 25357.00 |
| | Total | | | 236666.00 |
| | പ്രവൃത്തിയ്ക്കായി ചെലവഴിക്കേണ്ട തുക | | | 236666.00 |
| | പ്രവൃത്തിയ്ക്കായി ചെലവഴിച്ച തുക | | | 283699.00 |
| | അധികം ചെലവഴിച്ച തുക | | | 47033.00 |

പ്രവൃത്തിയ്ക്കായി അധികം ചെലവഴിച്ച 47,033/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ആയത് പരിശോധിച്ച് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായ് ഈടാക്കേണ്ടതാണ്.

(മേൽ പ്രവൃത്തികൾക്കായി ₹ 47,033/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം. 35തീ: 27.01.2021 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല).

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന്റെ ഭാഗമായി കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 18/01/2024 മുതൽ 20/01/2024 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിൽ അനുബന്ധം1ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ എജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നം / ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| KSEB | 25/23 നിലാവ് പദ്ധതി മീറ്ററിംഗ് സമ്പ്രദായം സ്ഥാപിക്കൽ | ബിൽ.നം 22200347000-401025227/ തി. 10.01.2023 | 171299 | - | 171299 |

### 4-4 മൊബലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

### 4-5 വായ്പ /വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ 3400000/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC PMAY-LIFE | GO(MS)No. 68/2018 Dtd.18.5.2018 | 8,74,00000 (Upto 31.3.2023) | 69920000 | 5826668 | 0 | 64093332 |

### 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 50,25,000/- |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ചത് | ഇല്ല |
| ആകെ | 50,25,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന തുക | 50,25,000 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപത്തിന്റെ വിവരം. (31-03-2023)**

| ക്രമ നം | സ്ഥാപനത്തിന്റെപേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | എ.കെ.ജി ഹോസ്പിറ്റലിന്റെ 5 ഷെയറുകൾ (5000x5) | ലഭ്യമല്ല | ലഭ്യമല്ല | 25,000/- | - |
| 2 | സർട്ടിഫിക്കറ്റ്നം-69/26.12.2016 (ക്ലീൻ കേരള കമ്പനി) | 26.12.2016 | ലഭ്യമല്ല | 50,00,000/- | - |
| ആകെ | | | | 50,25,000/- | - |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുക ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 83 | 2003-04 | 3-14-3-1 | നീലേശ്വരം കോട്ടപ്പുറം കടഞ്ഞിമൂല നടപ്പാലം റിപ്പയർ അധിക നിരക്ക് അനുവദിച്ചത് | നഷ്ട തുക നാളിതുവരെ ഈടാക്കിയിട്ടില്ല . ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റി (2021-23)- പരിഗണനയിൽ. 02.9.2021 ന് സമിതി സിറ്റിംഗ് നടത്തി . |
| ഖരമാലിന്യ പരിപാലനം പ്രവർത്തന അവലോകനം 2012-13 | - | 2012-13 | 3.1.5.6 പട്ടിക പേജ് 51 | മാലിന്യ ശേഖരണ സംവിധാനമില്ല | സമിതി നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന റിപ്പോർട്ട് 27.4.2017 ന് സമർപ്പിച്ചിട്ടുണ്ട് . തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു (സമിതി പരിഗണനയിൽ- |

| | | | | | |
|---|---|---|---|---|---|
| | | | | | LFAC(2014-16) 65മത് റിപ്പോർട്ട് ) |
| -ടി- | - | 2012-13 | 3.1.5.10 പട്ടിക പേജ് 57 | മാലിന്യ പ്ലാന്റ് പ്രവർത്തിക്കുന്നില്ല | സമിതി നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന റിപ്പോർട്ട് 27.4.2017 ന് സമർപ്പിച്ചിട്ടുണ്ട് . തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു (സമിതി പരിഗണനയിൽ LFAC(2014-16) 65 മത് റിപ്പോർട്ട് ) |
| -ടി- | - | 2012-13 | 3.1.5.11 പട്ടിക പേജ് 62 | മാലിന്യ പ്ലാന്റിന് അനുവദിച്ച തുക കെട്ടിക്കിടക്കുന്നു | സമിതി നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന റിപ്പോർട്ട് 27.4.2017 ന് സമർപ്പിച്ചിട്ടുണ്ട് . തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു (സമിതി പരിഗണനയിൽ LFAC(2014-16) 65 മത് റിപ്പോർട്ട് ) |
| -ടി- | - | 2012-13 | 3.1.5.13 പട്ടിക പേജ് 69 | വകയിരുത്തിയ തുക പൂർണ്ണമായി വിനിയോഗിക്കുന്നില്ല | സമിതി നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന റിപ്പോർട്ട് 27.4.2017 ന് സമർപ്പിച്ചിട്ടുണ്ട് .തുടർ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു (സമിതി പരിഗണനയിൽ LFAC (2014-16) 65 മത് റിപ്പോർട്ട് ) |
| തദ്ദേശ സ്ഥാപനങ്ങളിലെ ഈ ഗവേൺൻസ് സംവിധാനം - അവലോകന | - | 2017-18 | 2-1 (പേജ് 307to 320 & 467 To | സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള കമ്പ്യൂട്ടറുകൾ ഇല്ല | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. മറുപടി ലഭ്യമാക്കിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| റിപ്പോർട്ട് 2017-18 | | | 482) | | |

**4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം**

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക

ഇല്ല.

ബി) സർചാർജ്ജ് നടപടി മുഖേന ഈടാക്കിയ /ഈടാക്കുവാനുള്ള തുകയുടെ വിവരം

ഇല്ല.

**4-10 ഓഡിറ്റ് പ്രത്യവലോകനം**

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 192140116 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 172123184 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 47,033/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 77,68,163/- |

**(ബി).** നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 47,033/- | ₹23,517/-<br>ശ്രീ. രജീഷ് കുമാർ സി, അസിസ്റ്റന്റ് എഞ്ചിനിയർ LID &EW |
| | | | ₹23,516/-<br>ശ്രീ. വാമനൻ പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ LID &EW |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖ.നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 320000 | ശ്രീ.ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| 1-21 | 80853 | ശ്രീ.മനോജ് കുമാർ.കെ, സെക്രട്ടറി |
| 1-22 | 50500 | ശ്രീ.ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| | 153500 | ശ്രീ.മനോജ് കുമാർ.കെ, സെക്രട്ടറി |
| 1-23 | 90000 | ശ്രീ.മനോജ് കുമാർ.കെ, സെക്രട്ടറി |
| 1-24 | 171299 | ശ്രീ.മനോജ് കുമാർ.കെ, സെക്രട്ടറി |
| 1-25 | 187500 | ശ്രീ.മനോജ് കുമാർ.കെ, സെക്രട്ടറി |
| 1-26 | 2300000 | ശ്രീമതി.നിഷ.ബി, പ്രിൻസിപ്പാൾ, ഗവ.ഹയർസെക്കന്ററി സ്കൂൾ |
| 1-27 | 64600 | ശ്രീമതി.നിഷ.ബി, പ്രിൻസിപ്പാൾ, ഗവ.ഹയർസെക്കന്ററി സ്കൂൾ |
| 1-28 | 74160 | ശ്രീ. സതീഷ് കുമാർ.പി.വി, പട്ടികജാതി വികസന ഓഫീസർ |
| 1-30 | 822119 | ശ്രീ.അജിത്.ടി, ഹെൽത്ത് സൂപ്പർവൈസർ |
| 1-31 | 859680 | ശ്രീമതി.സ്മിത.പി.പി, JHI (ഹെൽത്ത് സൂപ്പർവൈസർ ഇൻചാർജ്ജ്) |

| | | |
|---|---|---|
| | 1720000 | ശ്രീ.അജിത്.ടി, ഹെൽത്ത് സൂപ്പർവൈസർ |
| 1-32 | 395340 | ശ്രീ.മോഹനൻ.പി.വി, ഹെൽത്ത് സൂപ്പർവൈസർ |
| 1-33 | 378612 | ശ്രീ.മോഹനൻ.പി.വി, ഹെൽത്ത് സൂപ്പർവൈസർ |
| 1-34 | 100000 | ശ്രീ.അജിത്.ടി, ഹെൽത്ത് സൂപ്പർവൈസർ |
| ആകെ | 77,68,163/- | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

**(ഇ)** ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. രജീഷ് കുമാർ സി, അസിസ്റ്റന്റ് എഞ്ചിനീയർ LID &EW | . | |
| ശ്രീ വാമനൻ പി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ LID &EW | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.ഐ.ഡി & ഇ.ഡബ്ല്യൂ ഡിവിഷൻ, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത്. | അരയിൽ, ചൂരൽ, മാത്തിൽ (പി.ഒ), പയ്യന്നൂർ (വഴി), കണ്ണൂർ |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സാമ്പത്തിക വർഷം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1 | 1987-88 & 1988-89 | 9 { 7 മുതൽ 10 വരെ, 12, 14 മുതൽ 17 വരെ } |
| 2 | 1989-90 & 1990-91 | 4 { 7, 15, 16, 17 } |
| 3 | 1991-92 | 5 { 8, 9, 15, 16,17 } |
| 4 | 1992-93, 93-94, 94-95, 95-96 | 6 { 11 മുതൽ 16 വരെ } |
| 5 | 1996-97 | 12 { 26, 29 മുതൽ 39 വരെ } |
| 6 | 1997-98 | 18 { 27, 29 മുതൽ 34 വരെ, 36 മുതൽ 44 വരെ, 46, 47 } |
| 7 | 1998-99 | 24 { 27 മുതൽ 43 വരെ, 45 മുതൽ 51 വരെ } |
| 8 | 1999-2000 | 63 { 17, 18, 25 മുതൽ 31 വരെ, 34 മുതൽ 87 വരെ } |
| 9 | 2000-01 (Final) | 17 { 2(1), 2(4), 2(5), 3(1) മുതൽ 3(14) വരെ } |
| 10 | 2000-01 (Plan) | 10 { 2(1) മുതൽ 2(10) വരെ } |
| 11 | 2001-02 (Plan) | 5 { 2(1) മുതൽ 2(5) വരെ } |
| 12 | 2001-02 (Final) | 14 { 2(1), 2(2), 3(1) മുതൽ 3(12) വരെ } |
| 13 | 2002-03 | 18 { 2(1) മുതൽ 2(4) വരെ, 3(1) മുതൽ 3(14) വരെ } |
| 14 | 2003-04 | 15 { 2(1), 2(2), 3(1), 3(2), 3(3), 3(5) മുതൽ 3(14) വരെ } |
| 15 | 2004-05 | 25 { 2(1) മുതൽ 2(5) വരെ, 3(1) മുതൽ 3(20) വരെ } |

| | | |
|---|---|---|
| 16 | 2005-06 | 15 { 2(1) മുതൽ 2(3) വരെ, 3(1) മുതൽ 3(12) വരെ } |
| 17 | 2006-07 | 21 { 2(1) മുതൽ 2(3) വരെ, 3(1), 3(2), 3(5) മുതൽ 3(20) വരെ } |
| 18 | 2007-08 | 21 { 2(1) മുതൽ 2(5) വരെ, 3(1) മുതൽ 3(16) വരെ } |
| 19 | 2008-09 | 23 { 2(1) മുതൽ 2(9) വരെ, 3(1) മുതൽ 3(14) വരെ } |
| 20 | 2009-10 | 20 { 2(1), 2(2), 2(3), 2(4), 2(5), 2(6), 2(7), 2(8), 3(1), 3(2), 3(3), 3(5), 3(6), 3(7), 3(8), 3(9), 3(10), 3(11), 3(12), 3(13) } |
| 21 | 2010-11 | 31 { 2(1), 2(3) മുതൽ 2(6) വരെ, 2(8) മുതൽ 2(13) വരെ, 3(1) മുതൽ 3(5) വരെ, 3(6)(2), 3(7) മുതൽ 3(12) വരെ, 3(14) മുതൽ 3(21) വരെ } |
| 22 | 2011-12 & 2012-13 | 26 { 2(4), 2(5), 2(6), 3(1) മുതൽ 3(10) വരെ, 3(12) മുതൽ 3(24) വരെ } |
| 23 | 2013-14 & 2014-15 | 26 { 2-1 മുതൽ 2-12 വരെ, 3-1, 3-3, 3-4, 3-5, 3-6, 3-7, 3-9, 3-12, 3-13, 3-16, 3-17, 3-19, 3-21, 3-22 } |
| 24 | 2015-16 | 20 { 2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-10വരെ, 3-12 മുതൽ 3-17 വരെ } |
| 25 | 2016-17 | 24 { 1-5, 1-6, 1-11, 2-1 മുതൽ 2-6വരെ, 2-9, 2-11 മുതൽ 2-14വരെ, 3-4മുതൽ 3-6വരെ, 3-8, 3-10മുതൽ 3-14വരെ, 3-17 } |
| 26 | 2017-18 | 28 { 1-3, 1-11, 2-1, 2-2, 2-4,2-5,2-6, 2-9, 2-10, 3-1മുതൽ 3-7വരെ, 3-10മുതൽ 3-13വരെ, 3-15, 3-16, 3-21, 3-23 മുതൽ 3-27വരെ } |
| 27 | 2018-19 | 24 { 1-11, 1-12, 1-14 മുതൽ 1-23വരെ, 1-25മുതൽ 1-34വരെ, 3-1, 3-2 } |
| 28 | 2019-20 | 24<br>(1-2, 1-11, 1-12, 1-13, 1-14, 1-17, 1-21, 1-23, 1-24, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-33, 1-34, 1-35, 1-37, 1-39, 1-40, 1-42, 1-43, 1-47 ) |
| 29 | 2020-21 | 39 { 1-2-1 മുതൽ 1-2-12 വരെ , 1-10 മുതൽ 1-36 വരെ } |
| 30 | 2021-22 | 34 ( 1-2-2, 1-2-3, 1-2-4, 1-2-5, 1-2-6, 1-2-7, 1-2-8, 1-2-9, 1-10, 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18-1, 1-18-2, 1-19, 1-20, 1-21, 1-23, 1-25, 1-26, 1-28, 1-29, 1-30, 1-31, 1-32, 1-34, 1-35, 1-36, 1-39, 3-1 ) |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1/1 dated 11-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Nileswaram Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Nileswaram Municipality for the year 2022-2023

**Date: 29/02/2024**

**Senior Deputy Director**
**District Office Kasaragod**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Nileswaram Municipality for the Year 2022-2023 .

**1.Major Observations**

Valuation of assets has not been done. The asset register has not been updated. There is no uptodate asset data base in the Muncipality. Hence the accuracy of the assets reflected in the Balance Sheet could not be commented upon.

**2.Other Observations**

1) Notes on accounts including significant accounting policies, contingent liabilities, financing reports and other disclosures etc., are not prepared and included with the financial statements.

2) The details of the amount as per check deposited in the bank but not credited are not available.

3) Depreciation for the following items are not recorded in the financial year 2022-23

a) 411320100 - Accumulated Depreciation-Waterways

b) 411400100 - Accumulated Depreciation-Plant & Machinery

c) 411500100 - Accumulated Depreciation-Vehicles

d) 411600100 - Accumulated Depreciation-Office & Other Equipment

e) 411700100 - Accumulated Depreciation-Furniture, Fixtures, Fittings & Electrical

f) 411800100 - Accumulated Depreciation-Other Fixed Assets

4) The details of the amount that remains for years in miscellaneous advance, Rs.21,82,995/- is not available.

5) Details of outstanding amounts over the years in liability head as shown as in B-9 schedule are not available

6) An unsettled amount remains under the head other government agencies for years

7) Finance Commission award fund balance does not match with account balance.
8) Details of own fund arrear amounts to be collected are not available.

9) Contigent employees pension fund balance amount in B- 2 schedule does not match with account balance

SENIOR DEPUTY DIRECTOR
DISTRICT OFFICE KASARAGOD
KERALA STATE AUDIT DEPARTMENT

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം – 3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Nileswaram Municipality INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 16944996.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 13321.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 16013.00 |
| 140000000 | Fee & User Charges | I-4(b) | 3328664.00 |
| 150000000 | Sale & Hire Charges | I-5(b) | 2323773.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 195112412.00 |
| 171000000 | Interest Earned | I-8 | 822081.00 |
| 180000000 | Other Income | I-9 | 30.00 |
| | **Total Income** | | **218561290.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10(b) | 32035628.00 |
| 220000000 | Administrative Expenses | I-11(b) | 13761645.00 |
| 230000000 | Operations & Maintenance | I-12(b) | 5223730.00 |
| 240000000 | Interest & Finance Charges | I-13 | 237027.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 109533133.00 |
| 251000000 | Decentralised Plan Programme-Service Sector | I-14 | 29136423.00 |

| | | | |
|---|---|---|---|
| 252000000 | Decentralised Plan Programme-Infrastructure Sector | I-14 | 24228093.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14 | 1456337.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 121895.00 |
| | **Total Expenditure** | | **215733911.00** |
| | **Gross Surplus / Deficit of income over Expenditure** | | **2827379.00** |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | 783425.00 |
| | **Net difference (Prior period Income - Prior period Expenditure)** | | **2043954.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

SENIOR DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
DISTRICT AUDIT OFFICE, KASARAGOD

## അനുബന്ധം - 4

## റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Nileswaram Municipality RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 76306805.49 |
| Cash | Cash | RP-40(a) | 391012.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2898090.00 |

| | | | |
|---|---|---|---|
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 13321.00 |
| 130000000 | Rental income from Panchayat Properties | RP-3 | 16013.00 |
| 140000000 | Fees & User Charges | RP-4 | 2160987.00 |
| 150000000 | Sale & Hire Charges | RP-5 | 2323773.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-6 | 89595298.00 |
| 171000000 | Interest Earned | RP-8 | 822081.00 |
| 180000000 | Other Income | RP-9 | 30.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 25462833.00 |
| | **Non Operating** | | |
| 311000000 | Earmarked Funds | RP-22 | 2970070.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 56732263.00 |
| 340000000 | Deposits Received | RP-27 | 1719905.00 |
| 350000000 | Other Liabilities | RP-29 | 6999532.00 |
| 410000000 | Fixed Assets | RP-31 | 14534.00 |
| 460000000 | Loans, Advances and Deposits | RP-41 | 411386.00 |
| | **Grand total** | | **268837933.49** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-10 | 11006737.00 |
| 220000000 | Administrative Expenses | RP-11 | 5040545.00 |
| 230000000 | Operations & Maintenance | RP-12 | 3946465.00 |
| 240000000 | Interest & Finance Charges | RP-13 | 237027.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-14 | 30240463.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | RP-16 | 1000000.00 |
| 251000000 | Decentralised Plan Programme- Service Sector | RP-45 | 27437003.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-46 | 21122360.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-47 | 2598991.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-15 | 121895.00 |
| 350000000 | Other Liabilities | RP-29 | 11979841.00 |
| 431000000 | Sundry Debtors (Receivables) | RP-37 | 273699.00 |
| | **Non Operating** | | |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-19 | 783425.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-24 | 2101.00 |
| 340000000 | Deposits Received | RP-27 | 140992.00 |
| 350000000 | Other Liabilities | RP-29 | 38196367.00 |
| 410000000 | Fixed Assets | RP-31 | 10382997.00 |
| 412000000 | Capital work in Progress | RP-33 | 6853015.00 |
| 460000000 | Loans, Advances and Deposits | RP-41 | 759261.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 96547915.49 |
| Cash | Cash | RP-40(b) | 166834.00 |
| | **Grand Total** | | **268837933.49** |

SENIOR DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
DISTRICT AUDIT OFFICE, KASARAGOD

## അനുബന്ധം - 5

## ബാലൻസ് ഷീറ്റ്

| |
|---|
| **Nileswaram Municipality BALANCE SHEET** |
| For the period from 01-April-2022 to 31-March-2023 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 112715439.30 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 2937649.00 |
| 312000000 | Reserves | B-3 | 225368682.00 |
| | **Total Reserve & Surplus** | | **341021770.30** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 63814328.00 |
| | **Total Grants, Contributions for Specific Purposes** | | **63814328.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 64093332.00 |
| | **Total Loans** | | **64093332.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 4334414.50 |
| 350000000 | Other Liabilities | B-9 | 11051850.48 |
| | **Total Current Liabilities and Provisions** | | **15386264.98** |
| | **TOTAL LIABILITIES** | | **484315695.28** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 284654110.00 |
| 411000000 | Accumulated Depreciation | B-11 | -36271785.00 |

| | | | |
|---|---|---|---|
| 412000000 | Capital Work in Progress | B-11 | 38649547.00 |
| | **Total Fixed Assets** | | **287031872.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 5025000.00 |
| | **Total Investments** | | **5025000.00** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 23546075.79 |
| 440000000 | Pre-paid Expenses | B-16 | 64093332.00 |
| 450000000 | Cash and Bank Balance | B-17 | 96714749.49 |
| 460000000 | Loans, Advances and Deposits | B-18 | 7904666.00 |
| | **Total Current Assets, Loans and Advances** | | **192258823.28** |
| | **Other Assets** | | |
| | **Miscellaneous Expenditure (To the Extent not written off)** | | |
| | **TOTAL ASSETS** | | **484315695.28** |

SENIOR DEPUTY DIRECTOR
KERALA STATE AUDIT DEPARTMENT
DISTRICT AUDIT OFFICE, KASARAGOD